32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 29, 2024 | Vol. XXXII No. 48 | Periodicals Postage Paid







ഫൊക്കാന മിഡ്‌വെസ്റ്റ് റീജിയൻ പ്രവർത്തനോദ്ഘാടനം ചിക്കാഗോയിൽ ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി നിർവഹിച്ചപ്പോൾ. മുഖ്യാതിഥി സ്റ്റേറ്റ് റെപ്. കെവിൻ ഓലിക്കൽ, സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ആർവിപി സന്തോഷ് നായർ, സതീശൻ നായർ, തോമസ് തോമസ് പാലാത്ര, ജെയ്ബു കുളങ്ങര, ഫ്രാൻസിസ് കിഴക്കേക്കുറ്റ് തുടങ്ങിയവർ സമീപം. ഫോട്ടോ: മോനു വർഗീസ്

Visit Our Website: www.keralaexpress.com

KUNNATHA INJURY LAWYERS

Free Consultation/Case Evaluation | ATLANTA : 404 633 4200 | CHICAGO: 312 757 4700

EXPERIENCE PERSONAL ATTENTION RESULTS


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

## THIRD ANNIVERSARY IN HEAVEN

29TH NOVEMBER, 2024



# RONY JACOB

## CHAMAKALAYIL (ATTUKARAN)

NEW JERSEY

Inserted by:
Sorrowing Family

32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 മാർ ജോർജ് കൂവക്കാട്ട് അഭിഷിക്തനായി
8 ലോകനേതാക്കളുമായി മോദി കൂടിക്കാഴ്ച നടത്തി
12 മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയല്ല
15 ഡോ. എം.കെ. ലൂക്ക – ഒരു ഓർമ്മക്കുറിപ്പ്
19 ഹോളിഡേ പാർട്ടി ഡിസംബർ 8–ന്

### ഉപതെരഞ്ഞെടുപ്പ്: പാലക്കാട് യുഡിഎഫിന്, ചേലക്കരയിൽ എൽഡിഎഫ്

# വയനാട്ടിൽ പ്രിയങ്കയ്ക്ക് റിക്കാർഡ് ഭൂരിപക്ഷം



തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പു വിജയത്തോടെ കേരള രാഷ്ട്രീയത്തിൽ കൈവരിച്ച മേധാവിത്വം, ഉപതെരഞ്ഞെടുപ്പിൽ വയനാടും പാലക്കാടും ഭൂരിപക്ഷം കൂട്ടി യുഡിഎഫ് നിലനിർത്തി. മൂന്ന് പതിറ്റാണ്ടോളമായി കൈവശമുള്ള ചേലക്കര കഴിഞ്ഞ നിയമസഭാ വിജയത്തിന്റെ മൂന്നിലൊന്നു ഭൂരിപക്ഷത്തിലാണെങ്കിലും നിലനിർത്താനായതുവഴി ഭരണവിരുദ്ധ വികാരമില്ലെന്ന് അവകാശപ്പെടാനാണ് എൽഡിഎഫ് ശ്രമം. പാലക്കാട്ടു വൻ വോട്ടു ചോർച്ചയ്ക്ക് ഉത്തരം കണ്ടെത്തേണ്ട നിലയിലാണു ബിജെപി.

വയനാട് ലോക്സഭാ മണ്ഡലം ഉപതെരഞ്ഞെടുപ്പിൽ ഉജ്വലവിജയം നേടി യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി. 2024 പൊതുതെരഞ്ഞെടുപ്പിൽ സഹോദരൻ രാഹുൽ ഗാന്ധി നേടിയ 3,64,422 വോട്ട് ഭൂരിപക്ഷം പ്രിയങ്ക മറികടന്നു. 4,10,931 വോട്ടിന്റെ ഭൂരിപക്ഷമാണു പ്രിയങ്ക നേടിയത്. ഉപതെരഞ്ഞെടുപ്പിൽ 9,52,543 വോട്ടാണ് (64.72 ശതമാനം) പോൾ ചെയ്തത്. ഇതിൽ 64.99 ശതമാനം (6,22,338 വോട്ട്) പ്രിയങ്കയ്ക്കു ലഭിച്ചു. 2024 പൊതുതെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്രകടനം പുറത്തെടുക്കാൻ എൽഡിഎഫിനും എൻഡിഎയ്ക്കും കഴിഞ്ഞില്ല. എൽഡിഎഫ് സ്ഥാനാർത്ഥി സിപിഐയിലെ സത്യൻ മൊകേരിക്ക് 2,11,407 (22.08 ശതമാനം) വോട്ടാണ് ലഭിച്ചത്. 1,09,939 വോട്ടാണ് (11.48 ശതമാനം) എൻഡിഎ സ്ഥാനാർത്ഥി ബിജെപിയിലെ നവ്യ ഹരിദാസിനു നേടാനായത്. പ്രിയങ്ക ഗാന്ധിയുടെ ഉജ്വലവിജയത്തിനു സഹായകമായത് പ്രചാരണം നേരത്തേ തുടങ്ങിയതും ചിട്ടയായി നടത്തിയതുമാണ്. പൊതുതെരഞ്ഞെടുപ്പിൽ രണ്ടുമണ്ഡലങ്ങളിൽ വിജയിച്ച രാഹുൽ ഗാന്ധി റായ്ബറേലി നിലനിർത്താൻ തീരുമാനിച്ചപ്പോൾത്തന്നെ എഐസിസി പ്രഖ്യാപിച്ചതാണ് ഉപതെരഞ്ഞെടുപ്പിൽ പ്രിയങ്ക ഗാന്ധിയുടെ സ്ഥാനാർത്ഥിത്വം.



രാഹുൽ മാങ്കൂട്ടത്തിൽ (കോൺഗ്രസ്)



യു.ആർ. പ്രദീപ് (സിപിഎം)

(ശേഷം 28–ാം പേജിൽ)

## പാർലമെന്റ് പ്രക്ഷുബ്ധം; ഭരണഘടനാ ദിവസത്തിൽ രാഹുലിന് ക്ഷണമില്ല

ന്യൂഡൽഹി: ഗൗതം അദാനിക്കെതിരായ കൈക്കൂലി ഇടപാട് വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം ബഹളം വെച്ചതിനെത്തുടർന്ന് പാർലമെന്റിലെ ഇരുസഭകളും പിരിഞ്ഞു. ഭരണഘടനാ ദിവസമായി 26–ന് പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിലാണ് പ്രത്യേക സമ്മേളനം. ചടങ്ങിൽ പ്രസംഗകരുടെ പട്ടികയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പേര് ഇല്ലാത്തതും പ്രതിപക്ഷ വിമർശനത്തിനു കാരണമായിട്ടുണ്ട്. ജന്മദിനം ആഘോഷിക്കുന്ന സഭാംഗങ്ങൾക്ക് ആശംസകൾ നേർന്നും അന്തരിച്ച സഭാംഗങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുമാണ് ഇരുസഭകളും ആരംഭിച്ചത്. എന്നാൽ, ആദരാഞ്ജലി അർപ്പിച്ചതിനു തൊട്ടു പിന്നാലെ ലോക്സഭയിലെ അംഗങ്ങൾ അദാനിവിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

(ശേഷം 28–ാം പേജിൽ)

# ഝാർഖണ്ഡിൽ ഇന്ത്യാസഖ്യത്തിന് വൻഭൂരിപക്ഷം, മഹാരാഷ്ട്രയിൽ എൻഡിഎ ആധിപത്യം

ന്യൂഡൽഹി: ഭരണവിരുദ്ധവികാരത്തെ മറികടന്ന് സർക്കാരിന്റെ ക്ഷേമപദ്ധതികൾ നേട്ടമുണ്ടാക്കിയപ്പോൾ ഝാർഖണ്ഡിൽ ഇന്ത്യാസഖ്യത്തിന് വൻ കുതിപ്പ്. 81–ൽ 56 സീറ്റും സഖ്യം നേടി. കഴിഞ്ഞതവണ നേടിയ 47–ൽ നിന്ന് ഒൻപത് സീറ്റ് അധികം. എൻഡിഎ 24 സീറ്റിലൊതുങ്ങി. കഴിഞ്ഞതവണ 25 സീറ്റ് നേടിയിരുന്ന ബിജെപിക്ക് ഇക്കുറി 21 മാത്രം.



ഹേമന്ദ് സോറൻ ഗാന്ദെ മണ്ഡലത്തിൽനിന്ന് വിജയിച്ച ഭാര്യ കല്പനാ സോറനെ അനുമോദിക്കുന്നു.

ബംഗ്ലാദേശിൽനിന്നുള്ള നുഴഞ്ഞുകയറ്റക്കാരെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുവെന്നും ആദിവാസികൾ ഭൂരഹിതരാകുമെന്നുമുള്ള ബിജെപി പ്രചാരണത്തിനു കനത്ത തിരിച്ചടിയേറ്റു. ആദിവാസി മേഖലകൾ ഇന്ത്യാസഖ്യത്തിലെ മുഖ്യകക്ഷിയായ ഝാർഖണ്ഡ് മുക്തിമോർച്ചയെ (ജെഎംഎം) കൈവിടാതിരിക്കുകയും ഒബിസി, മുസ്‌ലിം വോട്ടർമാർ കോൺഗ്രസിനൊപ്പം നിൽക്കുകയും ചെയ്തതാണ് ഇന്ത്യാസഖ്യത്തിനു തുണയായത്.

'മയ്യ യോജന' പ്രകാരം വനിതകൾക്കുള്ള പ്രതിമാസ പെൻഷൻ 2500 രൂപയാക്കാനുള്ള സർക്കാർ തീരുമാനം സ്ത്രീകൾക്കിടയിൽ മതിപ്പുണ്ടാക്കി. ഹേമന്ത് സോറന്റെ ഭാര്യ കൽപന താരപ്രചാരകയായി രംഗത്തിറങ്ങിയതും ഗുണംചെയ്തു. അഴിമതിക്കേസിൽ പ്രതിയായുള്ള ജയിൽവാസം ഉൾപ്പെടെയുള്ള രാഷ്ട്രീയ വേട്ടയാടലിനു കണക്കു തീർക്കുന്ന ജനവിധിയാണു മുഖ്യമന്ത്രി ഹേമന്ത് സോറൻ നേടിയത്. ഹേമന്ത് സോറൻ, ഭാര്യ കൽപന, ബിജെപി സംസ്ഥാന അധ്യക്ഷൻ ബാബുലാൽ മറാൻഡി, ജെഎംഎം വിട്ട് ബിജെപിയിൽ ചേർന്ന മുൻ മുഖ്യമന്ത്രി ചംപയ് സോറൻ എന്നിവർ ജയിച്ചു. ഹേമന്ത് സോറന്റെ സഹോദരന്റെ ഭാര്യയും ബിജെപി സ്ഥാനാർത്ഥിയുമായ സീത സോറൻ തോറ്റു.




വിജയം ആഘോഷിക്കുന്ന ദേവേന്ദ്ര ഫഡ്നവിസും ഏക്നാഥ് ഷിന്ദേയും.

മഹാരാഷ്ട്രയിൽ ഇന്ത്യാസഖ്യത്തെ കടപുഴക്കി എൻഡിഎ കൊടുങ്കാറ്റ്. ബിജെപിയും ശിവസേന ഷിൻഡെ പക്ഷവും

(ശേഷം 28–ാം പേജിൽ)

# മാർ ജോർജ് കൂവക്കാട്ട് അഭിഷിക്തനായി

ചങ്ങനാശേരി: മാർ ജോർജ് കൂവക്കാട്ട് മെത്രാനായി അഭിഷിക്തനായി. ചങ്ങനാശേരി സെ. മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ഭക്തിനിർഭരവും അനുഗൃഹീതവുമായി ധന്യനിമിഷത്തിൽ വിദേശത്തുനിന്നും ഇന്ത്യയിൽ നിന്നുമുള്ള മെത്രാന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സാന്നിദ്ധ്യത്തിലായിരുന്നു നിയുക്ത കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട് മെത്രാനായി അഭിഷിക്തനായത്. നിസിബസ് കൽദായ അതിരൂപതയുടെ സ്ഥാനിക മെത്രാപ്പോലീത്തയായാണ് മാർ കൂവക്കാട്ടിന്റെ നിയമനം.

സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മെത്രാഭിഷേക ചടങ്ങിൽ മുഖ്യകാർമ്മികനായി. വത്തിക്കാൻ സെക്രട്ടേറിയറ്റ് സ്റ്റേറ്റ് പ്രതിനിധി ആർച്ച്ബിഷപ് ഡോ. എഡ്ഗാർ പേഞ്ഞ പാർറ, ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്കാബാവ വചനസന്ദേശം നല്കി.

നവംബർ 24ന് ഉച്ചകഴിഞ്ഞ് രണ്ടിന് നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ടും മറ്റ് മെത്രാപ്പോലീത്തമാരും മെത്രാന്മാരും വൈദികരും പാരിഷ്ഹാളിൽ നിന്നും തിരുവസ്ത്രങ്ങളണിഞ്ഞ് കൊച്ചുപള്ളിയിൽ എത്തി പ്രാർത്ഥിച്ച് പന്തലിലൂടെ പ്രദക്ഷിണമായി പ്രധാനകവാടത്തിലൂടെ പള്ളിയിൽ പ്രവേശിച്ചു. ആർച്ച്ബിഷപ് മാർ തോമസ് തറയിൽ സ്വാഗതമാശംസിച്ചു. മദ്ബഹയ്ക്കു സമീപം പ്രത്യേക പീഠത്തിൽ സ്ഥാപിച്ചിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പിൽ നിയുക്ത കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട് വന്ദനം അർപ്പിച്ചതോടെയാണ് ശുശ്രൂഷകൾക്ക് തുടക്കമായത്. ചടങ്ങുകൾക്കു ശേഷം മാർ ജോർജ് കൂവക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഇന്ത്യയുടെ അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി മുഖ്യസന്ദേശം നല്കി.

മാർ ജോർജ് കൂവക്കാട്ടിനൊപ്പം കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട ലിത്വാനിയ സ്വദേശി ആർച്ച്ബിഷപ് റോളാന്തസ് മാക്രിക്കസ് ഉൾപ്പെടെ വിദേശത്തുനിന്നും ഭാരതത്തിൽ നിന്നുമായി മുപ്പതോളം മെത്രാന്മാരും നൂറുകണക്കിന് വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളും ചടങ്ങിന് സാക്ഷികളായി. മാർ കൂവക്കാട്ടിന്റെ മാതാപിതാക്കളായ ജേക്കബ്ബും ലീലാമ്മയും വല്യമ്മ ശോശാമ്മയും മറ്റു കുടുംബാംഗങ്ങളും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.



ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന മെത്രാഭിഷേകച്ചടങ്ങിനുശേഷം മാർ ജോർജ് കൂവക്കാട്ട് നിയുക്ത കർദിനാൾ ആർച്ച്ബിഷപ് റോളാന്തസ് മാക്രിക്കസ്, ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ തുടങ്ങിയവരോടൊപ്പം.

## യുപിയിലെ ഷാഹി ജുമാ മസ്ജിദ് സർവേയ്ക്കിടെ സംഘർഷം: നാലു മരണം

ലക്നൗ: ഉത്തർപ്രദേശിലെ സംഭാലിൽ നവംബർ 24-ന് മുസ്‌ലിം പള്ളിയിൽ നടത്തിയ സർവേയെച്ചൊല്ലിയുണ്ടായ അക്രമത്തിൽ നാലു പേർ കൊല്ലപ്പെട്ടു. 22 പേർക്കു പരുക്കേറ്റു. പോലീസുകാർക്കും പരുക്കുപറ്റി. തലയ്ക്ക് പരുക്കേറ്റ ഒരു കോൺസ്റ്റബിൾ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

കോടതി ഉത്തരവിനെത്തുടർന്ന് ഷാഹി ജുമാ മസ്ജിദിലെത്തിയ അഭിഭാഷക കമ്മീഷനും പോലീസിനുംനേരെ ഒരുകൂട്ടമാളുകൾ കല്ലെറിഞ്ഞതിനെത്തുടർന്നാണു സംഘർഷമുണ്ടായത്. നിരവധി വാഹനങ്ങൾ പ്രതിഷേധക്കാർ തീയിട്ടു നശിപ്പിച്ചു. തുടർന്ന് പോലീസ് ലാത്തിചാർജ് നടത്തുകയും കണ്ണീർ വാതകം പ്രയോഗിക്കുകയും ചെയ്തു. സ്ഥലത്ത് സംഘർഷാവസ്ഥ തുടരുകയാണ്. കലാപത്തിൽ രണ്ടു സ്ത്രീകളുൾപ്പെടെ 24 പേരെ കസ്റ്റഡിയിലെടുത്തു. കോടതി ഉത്തരവ് നടപ്പാക്കുന്നതു തടഞ്ഞാൽ കർശന നടപടിയെടുക്കുമെന്ന് ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യ മുന്നറിയിപ്പ് നൽകി.

ഉച്ചയോടെ സർവേ നടപടികൾ അഭിഭാഷക കമ്മീഷൻ പൂർത്തിയാക്കി. മുഗൾ ഭരണകാലത്ത് ക്ഷേത്രം തകർത്താണ് ഷാഹി ജുമാ മസ്ജിദ് സ്ഥാപിച്ചത് എന്നവകാശപ്പെട്ട് ഒരു അഭിഭാഷകൻ നൽകിയ ഹർജിയിലാണ് സംഭാൽ ജില്ലാ കോടതി സർവേ നടത്താൻ ഉത്തരവിട്ടത്. സംഭവത്തെത്തുടർന്ന്, ഇന്റർനെറ്റ് സേവനങ്ങൾ താത്കാലികമായി നിർത്തിവെക്കുകയും സ്കൂളുകൾ അടയ്ക്കുകയും ചെയ്തു.

## വളപട്ടണത്ത് വീട് കുത്തിത്തുറന്ന് വൻ മോഷണം

കണ്ണൂർ: വളപട്ടണം മന്നയിൽ അരി മൊത്തവ്യാപാരിയുടെ പൂട്ടിയിട്ട വീട്ടിൽ വൻകവർച്ച. 300 പവനിലധികം വരുന്ന സ്വർണ-വജ്രാഭരണങ്ങളും ഒരു കോടി രൂപയും മോഷണം പോയി. നേരിയരി മൊത്ത വ്യാപാര സ്ഥാപനമായ അഷറഫ് ട്രേഡേഴ്സ് ഉടമ കെ.പി. അഷറഫിന്റെ മന്ന-വളപട്ടണം മെയിൻ റോഡിനോടു ചേർന്ന വീട്ടിലാണ് കവർച്ച നടന്നത്. വീടിന്റെ പിന്നിലെ കിടപ്പുമുറിയുടെ ജനലിന്റെ ഗ്രിൽ അടർത്തിയെടുത്താണ് മോഷ്ടാക്കൾ വീടിനകത്ത് കടന്നത്. കിടപ്പുമുറിയിലെ ലോക്കറിൽ സൂക്ഷിച്ച സ്വർണാഭരണങ്ങളും പണവുമാണ് മോഷണം പോയത്. ഏകദേശം മൂന്നുകോടിയോളം രൂപയുടെ നഷ്ടം കണക്കാക്കുന്നതായി പോലീസ് പറഞ്ഞു. 20-ന് രാത്രി എട്ടിനും 21-ന് പുലർച്ചെ നാലിനുമിടയിലാണ് മോഷണം. കഴിഞ്ഞ 19-ന് രാവിലെ അഷറഫും കുടുംബവും വീടുപൂട്ടി മധുരയിലുള്ള സുഹൃത്തിന്റെ വീട്ടിൽ കല്യാണത്തിന് പോയതായിരുന്നു. 24-ന് രാത്രി 9.15-ഓടെ വീട്ടിൽ തിരിച്ചെത്തി നോക്കിയപ്പോഴാണ് മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടത്.

സെന്റർഹാളിന് സമീപത്തെ ലോക്കറും മറ്റും സൂക്ഷിച്ച കിടപ്പുമുറിയുടെ വാതിൽ കുത്തിപ്പൊളിച്ച നിലയിലായിരുന്നു. അകത്തുകയറി നോക്കിയപ്പോഴാണ് ലോക്കർ തുറന്ന് കിടക്കുന്നതായും സാധനങ്ങൾ വലിച്ചുവാരി താഴെയിട്ടതായും കണ്ടത്. എല്ലാ മുറിയിലെയും അലമാരയിലെ സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലായിരുന്നു. ഉടൻ വളപട്ടണം പോലീസിൽ വിവരമറിയിക്കുകയും സിഐ ടി.പി. സുമേഷിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം എത്തി പരിശോധന നടത്തുകയും ചെയ്തു. ലോക്കറിന്റെ താക്കോൽ മോഷ്ടാക്കൾ കൈക്കലാക്കിയാണ് മോഷണം നടത്തിയത്. അഷറഫിന്റെ ഉമ്മയുടെയും ഭാര്യയുടെയും സഹോദരിയുടെയും മാതൃസഹോദരിയുടെയും മറ്റും സ്വർണാഭരണങ്ങളാണ് മോഷണംപോയത്.

## മാധ്യമങ്ങൾ ഭരണഘടനാമൂല്യം അനുസരിച്ചു പ്രവർത്തിക്കണം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

തൃശൂർ: എല്ലാ മനുഷ്യരും വാർത്ത സൃഷ്ടിക്കാൻ സാധ്യതയുള്ള കാലത്ത് യഥാർത്ഥ മാധ്യമങ്ങൾ ഭരണഘടനയുടെ മൂല്യങ്ങൾക്ക് അധിഷ്ഠിതമായി പ്രവർത്തിക്കണമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. സീനിയർ ജേർണലിസ്റ്റ് ഫോറം കേരളയുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മാധ്യമശക്തിയെപ്പറ്റി നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാധ്യമശക്തി എന്നത് ജനങ്ങളുടെ ശക്തിയാണ്. സാധാരണജനങ്ങൾ എന്നത് തെറ്റായ പ്രയോഗമാണ്. എല്ലാ ജനങ്ങളും രാഷ്ട്രനിർമാണത്തിലെ പങ്കാളികളാണ്. ശബ്ദമില്ലാത്തവരുടെ ശബ്ദമാവുകയെന്നതാണ് മാധ്യമങ്ങളുടെ ധർമം: അദ്ദേഹം പറഞ്ഞു. അടിസ്ഥാന മൂല്യങ്ങൾ മാധ്യമങ്ങൾ മറക്കുന്നത് വിശ്വാസം നഷ്ടപ്പെടുത്താനിടയാക്കുമെന്നു ഡോ. കെ.എസ്. രാധാകൃഷ്ണൻ പറഞ്ഞു.

വർക്കിങ് ചെയർമാൻ അലക്സാണ്ടർ സാം പതാക ഉയർത്തി. രാജാജി മാത്യു തോമസ്, ജോയ് എം. മണ്ണൂർ, എൻ.പി ചെക്കുട്ടി, എം.വി. വിനീത, എം. സരിത വർമ, ജോർജ് പൊടിപ്പാറ, ഒ. വി. മുഹമ്മദാലി, എൻ. ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.

## ഫയലുകൾ കാണാതാകുന്നത് ക്രിമിനൽക്കുറ്റം

തിരുവനന്തപുരം: സർക്കാർ ഓഫീസുകളിൽ ഫയൽ കാണാതാവുന്നത് ക്രിമിനൽ കുറ്റമാണെന്ന് വിവരാവകാശ കമ്മീഷൻ. പൊതുരേഖാ നിയമമനുസരിച്ച് അഞ്ചു വർഷം വരെ തടവും പതിനായിരം രൂപ മുതൽ പിഴയും ലഭിക്കാവുന്ന കുറ്റമാണിതെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഡോ.എ. അബ്ദുൾഹക്കീം പറഞ്ഞു. മണിയൂർ ഗ്രാമപഞ്ചായത്തിലെ ഫയൽ കാണാതായതുമായി ബന്ധപ്പെട്ടാണ് കമ്മീഷന്റെ മുന്നറിയിപ്പ്. ഈ ഫയൽ 14 ദിവസത്തിനകം കണ്ടെത്തണമെന്നും ഉത്തരവിട്ടു. കമ്മീഷനു മുന്നിൽ ഹാജരാകാത്ത ആറ് ഉദ്യോഗസ്ഥർക്ക് സമൻസ് അയയ്ക്കാനും തീരുമാനിച്ചു. വയനാട് ജില്ലാ പട്ടികവർഗ വികസന ഓഫീസിലെയും കോഴിക്കോട് ജില്ലാ നോർത്ത് സോൺ വിജിലൻസിലെയും രണ്ടു പേർക്കും എരവന്നൂർ എ.യു.പി സ്കൂൾ പ്രധാനാദ്ധ്യാപകൻ, പാലക്കാട് ഷോളയൂർ പോലീസ് എസ്എച്ച്ഒ എന്നിവർക്കുമാണ് സമൻസയച്ചത്. വിചാരണയ്ക്ക് ഉദ്യോഗസ്ഥർ നേരിട്ടെത്തണമെന്നും പകരക്കാർ പോരെന്നും കമ്മീഷൻ വ്യക്തമാക്കി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 48
November 29, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

നമ്മുടെ കുറവുകളെ മനസിലാക്കുകയെന്നതാണ് ഏറ്റവും വലിയ പുരോഗതി.

**ഗാന്ധിജി**

ഒന്നും ചെയ്യാത്തവന് ഒരു പരാജയവുമില്ല.

**വാട്ട്ലി**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com



DUBAI PROPERTY ALERT!

# WHY INVEST IN DUBAI REAL ESTATE?









NOVA CAPITAL REAL ESTATE

Contact
NG Jerome - Mob: +91 944 62 11 630
Email: foreignpress44@gmail.com

## FACTORS WHY TO INVEST IN DUBAI PROPERTY MARKET

by Nova Capital Real Estate

- High ROI: Dubai offers some of the highest rental yields in the world, with an average of 6-8% ROI, making it a hotspot for investors.
- Tax-Free Income: No property tax or capital gains tax, allowing investors to maximize returns.
- Global Hub: Dubai's strategic location, connecting East and West, makes it a global business and tourism hub.
- Innovative Projects: Cutting-edge infrastructure, iconic developments, and luxury lifestyle options ensure long-term value appreciation.
- Investor-Friendly Policies: Visa options for property buyers and secure legal frameworks make the market attractive to international investors.
- Expo 2020 Legacy: Continued economic growth and development spurred by Expo 2020's lasting impact on tourism, infrastructure, and innovation.





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

## Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തോടുള്ള കേന്ദ്ര അവഗണന ദൗർഭാഗ്യകരം

എക്കാലവും ഒരു രാഷ്ട്രീയപ്രശ്നമായി കേരളത്തിൽ ഉയർന്നു കേൾക്കാറുള്ള വിഷയമാണ് കേന്ദ്രാവഗണന. കേന്ദ്രത്തിലും സംസ്ഥാനത്തും ഭരിക്കുന്ന പാർട്ടികളുടെ രാഷ്ട്രീയതാത്പര്യങ്ങളും ഏറ്റുമുട്ടലുമാണ് പലപ്പോഴും ഈ തർക്കങ്ങളുടെ കാതൽ. എന്നാൽ, കേവലമൊരു രാഷ്ട്രീയ തർക്കത്തിനപ്പുറം ഭരണപരമായ പ്രതിസന്ധിയായി അതുമാറാൻ തുടങ്ങിയതായി സമീപകാല സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കാപെക്സ് വായ്പയിലെ അനിശ്ചിതത്വം. വയനാട് ദുരന്ത പുനരധിവാസത്തിന് പ്രത്യേക സഹായധനം അനുവദിക്കാൻ കേന്ദ്രം വൈമുഖ്യം പ്രകടിപ്പിച്ചതിനു പിന്നാലെയാണ് വായ്പയിലുമുള്ള നിഷേധാത്മക സമീപനം.

വയനാട് ദുരന്തത്തിനു പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദി വയനാട് സന്ദർശിച്ച് നിരവധി വാഗ്ദാനങ്ങൾ നൽകിയിരുന്നു. എന്നാൽ, പ്രധാനമന്ത്രിയും കേന്ദ്രവും വയനാടിനെ സഹായിക്കാൻ തയാറായില്ലെന്നുമാത്രമല്ല ശത്രുതാ മനോഭാവത്തോടെയാണു പെരുമാറുന്നതെന്ന രാഷ്ട്രീയ എതിരാളികളുടെ ആരോപണം ശരിവെക്കുന്ന രീതിയിലാണു കാര്യങ്ങളുടെ പോക്ക്.

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ കഴിയില്ലെന്നു കേന്ദ്രം വ്യക്തമാക്കിക്കഴിഞ്ഞു. സഹായം തേടിയും ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടും കേരളം കേന്ദ്രത്തിനു കത്തു നൽകിയിരുന്നു. കേരളത്തിന്റെ അക്കൗണ്ടന്റ് ജനറൽ കേരളത്തിന്റെ കൈയിൽ ദുരന്ത നിവാരണ ഫണ്ടിന്റെ നീക്കിയിരിപ്പായി 394.99 കോടി രൂപ ഉണ്ടെന്നു കേന്ദ്രത്തെ അറിയിച്ചതായും അതിനാൽ കേരളത്തിന്റെ പക്കൽ ആവശ്യത്തിനു ഫണ്ട് ഉണ്ടെന്നുമാണ് മറുപടിയായി കേന്ദ്രം വ്യക്തമാക്കിയത്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേക്കു രണ്ടു തവണയായി കേന്ദ്രം നൽകിയത് 338 കോടി രൂപയാണ്. ഈ തുക ഉപയോഗിച്ച് വയനാട്ടിലെ ദുരന്ത നിവാരണത്തിനു പണം ഒരു പ്രശ്നമാകില്ലെന്നു പറഞ്ഞ പ്രധാനമന്ത്രി അധികാരത്തിൽ തുടരുമ്പോഴാണ് ഈയൊരു ഇരട്ടത്താപ്പ്. പ്രത്യേക സഹായമായി 1500 കോടി രൂപയോളം കേരളം ആവശ്യപ്പെട്ടിരുന്നു. ഈയൊരു തുക അനുവദിക്കാൻ തയാറായില്ല എന്നുമാത്രമല്ല ദുരന്ത നിവാരണ ഫണ്ടിലുള്ള തുക ഉപയോഗിച്ച് ദുരിതാശ്വാസം നടത്തണമെന്ന നിർദേശം മുന്നോട്ടുവെച്ചതിലൂടെ പ്രധാനമന്ത്രിയുടെ വാക്കിലുള്ള വിശ്വാസമാണ് നഷ്ടമായത്. ദുരന്തത്തിന്റെ ആഴം പ്രധാനമന്ത്രി നേരിട്ടുകണ്ട സംഭവത്തിലും കേന്ദ്രം ഉത്തരവാദിത്വം കാണിക്കാത്തതു യഥാർത്ഥത്തിൽ ജനങ്ങളോടുള്ള ചതിയാണ്.

അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പദ്ധതികൾക്കുള്ള മൂലധനച്ചെലവിലേക്ക് കേന്ദ്രം സംസ്ഥാനങ്ങൾക്ക് അനുവദിക്കാറുള്ള ദീർഘകാല വായ്പയാണ് കാപെക്സ്. പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്രത്തിനു സമർപ്പിച്ചാൽ നാമമാത്ര പലിശയിൽ കേന്ദ്രം വായ്പ നൽകുന്നതാണ് പതിവ്. ഇങ്ങനെ ലഭിക്കുന്ന തുക അമ്പതു വർഷത്തിനുള്ളിൽ തിരിച്ചടച്ചാൽ മതി. ഈ വർഷം മൂവായിരം കോടി രൂപ ഈയിനത്തിൽ കിട്ടുമെന്നാണ് സംസ്ഥാന ധനവകുപ്പിന്റെ കണക്കുകൂട്ടൽ. വിവിധ പദ്ധതികൾക്കായി ഇതിനകം 1700 കോടി രൂപയുടെ കണക്കും ധനവിനിയോഗ റിപ്പോർട്ടുകളുമൊക്കെ സമർപ്പിച്ചെങ്കിലും കേന്ദ്രം ഇതുവരെ മിണ്ടിയിട്ടില്ല.

ആദ്യം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏർപ്പെടുത്തിയ ബ്രാൻഡിങ് വ്യവസ്ഥ കാപെക്സ് വായ്പയിലും വേണമെന്നാണ് ഇപ്പോൾ കേന്ദ്രത്തിന്റെ നിർബന്ധം. തുടക്കത്തിൽ എതിർത്തെങ്കിലും കേന്ദ്രം പണം തടഞ്ഞുവെച്ചതോടെ കേരളം മനസ്സുമാറ്റി. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവും പണം ചെലവഴിക്കുന്നുവെന്ന വാദം സമ്മതിച്ചാണ് വിട്ടുവീഴ്ച. അങ്ങനെ, ജനകീയ ആരോഗ്യകേന്ദ്രങ്ങൾ 'ആയുഷ്മാൻ ആരോഗ്യമന്ദിരാ'യി. പ്രധാനമന്ത്രിയുടെ പേരും ചിത്രവും ആലേഖനം ചെയ്യുന്ന 'പി.എം. ശ്രീ സ്കൂളും തർക്കത്തിനൊടുവിൽ അംഗീകരിച്ചു. പക്ഷേ, പൂർണമായി തിരിച്ചടക്കേണ്ട വായ്പയിൽ കേന്ദ്ര ബ്രാൻഡിങ് എന്തിനാണെന്ന് കേരളം ചോദിക്കുന്നു. അതിലൊരു യുക്തിയുമുണ്ട്. എന്നാൽ, വായ്പ പ്രതിസന്ധിയിലാകാതിരിക്കാൻ അതിലും ബ്രാൻഡിങ്ങിന് സമ്മതമറിയിച്ചു. എന്നിട്ടും വായ്പയിൽ ചില്ലിക്കാശു ലഭിച്ചിട്ടില്ല.

രാഷ്ട്രീയം കലർന്നുള്ള തർക്കങ്ങൾ വികസനപദ്ധതികൾ വഴിമുട്ടുന്നതിലേക്ക് മാറുന്നതായി വ്യക്തമാക്കുന്നതാണ് ഇപ്പോഴത്തെ സംഭവവികാസങ്ങൾ. വികസനപദ്ധതികളുടെ ഗുണഭോക്താക്കളായ ജനങ്ങൾ ബലിയാടാകുന്നതാണ് ആത്യന്തികഫലം. ഇന്നാട്ടിലെ പൗരന്മാർ നൽകുന്ന നികുതിപ്പണമാണ് പദ്ധതികളായും വിഹിതമായും വായ്പയായുമൊക്കെ ആവിഷ്കരിക്കപ്പെടുന്നതെന്ന് ഭരണാധികാരികൾ വിസ്മരിക്കുമ്പോൾ ഉടലെടുക്കുന്നതാണ് ഇത്തരം തർക്കങ്ങൾ. ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള കേന്ദ്ര-സംസ്ഥാന സഹകരണ ഫെഡറലിസം നോക്കുകുത്തിയാകുന്നത് ജനാധിപത്യത്തിന് ഭൂഷണവുമല്ല.

# തെരഞ്ഞെടുപ്പ് ഫലങ്ങൾ ഒറ്റനോട്ടത്തിൽ

മഹാരാഷ്ട്രയിൽ മഹായുതി എന്ന എൻഡിഎ മുന്നണി നേടിയ ഏകപക്ഷീയ വിജയം കോൺഗ്രസ് നേതൃത്വത്തിലുള്ള മഹാവികാസ് അഘാഡി സഖ്യത്തിനു നൽകുന്നത് കനത്ത തോൽവിയിൽ തെളിയുന്ന വലിയപാഠമാണ്. അതിനിടയിലും ഇന്ത്യാസഖ്യത്തിനു നിവർന്നുനിൽക്കാനുള്ള ബലം ജാർഖണ്ഡ് സമ്മാനിക്കുകയും ചെയ്തു. കേരളത്തിലെ ഉപതെരഞ്ഞെടുപ്പുകളിലാകട്ടെ എൽഡിഎഫിനും യുഡിഎഫിനും ബിജെപിക്കുമുള്ള കൃത്യമായ പാഠങ്ങളുമുണ്ട്; തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കു മുൻപുള്ള നിർണായക രാഷ്ട്രീയ ബലപരീക്ഷകളാണ് പാലക്കാട്ടും ചേലക്കരയിലും നടന്നതെന്നതിനാൽ, വിശേഷിച്ചും.

വിവാദങ്ങളേറെ കളത്തിലിറങ്ങിക്കളിച്ചിട്ടും പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിൽ റെക്കോർഡ് ഭൂരിപക്ഷത്തോടെ നേടിയ വിജയം കോൺഗ്രസിനും യുഡിഎഫിനും നൽകുന്ന ആത്മവിശ്വാസവും ആത്മവീര്യവും വലുതാണ്. ചേലക്കരയിൽ യു.ആർ. പ്രദീപ് നേടിയ വിജയം കേരളത്തിലെ ഭരണവിരുദ്ധ വികാരമില്ലെന്നതിന്റെ തെളിവാണെന്ന് എൽഡിഎഫ് അവകാശപ്പെടുമ്പോൾ അവിടെ ഭൂരിപക്ഷം മൂന്നിലൊന്നായി കുറഞ്ഞതിനു മറിച്ചൊരർത്ഥമാണുള്ളതെന്ന് യുഡിഎഫ് എടുത്തുകാട്ടുന്നു. വയനാട്ടിൽ പ്രിയങ്ക ഗാന്ധി നാലു ലക്ഷത്തിലേറെ വോട്ടുകൾ നേടി കൈവരിച്ച വൻവിജയമാകട്ടെ, എതിർസ്ഥാനാർത്ഥികളെ നിഷ്പ്രഭമാക്കുന്നതായി.

നിയമസഭാ സീറ്റുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനത്തുള്ള മഹാരാഷ്ട്രയിൽ ആറുമാസം മുൻപു ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടിയുടെ പാഠങ്ങൾ ഉൾക്കൊണ്ടു നടത്തിയ ഗൃഹപാഠം ബിജെപിക്കും എൻഡിഎയ്ക്കും ഗുണം ചെയ്തെന്നാണ് ഇപ്പോഴത്തെ ഫലം തെളിയിക്കുന്നത്. അതിനൊത്തു പിടിച്ചുനിൽക്കാനുള്ള തന്ത്രങ്ങളുടെ അഭാവവും ദുർബലമായ സംഘടനാസംവിധാനവും കോൺഗ്രസും ശിവസേനയും (ഉദ്ധവ് താക്കറെ) എൻസിപിയും (ശരദ് പവാർ) തമ്മിലുള്ള ഏകോപനക്കുറവും മഹാവികാസ് അഘാഡിയുടെ പരാജയകാരണങ്ങളാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ 48-ൽ 30 സീറ്റുകളിലും വിജയിച്ച സഖ്യം അന്നു നൂറ്റിയൻപതിലേറെ നിയമസഭാ സീറ്റുകളിൽ ലീഡ് നേടിയിരുന്നു. അതിന്റെ മൂന്നിലൊന്നു സീറ്റുകളിലേക്ക് ഒതുങ്ങേണ്ടിവന്നത് മഹാവികാസ് അഘാഡിക്ക് ഏറെ പാഠങ്ങൾ നൽകുന്നുണ്ട്. ഉദ്ധവ് താക്കറെയുടെ ശിവസേനാ പക്ഷത്തിന്റെയും ശരദ് പവാറിന്റെ എൻസിപി പക്ഷത്തിന്റെയും ഭാവികൂടി ചോദ്യചിഹ്നമാക്കുന്ന ഫലമാണിത്.

സ്ഥിരവരുമാനമില്ലാത്ത സ്ത്രീകൾക്കു പ്രതിമാസം 1500 രൂപ നൽകുന്ന 'ലാഡ്കി ബഹിൻ' പോലെ മഹായുതി സർക്കാർ കൊണ്ടുവന്ന പദ്ധതികൾക്കു ബദലായി തങ്ങൾ വാഗ്ദാനം ചെയ്ത പദ്ധതികൾ വോട്ടർമാരിലെത്തിയില്ലെന്നതു മഹാവികാസ് അഘാഡി ഗൗരവത്തിലെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തു കോൺഗ്രസിന്റെ പ്രമുഖ നേതാക്കളെല്ലാം മത്സരിക്കാനിറങ്ങിയതും പ്രചാരണത്തിലെ ഏകോപനമില്ലായ്മയ്ക്ക് ആക്കം കൂട്ടി. ഝാർഖണ്ഡിൽ ഇന്ത്യാസഖ്യം ഭരണം നിലനിർത്തിയതിന്റെ ക്രെഡിറ്റ് മുഖ്യഘടകകക്ഷിയായ ഝാർഖണ്ഡ് മുക്തി മോർച്ചയ്ക്കു (ജെഎംഎം) തന്നെയാണ്.

കേരളത്തിൽ സമീപകാല ഉപതെരഞ്ഞെടുപ്പുകളിലെല്ലാം മുൻ തെരഞ്ഞെടുപ്പിനെക്കാൾ ഭൂരിപക്ഷം ഉയർത്തിവന്ന കോൺഗ്രസ് പാലക്കാട് നിയമസഭാ മണ്ഡലത്തിലും വയനാട് ലോക്സഭാ മണ്ഡലത്തിലും അതു യാഥാർത്ഥ്യമാക്കിയത് എടുത്തുപറയണം. ചേലക്കരയിലാകട്ടെ മുൻതെരഞ്ഞെടുപ്പിൽ സിപിഎം നേടിയ ഭൂരിപക്ഷം ഇത്തവണ മൂന്നിലൊന്നായി കുറയുകയും ചെയ്തു. ഗ്രൂപ്പുകളികൾ ഇല്ലാതെ, മികച്ച സ്ഥാനാർത്ഥിയെ കണ്ടെത്തി, കൈകോർത്തു മുന്നോട്ടുനീങ്ങിയാൽ വിജയം സുഗമമെന്ന ലളിതമായ രാഷ്ട്രീയപാഠം പാലക്കാട്ടെ വിജയം കോൺഗ്രസിനു നൽകുന്നു.

ഷാഫി പറമ്പിലിനും വി.ഡി. സതീശനുമെതിരെ ആരോപണങ്ങളുമായി രംഗത്തിറങ്ങിയ ഡോ. പി. സരിനെ സ്ഥാനാർത്ഥിയാക്കിയതിലൂടെ യുഡിഎഫിനെ ഞെട്ടിക്കാനാണ് സിപിഎം ലക്ഷ്യമിട്ടതെങ്കിലും അത് ഏശാതെ പോയി. പാതിരാ റെയ്ഡ് നാടകം, നീല ട്രോളി ബാഗ്, ഇ.പി. ജയരാജന്റെ ആത്മകഥ, ഇരട്ടവോട്ട്- വ്യാജവോട്ട് ആരോപണം, സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശം... ഓരോ ദിവസവും പുതിയ വിവാദവിഷയങ്ങൾ ചർച്ചയിലേക്കു വന്നെങ്കിലും അതെല്ലാം രാഹുലിന്റെ ഭൂരിപക്ഷം കൂട്ടാനാണ് ഉപകരിച്ചതെന്നുവേണം കരുതാൻ. ഇ. ശ്രീധരൻ 2021-ൽ നടത്തിയ വലിയ മുന്നേറ്റം ഇക്കുറി വിജയമാക്കാമെന്ന പ്രതീക്ഷയിലാണ് സി. കൃഷ്ണകുമാറിനെ ബിജെപി മത്സരത്തിനിറക്കിയതെങ്കിലും ശ്രീധരൻ നേടിയ വോട്ടുകളിൽ വലിയൊരു വിഹിതം അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിനാണെന്നു വ്യക്തമായി.

കേരളത്തിലെ ഉപതെരഞ്ഞെടുപ്പുകളിൽ സിറ്റിങ് സീറ്റുകൾ അതതു മുന്നണികൾ നിലനിർത്തുകയാണു ചെയ്തതെങ്കിൽ, മറ്റു സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പുകളിൽ ഭരണകക്ഷി മേൽക്കൈ നേടുന്ന കാഴ്ചയാണു കണ്ടത്.

മികച്ച ഭരണമോ വികസന കാഴ്ചപ്പാടോ മുന്നോട്ടുവെക്കാതെ, ഒരു പാർട്ടിയുടെ പേരോ ചിഹ്നമോ മാത്രം കൊണ്ടു ജയിക്കാമെന്നതു വ്യാമോഹമാണെന്ന് ഇത്തവണത്തെ തെരഞ്ഞെടുപ്പുകളും ജനാധിപത്യഭാരതത്തെ ഓർമിപ്പിക്കുന്നു.

# വോട്ടുവിഹിതത്തിൽ രാഹുലിനെ പിന്തള്ളി പ്രിയങ്ക

തിരുവനന്തപുരം: വയനാട്ടിലെ വോട്ട് വിഹിതത്തിൽ രാഹുൽ ഗാന്ധിയെ പിന്തള്ളി സഹോദരി പ്രിയങ്ക. ഭൂരിപക്ഷത്തിൽ റിക്കാർഡ് സഹോദരൻ രാഹുലിന് സ്വന്തമെങ്കിൽ വോട്ടുവിഹിതത്തിൽ വയനാട്ടിൽ കന്നി മത്സരം കുറിച്ച പ്രിയങ്ക ഗാന്ധിയാണ് മുന്നിൽ. ആകെ പോൾ ചെയ്ത വോട്ടിന്റെ 65.33 ശതമാനവും സ്വന്തം പെട്ടിയിലാക്കിയാണ് പ്രിയങ്കയുടെ വയനാട്ടിലെ മിന്നും ജയം. കഴിഞ്ഞ രണ്ടു മത്സരങ്ങളിലും രാഹുൽ ഗാന്ധി നേടിയ വോട്ട് വിഹിതത്തിലും ഉയർന്നതാണ് ഉപതെരഞ്ഞെടുപ്പിൽ പ്രിയങ്ക ഗാന്ധിക്കു വയനാട് മണ്ഡലം സമ്മാനിച്ചത്. ഗാന്ധി കുടുംബാംഗം എന്നനിലയിൽ 2019-ൽ വയനാട്ടിൽ മത്സരിക്കാനെത്തിയ കോൺഗ്രസ് മുൻഅധ്യക്ഷൻ കൂടിയായ രാഹുൽഗാന്ധിക്ക് 64.64 ശതമാനമായിരുന്നു വോട്ടുവിഹിതം ലഭിച്ചത്. ഇതിനെയാണ് ഇക്കുറി പ്രിയങ്ക മറികടന്നത്.

ഇത്തവണ ആകെ പോൾ ചെയ്ത 9,52,543 വോട്ടിൽ 6,23,338 എണ്ണമാണ് യുഡിഎഫ് സ്ഥാനാർത്ഥിയായ പ്രിയങ്ക ഗാന്ധി കരസ്ഥമാക്കിയത്. എൽഡിഎഫിലെ സത്യൻ മൊകേരിക്ക് 2,11,407 വോട്ടു മാത്രമേ നേടാനായുള്ളൂ. വോട്ടു വിഹിതം 22.19 ശതമാനം. എൽഡിഎഫിന്റെ വയനാട്ടിലെ അടുത്തകാലത്തെ ഏറ്റവും കുറഞ്ഞ വോട്ട്. 1,09,939 വോട്ട് നേടിയ ബിജെപിയിലെ നവ്യ ഹരിദാസിന് 11.54 ശതമാനം വോട്ടു വിഹിതമാണ് നേടാനായത്.

2019-ൽ പോൾ ചെയ്ത 10,92,197 വോട്ടുകളിൽ 7,06,367 വോട്ടുകളാണ് രാഹുൽഗാന്ധി നേടിയത്. അന്നത്തെ എൽഡിഎഫ് സ്ഥാനാർത്ഥി പി.പി. സുനീർ 2,44,595 വോട്ടു നേടി 25.13 ശതമാനം വോട്ടുവിഹിതവും എൻഡിഎ സ്ഥാനാർത്ഥി തുഷാർ വെള്ളാപ്പള്ളി 78,816 വോട്ട് പിടിച്ച് 7.21 ശതമാനം വിഹിതത്തിനും ഉടമയായി. അത്തവണയായിരുന്നു രാഹുൽ ഗാന്ധിക്ക് വയനാട് റിക്കാർഡ് ഭൂരിപക്ഷം നൽകിയത്. 4,31,770 വോട്ടിന്റെ ഭൂരിപക്ഷം.



കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ രാഹുലിന്റെ വോട്ടുവിഹിതം 59.69 ശതമാനമായി കുറഞ്ഞു. പോൾ ചെയ്ത 10,84,653 വോട്ടിൽ 6,47,445 വോട്ട് രാഹുലും 2,83,023 വോട്ട് എൽഡിഎഫിലെ ആനിരാജയും (വോട്ട് വിഹിതം 26.09 ശതമാനം) സംസ്ഥാന പ്രസിഡണ്ട് കൂടിയായ ബിജെപി സ്ഥാനാർത്ഥി കെ. സുരേന്ദ്രൻ 1,41,1045 വോട്ടും (വിഹിതം 13%) നേടിയിരുന്നു.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


ACA OPEN ENROLLMENT IS NOVEMBER 15th THROUGH JANUARY 15th
നിങ്ങൾക്ക് അനുയോജ്യമായ പ്ലാൻ തെരഞ്ഞെടുക്കുക
You may qualify for $0 monthly premium health insurance.
CALL
530 298 8078
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ജി-20 ഉച്ചകോടി: ലോകനേതാക്കളുമായി മോദി കൂടിക്കാഴ്ച നടത്തി

റിയോ ഡി ജനീറോ: ബ്രസീലിൽ നടക്കുന്ന ജി-20 ഉച്ചകോടിക്കിടെ വിവിധ രാജ്യങ്ങളിലെ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. നൈജീരിയയിലെ ദ്വിദിന




ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജി-20 ഉച്ചകോടിക്കിടെ കണ്ടുമുട്ടിയപ്പോൾ.

പര്യടനം അവസാനിപ്പിച്ച് നവംബർ 17-ന് ബ്രസീലിൽ എത്തിയ മോദി ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയയുമായി ചർച്ച നടത്തി.

പ്രതിരോധം, സുരക്ഷ, വ്യാപാരം, സാങ്കേതികവിദ്യ എന്നിവയിലെ ബന്ധം കൂടുതൽ ആഴത്തിലാക്കാനുള്ള വഴികൾ ഇരുവരും ചർച്ച ചെയ്തു. ഇന്ത്യയുടെ വർധിച്ചുവരുന്ന ആഗോള സ്വാധീനത്തെയും ഇറ്റലിയും ഇന്ത്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തെയും മെലോണിയ പ്രശംസിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കാണുന്നത് എപ്പോഴും വലിയ സന്തോഷമാണെന്ന് കൂടിക്കാഴ്ചയ്ക്കു ശേഷം മെലോണി എക്സിൽ കുറിച്ചു.

ഇന്തോനേഷ്യൻ പ്രസിഡണ്ട് പ്രബോവോ സുബിയാന്തോയെയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സുരക്ഷ, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളെക്കുറിച്ച് ചർച്ച നടത്തിയതായി മോദി എക്സിൽ കുറിച്ചു.

പോർച്ചുഗൽ പ്രധാനമന്ത്രി ലൂയി മോണ്ടിനെഗ്രോയുമായുള്ള മോദിയുടെ കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്താനുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്തു. നോർവീജിയൻ പ്രധാനമന്ത്രി ജോനാസ് ഗഹർ സ്റ്റോറുമായുള്ള ചർച്ചയിൽ ഇന്ത്യ-നോർവേ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ വഴികൾ ആരാഞ്ഞതായി വിദേശകാര്യ മന്ത്രാലയം എക്സിൽ പറഞ്ഞു.

ഉച്ചകോടിക്കിടെ ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് (ഐഎംഎഫ്) ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഗീതാ ഗോപിനാഥും മോദിയെ കണ്ടു. ബ്രസീൽ, സിംഗപ്പൂർ, സ്പെയിൻ, ദക്ഷിണകൊറിയ എന്നിവിടങ്ങളിൽനിന്നുള്ള നേതാക്കളുമായും മോദി സംവദിച്ചു. ഈയിടെ യുഎസ് പ്രസിഡണ്ട് ജോ ബൈഡനുമായി മോദി ഹ്രസ്വ സംഭാഷണം നടത്തിയിരുന്നു.

## മലിനീകരണം: ഡൽഹിയിൽ സർക്കാർ ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം

ന്യൂഡൽഹി: വായുമാലിന്യം അതിരൂക്ഷമായി തുടരുന്നതിനിടെ സർക്കാർ ജീവനക്കാർക്ക് ആശ്വാസ വാർത്തയുമായി ഡൽഹി സർക്കാർ. മലിനീകരണം കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ 50 ശതമാനം സർക്കാർ ജീവനക്കാരും വീട്ടിലിരുന്നു ജോലി ചെയ്യണമെന്ന് ആം ആദ്മി പാർട്ടി സർക്കാർ ഉത്തരവിട്ടു. ഇന്ത്യാതലസ്ഥാനത്തെ വായുനിലവാര സൂചിക (എക്യുഐ) 'അപകടാവസ്ഥ'യിൽ തുടരുന്നതിനാലാണ് സർക്കാരിന്റെ നടപടി. സംസ്ഥാന സർക്കാരിനും മുനിസിപ്പൽ കോർപറേഷനും കീഴിലുള്ള ഓഫീസുകളിലാണ് പുതിയ ഉത്തരവ് നടപ്പിലാക്കുകയെന്ന് പരിസ്ഥിതി മന്ത്രി ഗോപാൽ റായി പറഞ്ഞു. അനിവാര്യവും അടിയന്തരവുമായ പൊതുമേഖലാ സ്ഥാപനങ്ങളെ ഉത്തരവിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അന്തരീക്ഷ മാലിന്യം കണക്കിലെടുത്ത് സർവകലാശാലകളും കോളജുകളും ഓൺലൈൻ ക്ലാസുകളിലേക്ക് മാറിയതിനു പിന്നാലെയാണ് സർക്കാർ ഓഫീസുകളിലും പുതിയ നിയന്ത്രണം. സർക്കാർ ഓഫീസുകളുടെ പ്രവർത്തനസമയങ്ങളിലും സർക്കാർ മാറ്റം വരുത്തിയിരുന്നു.

നിലവിൽ ഡൽഹിയിലെ പല ഭാഗങ്ങളിലും എക്യുഐ 400-നു മുകളിൽ തുടരുകയാണ്. വായുമാലിന്യം കുറയ്ക്കാനായി കൃത്രിമമഴയ്ക്ക് അനുമതി തേടി കേന്ദ്രത്തിന് സംസ്ഥാന സർക്കാർ കത്തയച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല.

## വ്യവസായ ഇടനാഴിക്ക് സ്ഥലം ഏറ്റെടുക്കാൻ കിഫ്ബി അനുമതി

തിരുവനന്തപുരം: വിഴിഞ്ഞം രാജ്യാന്തര തുറമുഖവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ തെക്കൻ മേഖലയെ വ്യാവസായിക സാമ്പത്തിക കേന്ദ്രമാക്കി മാറ്റുന്നതിനായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യാവസായിക സാമ്പത്തിക ഇടനാഴിക്ക് അനുമതി. വ്യവസായ ഇടനാഴിക്കുള്ള സ്ഥലം ഏറ്റെടുപ്പ് പദ്ധതിക്കു കിഫ്ബി യോഗം അംഗീകാരം നൽകി. 1000 കോടി രൂപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കും. ആവശ്യമായ ഭൂമി പൂർണമായി ഏറ്റെടുക്കാതെ ചില ഉടമകളിൽ അവകാശം നിലനിർത്തി വാടക ഇനത്തിലും മറ്റും തുക നൽകുന്നതടക്കമുള്ള പ്രവർത്തനങ്ങളാകും നടപ്പാക്കുക.

വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ഇടനാഴിക്കുള്ളിലെ വിവിധ വികസന നോഡുകൾ ബന്ധിപ്പിക്കുന്നതിനു ഗതാഗത ഇടനാഴികൾ വേണം.

വിഴിഞ്ഞം-കൊല്ലം ദേശീയപാത 66, കൊല്ലം-ചെങ്കോട്ട ദേശീയപാത 744, നിർദിഷ്ട ഗ്രീൻഫീൽഡ് ദേശീയപാത, കൊല്ലം-ചെങ്കോട്ട റെയിൽവേ ലൈൻ, പുനലൂർ-നെടുമങ്ങാട്-വിഴിഞ്ഞം റോഡ് എന്നിവയാണു വളർച്ചാ മുനമ്പിന്റെ പ്രധാന ഭാഗങ്ങൾ. ഇവ ഈ പ്രദേശത്തുടനീളമുള്ള കണക്റ്റിവിറ്റി വർധിപ്പിക്കുന്ന ഇടനാഴികളാണ്.

കൂടാതെ, പദ്ധതി പ്രദേശത്തിനുള്ളിലെ തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ എന്നിവ തലസ്ഥാനത്തിന്റെ വികസനത്തിനു കരുത്തേകും.

കമ്മീഷനിംഗിനു സജ്ജമാകുന്ന വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് തുറമുഖത്തിന്റെ സാധ്യതകൾ കേരളത്തിനു പ്രയോജനപ്പെടുത്തുന്നതിനാണു പദ്ധതി. ഇതോടൊപ്പം തീരപ്രദേശം, മധ്യമേഖല, മലയോര മേഖല പ്രധാന റോഡ്-റെയിൽ ഇടനാഴികൾ വഴി വ്യവസായ ഇടനാഴിയുടെ ഭാഗമാക്കി സമ്പൂർണ വികസനമാണു ലക്ഷ്യം.

കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി 1,456 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നതാണിത്. ഇതുവഴി അനുബന്ധ മേഖലയിൽ അടക്കം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

മേഖലയിൽ ഉടനീളമുള്ള ലോജിസ്റ്റിക്സ് സുഗമമാക്കി തുറമുഖത്തിന്റെ പ്രവർത്തനങ്ങളുമായി പൊരുത്തപ്പെടുന്ന വ്യാവസായിക ഇടനാഴി സ്ഥാപിച്ചു സാധ്യത പ്രയോജനപ്പെടുത്താനാണു നീക്കം.

## ആന്റണി രാജു വിചാരണ നേരിടണം: സുപ്രീം കോടതി

ന്യൂഡൽഹി: മുൻ മന്ത്രിയും ജനാധിപത്യ കേരളാ കോൺഗ്രസ് നേതാവുമായ ആന്റണി രാജുവിനെതിരായ തൊണ്ടിമുതൽ കേസിലെ ക്രിമിനൽ നടപടി സുപ്രീം കോടതി പുനഃസ്ഥാപിച്ചു.

സാങ്കേതിക കാരണം പറഞ്ഞ് ആന്റണി രാജുവിനെതിരായ ക്രിമിനൽ നടപടി ഒഴിവാക്കിയതിൽ കേരള ഹൈക്കോടതിക്കു പിഴവു പറ്റിയെന്നു വ്യക്തമാക്കിയ സുപ്രീം കോടതി, ആന്റണി രാജുവിനെതിരായ കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ് നിലനിൽക്കുമെന്നും വ്യക്തമാക്കി. വിചാരണ ഒരു വർഷത്തിനകം പൂർത്തിയാക്കാൻ ജഡ്ജിമാരായ സി.ടി. രവികുമാർ, സഞ്ജയ് കാരോൾ എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു.

1990-ൽ ആന്റണി രാജു ജൂനിയർ അഭിഭാഷകനായിരിക്കെ നടന്ന സംഭവമാണു കേസിനു കലാശിച്ചത്. 1990 ഏപ്രിൽ നാലിനു തിരുവനന്തപുരം വിമാനത്താവളത്തിൽ ലഹരിമരുന്നു കേസിൽ പിടിയിലായ ഓസ്ട്രേലിയൻ പൗരനെ ശിക്ഷയിൽനിന്നു രക്ഷപ്പെടുത്താൻ തൊണ്ടിയായ അടിവസ്ത്രത്തിൽ കൃത്രിമം കാട്ടിയെന്നായിരുന്നു കേസ്. വിചാരണക്കോടതിയിൽ



ശിക്ഷിക്കപ്പെട്ട ഓസ്ട്രേലിയൻ പൗരൻ കേസ് ഹൈക്കോടതിയിൽ എത്തിയപ്പോൾ കുറ്റവിമുക്തനായി. പാകമാകാത്ത അടിവസ്ത്രമാണു തെളിവായി ഉണ്ടായിരുന്നതെന്ന വാദമാണു പ്രതിയെ രക്ഷിച്ചെടുത്തത്.








Lakshmi classic brides collections | Kanchiragas

പ്രൗഢം...
ഗംഭീരം...
ശുഭമംഗല്യം
സാരികൾ

നെയ്ത്തു കലാകാരന്മാരുടെ വംശപരമ്പരകളിൽ, ആധുനികതയുടെ ഡിസൈനുകൾ പട്ടുനൂലിഴകളിലൂടെ സാരികളിലേക്ക് ആവാഹിച്ച മാന്ത്രിക കരസ്പർശമുള്ള നെയ്ത്തുകാരന്റെ ഉത്കൃഷ്ട സൃഷ്ടിയാണ് ലക്ഷ്മി സിൽക്സ് മന്ത്രകോടി സാരികൾ.

ഓരോ സാരിയും നെയ്ത്തു കലാകാരന്റെ അനിർവചനീയമായ ആവിഷ്കാര സിദ്ധികളിലൂടെയാണ് ജനിക്കുന്നത്. ജീവൻ തുടിക്കുന്ന ശിൽപങ്ങൾ ഒരു ശിൽപി എങ്ങിനെയാണോ നിർമ്മിക്കുന്നത്, അതേ സൂക്ഷ്മതയോടെയും, കയ്യടക്കത്തോടെയും, ഏകാഗ്രതയോടെയുമാണ് നെയ്ത്തുകലാകാരൻ പട്ടിൽ മിഴിവൊത്ത സാരികൾ നെയ്തെടുക്കുന്നത്.

ദൈവീക സിദ്ധികൾ കൈകളിൽ ആവാഹിച്ച നെയ്തുകാരന്റെ നൈസർഗികമായ സംവാദ മേഖലയാണ് നെയ്തുകല, അതുതന്നെയാണ് അവന്റെ യഥാർത്ഥ ഭാഷയും; പട്ടുനൂലിഴകളിലൂടെ, തരികൾ ചലിപ്പിച്ച് അവൻ ലോകത്തോട് സംസാരിക്കുകയാണ്. അവന്റെ ജീവിതത്തെക്കുറിച്ച്, സംസ്കാരത്തെകുറിച്ച്, പാരമ്പര്യത്തെക്കുറിച്ച്... അതിനാൽ പട്ടും അതിന്റെ ചരിത്രവും പുകൾപെറ്റ ഭാരതീയ സംസ്കൃതിയുടെ പാരമ്പര്യത്തെയും വാസ്തുശിൽപങ്ങളേയും മണ്മറഞ്ഞുപോയ രാജവംശങ്ങളെയും പട്ടുനൂലിഴകളിൽ ബന്ധിപ്പിക്കുന്നു.

സാരികളിലൂടെ ഭാരതീയ ചരിത്രങ്ങളും രാജവംശ സങ്കൽപങ്ങളും നെയ്തെടുക്കലാണ് പരമ്പരാഗത നെയ്ത്തുകാർ അനുവർത്തിച്ചിരുന്ന സമ്പ്രദായം. എന്നാൽ ഇന്ത്യൻ നെയ്തുകല കഴിഞ്ഞ കുറേ വർഷങ്ങളായി നിരന്തരമായ മാറ്റങ്ങളിലൂടെ നൂതന ശൈലികൾ സ്വാംശീകരിച്ച് നെയ്ത്തു പാരമ്പര്യവും ഭാരതീയ സംസ്കാരവും അതിന്റെ തനിമയും ഉൾക്കൊള്ളുന്ന നവീനമായ നെയ്ത്തു സമ്പ്രദായത്തിലേക്ക് രൂപാന്തരപ്പെട്ട് കഴിഞ്ഞു.

ഭാരതത്തിലെ പതിനായിരത്തിലേറെ നെയ്ത്തു ഗ്രാമങ്ങളിലെ അൻപതിനായിരത്തിലധികം പ്രഗത്ഭരായ നെയ്ത്തുകലാകാരന്മാർ നെയ്തെടുത്ത ഉത്കൃഷ്ട സൃഷ്ടികളാണ് കോട്ടയം ലക്ഷ്മി സിൽക്സ് നിങ്ങൾക്കായി അവതരിപ്പിക്കുന്നത്.

സ്ഥൂലവും സൂക്ഷ്മവുമായ പരിശോധനയിലൂടെ തിരഞ്ഞെടുത്ത നെയ്ത്തുകാരുടെ സൃഷ്ടികളാണ് ലക്ഷ്മി സിൽക്സിലെ പട്ടുസാരികൾ ഓരോന്നും. വിശിഷ്ഠരായ നെയ്ത്തുകലാകാരന്മാരെ തിരിച്ചറിയാനും അവരെ തിരഞ്ഞെടുക്കാനും സാധിക്കുന്നത് വർഷങ്ങളുടെ അനുഭവ പരിചയം കൊണ്ട് മാത്രമാണ്. നെയ്ത്തുകലകളിൽ ഇതിഹാസങ്ങൾ രചിച്ച വിദഗ്ധരായ നെയ്ത്തു കലാകാരന്മാർ ഇഴപാകിയ അതിവിശിഷ്ടമായ സാരികളുടെ മഹാശേഖരമാണ് ലക്ഷ്മി സിൽക്സ് ശുഭമംഗല്യം സാരി എഡിഷൻ.

ക്രിസ്തുമസിന്റെ സന്തോഷം ഇനി നാട്ടിലെത്തിക്കാം
ലക്ഷ്മി സിൽക്സിലൂടെ...
നാട്ടിലെ പ്രിയപ്പെട്ടവർക്ക് സമ്മാനിക്കാം
ഇഷ്ടവസ്ത്രങ്ങളും കേക്കും



NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
+91 85904 00877

# കാലാവസ്ഥ ഉച്ചകോടി സമാപിച്ചു; ധനസഹായ പാക്കേജ് ഇന്ത്യ തള്ളി

ബാക്കു: കാലാവസ്ഥാമാറ്റം നേരിടാനായി വികസ്വരരാജ്യങ്ങൾക്കായി സമ്പന്ന രാജ്യങ്ങളുടെ 30,000 കോടി ഡോളറിന്റെ ധനസഹായ പാക്കേജ് ഐക്യരാഷ്ട്ര സംഘടനയുടെ കാലാവസ്ഥാ ഉച്ചകോടി (സിഒപി 29) അംഗീകരിച്ചു. എന്നാൽ, തുക നാമമാത്രമാണെന്നു ചൂണ്ടിക്കാട്ടി പാക്കേജ് ഇന്ത്യ തള്ളി. ഇന്ത്യയുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നല്കാതെ പാക്കേജ് അടിച്ചേല്പിക്കുകയായരുന്നെന്നും കുറ്റപ്പെടുത്തി.

2035 വരെ പ്രതിവർഷം 30,000 കോടി ഡോളറിന്റെ ധനസഹായം സമ്പന്ന രാജ്യങ്ങൾ വികസ്വരരാജ്യങ്ങൾക്ക് നല്കണമെന്ന പാക്കേജാണ് രണ്ടാഴ്ച നീണ്ട കാലാവസ്ഥാ ഉച്ചകോടിയുടെ സമാപനത്തിൽ അംഗീകരിച്ചത്. പ്രതിവർഷം 1.3 ലക്ഷം കോടി ഡോളർ വേണമെന്നായിരുന്നു ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ ആവശ്യം. ഇരുനൂറിലേറെ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത ചർച്ച ഭിന്നതകൾമൂലം നീളുകയായിരുന്നു. ദ്വീപുരാജ്യങ്ങളും ഒരുവിഭാഗം വികസ്വരരാജ്യങ്ങളും ചർച്ചയിൽനിന്ന് ഇറങ്ങിപ്പോകുകയും ചെയ്തു.

ബുദ്ധിമുട്ടേറിയ ചർച്ചകൾക്കു ശേഷമാണ് പാക്കേജിനു ധാരണയായതെന്നും ഇത് കാലാവസ്ഥാ മാറ്റത്തിനെതിരെ മാനവരാശിയുടെ ഇൻഷുറൻസ് പോളിസിയാണെന്നും യുഎൻ ക്ലൈമറ്റ് ചീഫ് സിമൺ സ്റ്റീൽ അവകാശപ്പെട്ടു. 2020 വരെ സമ്പന്നരാജ്യങ്ങൾ പ്രതിവർഷം 100 കോടി ഡോളർ ധനസഹായം നല്കാനായിരുന്നു ധാരണ. ഈ ലക്ഷ്യം 2022-ലാണ് നിറവേറിയത്.

യുഎസ്, കാനഡ, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ അടക്കം രണ്ട് ഡസനോളം വികസിത രാജ്യങ്ങളാണ് ധനസഹായ പാക്കേജുകൾക്ക് പണം നല്കുന്നത്. ചൈനയും പണം കൊടുക്കണമെന്നാണ് യൂറോപ്യൻ യൂണിയൻ നിലപാട്.

കാലാവസ്ഥാ മാറ്റം തട്ടിപ്പാണെന്ന നിലപാടുള്ള നിയുക്ത യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പണം കൊടുക്കേണ്ടതില്ലെന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്.

# ഭിന്നശേഷി സംവരണം: മാർഗനിർദേശങ്ങൾ പുറത്തിറക്കി

ന്യൂഡൽഹി: ഭിന്നശേഷം സംവരണം ഏകീകൃതമാക്കാൻ കേന്ദ്രസർക്കാർ മാർഗ നിർദേശങ്ങൾ പുറത്തിറക്കി. 40 ശതമാനമെങ്കിലും വൈകല്യമുള്ളവർക്ക് പുതിയ തസ്തിക കണ്ടെത്തി നല്കി പിന്നീട് കമ്മിറ്റികൾ രൂപീകരിച്ചു പഠിക്കണമെന്നതാണ് കേന്ദ്രത്തിന്റെ പ്രധാനനിർദേശം.

ഭിന്നശേഷിക്കാർക്കു വേണ്ടി കണ്ടെത്തുന്ന പുതിയ തസ്തികകൾ അവർക്ക് അനുയോജ്യമാണെന്നു തോന്നിയാൽ ഇതിനു മുകളിലുള്ള എല്ലാ ഉന്നത തസ്തികകളിലും അവർക്ക് സംവരണമുണ്ടെന്ന് കേന്ദ്രം അറിയിച്ചു. 2016-ലെ ഭിന്നശേഷി അവകാശനിയമം നടപ്പാക്കുന്നതിൽ കേന്ദ്രീയ വിദ്യാലയ സംഗതൻ അടക്കമുള്ള പല സ്ഥാപനങ്ങൾ വീഴ്ച വരുത്തിയെന്ന് ഡൽഹി ഹൈക്കോടതി ചൂണ്ടിക്കാട്ടിയതിനു പിന്നാലെയാണ് കേന്ദ്രത്തിന്റെ നീക്കം. പുതിയ നിർദേശങ്ങളനുസരിച്ച് വിവിധ മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികളിൽ ഭിന്നശേഷി പ്രതിനിധികളുമുണ്ടാകും.

പുതിയ തസ്തികകളിൽ കാലാനുസൃതമായ മാറ്റം വരുത്താനും സാങ്കേതിക പുരോഗതികൾ കൊണ്ടുവരാനും മൂന്നു വർഷത്തിലൊരിക്കൽ സമഗ്രമായ വിലയിരുത്തൽ നടത്താനും നിർദേശമുണ്ട്. ഭിന്നശേഷിക്കാർക്കുള്ള സംവരണജോലികൾ കൂടുതൽ കാര്യക്ഷമമാക്കാനും ഭിന്നശേഷിയുള്ളവർക്കു നീതി ഉറപ്പാക്കാനും വേണ്ടിയാണ് പുതിയ മാർഗനിർദേശങ്ങൾ.

# പ്ലസ്ടുവിന് സയൻസ് ഇല്ലെങ്കിലും ഗവ. നേഴ്സാകാം

തിരുവനന്തപുരം: പ്ലസ്ടുവിന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചശേഷം ജനറൽ നേഴ്സിങ് കോഴ്സ് വിജയിച്ചവർക്ക് പിഎസ്സി വഴിയുള്ള നിയമനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്കു പിൻവലിക്കാൻ ധാരണ. ജനറൽ നേഴ്സിങ് ആൻഡ് മിഡ്‌വൈഫറി (ജിഎൻഎം) കോഴ്സ് കഴിഞ്ഞു കേരള നേഴ്സിങ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത 12,000 പേർക്ക് ആശ്വാസമാകുന്ന നടപടിയാണിത്. സർവീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖോബ്രഗഡെയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിലാണു ധാരണ.

കേരളത്തിൽ ജിഎൻഎമ്മിന് 2500 സീറ്റുണ്ട്. സയൻസ് ഇതര വിഷയങ്ങൾ പഠിച്ച ഒട്ടേറെ കുട്ടികൾ ഇതരസംസ്ഥാനങ്ങളിലും പഠിച്ചു. ഇവർക്ക് കേരള നേഴ്സിങ് കൗൺസിൽ രജിസ്ട്രേഷനും നൽകി. മറ്റു സംസ്ഥാനങ്ങളിൽ പ്ലസ്ടുവിന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവർക്കു സർക്കാരിൽ നേഴ്സ് നിയമനത്തിനു തടസ്സമില്ല. കേരളത്തിലാകട്ടെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്നതിനു തടസ്സമില്ലെങ്കിലും സർക്കാർ സർവീസിൽ പ്രവേശനമുണ്ടായിരുന്നില്ല.

# സജി ചെറിയാനെതിരെ തുടരന്വേഷണത്തിന് ഉത്തരവ്

കൊച്ചി: മന്ത്രി സജി ചെറിയാന്റെ ഭരണഘടനാവിരുദ്ധ പ്രസംഗത്തിൽ ക്രൈംബ്രാഞ്ച് തുടരന്വേഷണം നടത്തണമെന്ന് ഹൈക്കോടതി. 2022 ജൂലൈയിൽ മല്ലപ്പള്ളിയിൽ നടത്തിയ പ്രസംഗത്തിൽ ഭരണഘടനയെ അവഹേളിച്ചെന്ന പരാതികളിലാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് തുടരന്വേഷണത്തിന് ഉത്തരവിട്ടത്.

വിവാദപ്രസംഗത്തെക്കുറിച്ച് സിബിഐ അന്വേഷണം വേണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അതിനുള്ള സാഹചര്യമില്ലെന്നു കോടതി വ്യക്തമാക്കി. മന്ത്രിക്ക് ക്ലീൻ ചിറ്റ് നൽകിയ പോലീസ് അന്വേഷണറിപ്പോർട്ട് ഹൈക്കോടതി തള്ളുകയും ചെയ്തു. പോലീസിന്റെ അന്തിമ റിപ്പോർട്ട് അംഗീകരിച്ച് തുടരന്വേഷണ ആവശ്യം നിരാകരിച്ച തിരുവല്ല ജുഡീഷൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉത്തരവ് റദ്ദാക്കി. അഭിഭാഷകനായ എം. ബൈജു നോയൽ സമർപ്പിച്ച ഹർജി അനുവദിച്ചാണ് സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്.

നാഷണൽ ഓണർ ആക്ട് പ്രകാരമാണു മന്ത്രിക്കെതിരെ കീഴ്‌വായ്പൂർ പോലീസ് കേസെടുത്തത്. തൊഴിലാളിവർഗ ചൂഷണത്തെക്കുറിച്ചാണു മന്ത്രി പ്രസംഗിച്ചതെന്നും ഭരണഘടനയെ അവഹേളിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നില്ലെന്നുമാണ് പോലീസ് കണ്ടെത്തൽ. മജിസ്ട്രേറ്റ് കോടതി ഈ റിപ്പോർട്ട് സ്വീകരിക്കുകയും ചെയ്തു. എന്നാൽ പോലീസ് അന്വേഷണം തൃപ്തികരമല്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. കാഴ്ചപ്പാടുകൾക്കനുസരിച്ചല്ല, നിയമപരമായാണ് അന്വേഷണ ഉദ്യോഗസ്ഥൻ നീങ്ങേണ്ടിയിരുന്നത്. പ്രസംഗത്തിന്റെ സിഡിയും പെൻഡ്രൈവും ഫോറൻസിക് പരിശോധനയ്ക്കയച്ചെങ്കിലും റിപ്പോർട്ട് വരുന്നതിനുമുമ്പേ



അന്വേഷണം പൂർത്തിയാക്കി. പ്രസംഗം പ്രസിദ്ധീകരിച്ച മാധ്യമങ്ങളുടെ മൊഴിയെടുത്തില്ല. സദസിലുണ്ടായിരുന്ന 39 പാർട്ടി പ്രവർത്തകരുടെ മൊഴി വിശ്വാസത്തിലെടുത്താണ് മന്ത്രിക്കു ക്ലീൻചിറ്റ് നൽകിയത്. ഇക്കാര്യമൊന്നും വിലയിരുത്താതെ റിപ്പോർട്ട് അംഗീകരിച്ച മജിസ്ട്രേറ്റ് കോടതിക്കും പിഴവ് പറ്റിയെന്ന് ഹൈക്കോടതി ഉത്തരവിൽ പറയുന്നു. സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് പോലീസ് മേധാവി ഉടൻ ഉത്തരവിടണം. നിഷ്പക്ഷനായ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു.

# സ്വർണക്കടത്ത് കേസ്: ഇഡിക്ക് താൽപര്യം ഇല്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: നയതന്ത്ര സ്വർണക്കടത്തു കേസിലെ വിചാരണ കേരളത്തിൽനിന്നു ബെംഗളൂരുവിലേക്കു മാറ്റണമെന്ന സ്വന്തം ഹർജിയെ ഇഡി ഗൗരവത്തോടെ കാണുന്നതായി തോന്നുന്നില്ലെന്നു സുപ്രീം കോടതിയുടെ വിമർശനം. ഇഡിയുടെ അഭ്യർഥന പ്രകാരം കേസ് പരിഗണിക്കുന്നത് ആറാഴ്ചത്തേക്കു മാറ്റിയപ്പോഴായിരുന്നു ജസ്റ്റിസ് ഋഷികേശ് റോയ് അധ്യക്ഷനായ ബെഞ്ചിന്റെ പരാമർശം.

അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജുവിന്റെ അസാന്നിധ്യമാണ് കേസ് മാറ്റിവെക്കാൻ കാരണമായി ഇഡി ചൂണ്ടിക്കാട്ടിയത്. 'ഒന്നുകിൽ രാജു കാണില്ല. അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങൾ. കേസിൽ ഇഡിക്കും താൽപര്യമുള്ളതായി തോന്നുന്നില്ല' – ജസ്റ്റിസ് റോയ് വിമർശിച്ചു.

ഹർജി ബെംഗളൂരുവിലേക്കു മാറ്റണമെന്ന ആവശ്യത്തെ ഇപ്പോൾ ഇഡി പിന്തുണയ്ക്കുന്നതായി തോന്നുന്നില്ലെന്നു കേരള സർക്കാരിനു വേണ്ടി ഹാജരായ കപിൽ സിബലും ചൂണ്ടിക്കാട്ടി. ഇഡിക്കു കേസിൽ താൽപര്യം നഷ്ടപ്പെട്ടെന്ന തോന്നലുണ്ടെന്ന് ഉത്തരവിൽ രേഖപ്പെടുത്തിയാണു ബെഞ്ച് ഹർജി ആറാഴ്ചത്തേക്കു മാറ്റിയത്. ഇഡിയുടെ വൈമുഖ്യത്തെ നേരത്തെയും സുപ്രീംകോടതി വിമർശിച്ചിരുന്നു. സ്റ്റാൻഡിങ് കൗൺസൽ സി.കെ. ശശിയും കേരള സർക്കാരിനായി ഹാജരായി.

സ്വർണക്കള്ളക്കടത്തു കേസ് അട്ടിമറിക്കാൻ കേരള സർക്കാരും പോലീസും ശ്രമം നടത്തുന്നുവെന്നു ചൂണ്ടിക്കാട്ടിയാണു തുടർവിചാരണ കേരളത്തിൽനിന്നു മാറ്റണമെന്ന് ഇഡി ആവശ്യപ്പെട്ടത്.

# കരിങ്കൊടി പ്രതിഷേധം നിയമവിരുദ്ധമല്ല: ഹൈക്കോടതി

കൊച്ചി: കരിങ്കൊടി പ്രതിഷേധം അപകീർത്തിപ്പെടുത്തലോ നിയമവിരുദ്ധമോ അല്ലെന്നു ഹൈക്കോടതി വ്യക്തമാക്കി. ഏതെങ്കിലും നിറമുള്ള കൊടി വീശുന്നതു നിരോധിച്ചിട്ടില്ലാത്തതിനാൽ പ്രതിഷേധം അറിയിക്കാൻ കരിങ്കൊടി വീശുന്നതിന് അപകീർത്തിക്കുറ്റം ബാധകമല്ല. മുഖ്യമന്ത്രിക്കു നേരെ കരിങ്കൊടി വീശിയ മൂന്ന് കോൺഗ്രസ് പ്രവർത്തകർക്കെതിരെയുള്ള കേസ് റദ്ദാക്കിക്കൊണ്ടാണു ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ഇക്കാര്യം വ്യക്തമാക്കിയത്.

2017 ഏപ്രിൽ ഒൻപതിനു മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്നുപോയപ്പോൾ കരിങ്കൊടി വീശുകയും തടയാൻശ്രമിച്ച പോലീസിനെ തട്ടിമാറ്റുകയും ചെയ്തുവെന്നാണു കേസ്. കേസ് നടപടി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു സിമിൽ, ഫിജോ, സുമേഷ് ദയാനന്ദൻ എന്നിവർ നൽകിയ ഹർജി അനുവദിച്ച കോടതി, നോർത്ത് പറവൂർ പോലീസ് നൽകിയ റിപ്പോർട്ട് റദ്ദാക്കി. അനീതിയെന്നു തോന്നിയ കാര്യത്തിൽ ഹർജിക്കാർ പ്രതിഷേധം അറിയിച്ചതു കരിങ്കൊടി വീശിയാണെന്നു കോടതി ചൂണ്ടിക്കാട്ടി. ജനാധിപത്യത്തിൽ വികാരങ്ങളുടെ പരസ്യപ്രകടനം എന്നനിലയ്ക്കു പ്രതിഷേധങ്ങളും അനിവാര്യമാണ്. സമാധാനപരമായ പ്രതിഷേധങ്ങൾ ഭരണത്തെ ദുർബലമാക്കുകയല്ല, ശക്തിപ്പെടുത്തുകയാണു ചെയ്യുന്നത്. കരിങ്കൊടിവീശൽ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിനു നേരെയായാൽ പോലും അപകീർത്തികരമായി കാണാനാകില്ലെന്നു കോടതി പറഞ്ഞു. അപകീർത്തിയുണ്ടായ വ്യക്തി കോടതിയിൽ നൽകുന്ന പരാതിയിൽ അല്ലാതെ പോലീസ് റിപ്പോർട്ടിന്മേൽ അപകീർത്തിക്കേസ് നടപടി സാധിക്കില്ല. ഔദ്യോഗിക നിർദേശം ലംഘിച്ചു, പൊതുവഴി തടസ്സപ്പെടുത്തി, പോലീസിന്റെ ജോലി തടസ്സപ്പെടുത്തി തുടങ്ങിയ മറ്റുകുറ്റങ്ങളും നിലനിൽക്കില്ലെന്നു കോടതി വ്യക്തമാക്കി.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**
**news@keralaexpress.com**




വഴിത്താരകൾ

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?

വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷൻ ആനുവൽ ഗാല ഡിസംബർ 14–ന് ഓക്ക് ബ്രൂക്ക് മാരിയറ്റിൽ

ചിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനിയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ ആനുവൽ ഗാല ഒക്ക് ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാൻഡ് ബാൾറൂമിൽ വെച്ച് ഡിസംബർ 14-ന് നടത്തപ്പെടുന്നതാണ്. ഇല്ലിനോയി ഗവർണർ ജെ.ബി. പ്രിറ്റ്സകർ, യുഎസ് കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി, പെർഡ്യൂ യൂണിവേഴ്സിറ്റി പ്രസിഡണ്ട് ഡോ. മുംഗ് ചിയാഗ്, യുഎസ് കോൺഗ്രസ്മാൻ ബിൽ ഫോസ്റ്റർ എന്നീ പ്രമുഖ വ്യക്തികൾ പങ്കെടുക്കുമെന്ന് AAEIO പ്രസിഡണ്ടും G.E-യുടെ ഗ്ലോബൽ ഡയറക്ടറുമായ ഗ്ലാഡ്സൺ വർഗീസ് അറിയിച്ചു.

ബിസിനസ് മീറ്റിംഗ്, ടെക്നിക്കൽ പ്രസന്റേഷൻസ്, അവാർഡ് സെറിമണി, പ്രശസ്ത ബോളിവുഡ് ഗായിക അങ്കിത മുഖർജിയുടെയും ശ്വേത വാസുദേവയുടെയും നേതൃത്വത്തിലുള്ള ഗാനമേളയും വിവിധ ഡാൻസ് ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങളും ഡിന്നറും ഉണ്ടായിരിക്കും. ടിക്കറ്റുകൾ www.eventbrite.com-ലൂടെയോ www.aaeiousa.org-ൽ നിന്നോ ലഭിക്കുന്നതാണ്.

ഈ സമ്മേളനത്തിന്റെ വിജയത്തിനായി AAEIO ബോർഡ് മെംബറും നേകസാഹോളിന്റെ സി.ഇ.ഒയുമായ ഡോ. പ്രമോദ് വോറ, രജീന്ദർ സിംഗ് മാങ്കോ, മോദി ഫിനാൻഷ്യൽ ഗ്രൂപ്പ് സി.ഇ.ഒ ഡിപ്പൻ മോദി, സെക്രട്ടറി ജയ്സ്വാൾ, വൈസ് പ്രസിഡണ്ട് നിതിൻ മഹേശ്വരി എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.



President AAEIO
Gladson Varghese



Governor
JB Pritzker



US Congressman Raja
Krishnamoorthi

ഇവരെ കൂടാതെ വിവിധ കമ്പനികളുടെ സി.ഇ.ഒമാർ, സി.റ്റി.ഒമാർ, പെർഡ്യൂ യൂണിവേഴ്സിറ്റി എൻജിനീയറിംഗ് ഡീൻ, അമേരിക്കൻ രാഷ്ട്രീയ നേതാക്കൾ എന്നിവരും ഈ സമ്മേളനത്തിൽ പങ്കെടുക്കും.

അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും ഈ സംഘടനയുടെ ഭാരവാഹികളും പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക്: ഗ്ലാഡ്സൺ വർഗീസ് (847 648 3300). സമ്മേളനത്തിന്റെ മുഖ്യ സ്പോൺസർ Wallstreet Allionce Group ആണ്.

# സാമ്പത്തിക നിയന്ത്രണത്തിലും ജിഎസ്ടി വകുപ്പിന് കാറുകൾ വാങ്ങാൻ അനുമതി

തിരുവനന്തപുരം: സർക്കാർ ഓഫീസുകളിൽ വാഹനങ്ങൾ വാങ്ങുന്നതിനും കെട്ടിടം നവീകരിക്കുന്നതിനുമുള്ള നിയന്ത്രണം നീട്ടി ഉത്തരവിറക്കിയതിനു പിന്നാലെ സംസ്ഥാന ചരക്കു സേവനനികുതി വകുപ്പിൽ 48 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കേയാണ് 48 പുതിയ വാഹനങ്ങൾ വാങ്ങാൻ 3.79 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയത്. ചരക്കു സേവന നികുതി വകുപ്പിൽ 48 വാഹനങ്ങൾ വാങ്ങുന്നതിനായി ജിഎസ്ടി കമ്മീഷണർ നൽകിയ ശിപാർശ നികുതി വകുപ്പ് അംഗീകരിക്കുകയായിരുന്നു. 10 ലക്ഷം രൂപയിൽ അധികരിക്കാത്ത കാറുകളും മറ്റു വാഹനങ്ങളും അടക്കം 48 എണ്ണം വാങ്ങാനാണ് അനുമതി നൽകിയത്.

വകുപ്പു തലത്തിൽ ഒരു വാഹനം ഉപയോഗിക്കുമ്പോൾ, ഡ്രൈവറുടെ ശമ്പളവും ഇന്ധനവും അറ്റകുറ്റപ്പണികളും അടക്കം പ്രതിമാസം ഒരു ലക്ഷത്തോളം രൂപയുടെ ചെലവു വരുമെന്നാണു കണക്കാക്കുന്നത്. അങ്ങനെയെങ്കിൽ 48 വാഹനങ്ങൾക്ക് പ്രതിമാസം 48 ലക്ഷത്തോളം രൂപ അധികമായി കണ്ടെത്തണം. എന്നാൽ, വാഹനം വകുപ്പ് വാടകയ്ക്ക് എടുക്കുമ്പോൾ ഓരോ വാഹനത്തിനും ഇതിന്റെ പകുതി തുക മതിയാകുമെന്നാണു പറയപ്പെടുന്നത്. പുതിയ വാഹനങ്ങൾ വാങ്ങാൻ കോടികൾ മുടക്കേണ്ട സാഹചര്യവുമില്ല. സർക്കാർ ഓഫീസുകളിൽ വാഹനം വാങ്ങുന്നതിനും പെയിന്റിംഗ് അടക്കം നടത്തി നവീകരിക്കുന്നതിനുമുള്ള നടപടികൾ പാടില്ലെന്നു നിർദേശിച്ചു നിയന്ത്രണം നീട്ടി ഈയിടെ ധനവകുപ്പ് ഉത്തരവിറക്കിയിരുന്നു. കോവിഡ് കാലത്തു തുടങ്ങിയ സാമ്പത്തിക നിയന്ത്രണമാണു നീട്ടിയത്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻകം ടാക്സ് വകുപ്പിലും സെൻട്രൽ കസ്റ്റംസ് ആൻഡ് ജിഎസ്ടി വകുപ്പിലും മുതിർന്ന ഉദ്യോഗസ്ഥർ ഒഴികെയുള്ളവർക്കായി വാഹനം വാടകയ്ക്ക് എടുക്കുകയാണു പതിവ്. കേന്ദ്ര സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥർക്കു മാത്രമാണ് വകുപ്പുതല വാഹനങ്ങൾ ഉള്ളത്. ഇതേ മാതൃക കേരള സർക്കാരും സ്വീകരിച്ചാൽ കോടികളുടെ അധിക ചെലവ് ഒഴിവാക്കാനാകുമെന്ന് ഉദ്യോഗസ്ഥരും പറയുന്നു. ജിഎസ്ടി വകുപ്പിൽ ഉപയോഗിച്ചിരുന്ന വാഹനങ്ങൾ എറണാകുളം ജിഎസ്ടി ജോയിന്റ് കമ്മീഷണർ ഓഫീസ് വളപ്പിൽ കൂട്ടിയിട്ടനിലയിലാണ്. ഇന്നോവ അടക്കമുള്ള വാഹനങ്ങൾ 15 വർഷ കാലാവധി കഴിഞ്ഞ സാഹചര്യത്തിലാണ് ഇവിടെ കൂട്ടിയിട്ടിരിക്കുന്നത്.

# ഇന്ത്യയെ പ്രകീർത്തിച്ച് മസ്ക്

വാഷിങ്ടൺ: ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ കാര്യക്ഷമതയെ പ്രകീർത്തിച്ച് ടെസ്‌ല സിഇഒ ഇലോൺ മസ്ക്. ഇന്ത്യ 64 കോടി വോട്ട് ഒറ്റദിവസം കൊണ്ട് എണ്ണിത്തീർക്കുമ്പോൾ കാലിഫോർണിയയിൽ വോട്ട് ഇപ്പോഴും എണ്ണിക്കൊണ്ടിരിക്കുകയാണെന്ന് മസ്ക് പറഞ്ഞു.

19 ദിവസമായിട്ടും കാലിഫോർണിയയിൽ വോട്ടെണ്ണൽ പൂർത്തിയാകാത്ത പശ്ചാത്തലത്തിലാണ് പരിഹാസം. ഇന്ത്യയിലെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട പോസ്റ്റ് പങ്കുവെച്ചാണ് മസ്കിന്റെ കുറിപ്പ്.

നേരത്തെ ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിനെതിരെ മസ്ക് നിലപാടെടുത്തിരുന്നു. ഇ.വി.എമ്മുകൾ എളുപ്പം ഹാക്ക് ചെയ്യാൻ സാധിക്കുന്നവയാണെന്നും അമേരിക്കയിൽ പേപ്പർ ബാലറ്റുകൾ നിർബന്ധമാക്കണമെന്നും മസ്ക് പറഞ്ഞിരുന്നു.

# വായുനിലവാര സൂചികയിൽ ഇന്ത്യയിൽ നാലാം സ്ഥാനം തൃശൂരിന്

തൃശൂർ: ഇന്ത്യാ തലസ്ഥാനമടക്കം പ്രമുഖ നഗരങ്ങൾ വായുമലിനീകരണത്തിന്റെ പിടിയിലമരുമ്പോൾ ആശ്വാസത്തിന്റെ ഹരിതതീരമായിത്തുടരുന്നു തൃശൂർ.

ദേശീയ വായുനിലവാര സൂചിക (എക്യുഐ) പ്രകാരം കേരളത്തിൽ ഒന്നാം സ്ഥാനത്താണ് തൃശൂർ. നവംബർ 21-ന് വൈകിട്ടത്തെ കണക്കുപ്രകാരം ഇന്ത്യയിൽ നാലാം സ്ഥാനം.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സൂചികയിൽ 50 പോയിന്റോ അതിൽ കുറവോ വരുന്ന സ്ഥലങ്ങളാണ് 'നല്ല വായു' ഉള്ളവ. തൃശൂരിന്റെ പോയിന്റ് 44. 'നല്ല വായു' പട്ടികയിൽ 21-ലെ കണക്കുപ്രകാരം ആകെ 12 പട്ടണങ്ങളാണ് ഉള്ളത്. കേരളത്തിൽനിന്ന് മറ്റു പട്ടണങ്ങളൊന്നും ഈ പട്ടികയിൽ വന്നില്ല. വാഹനങ്ങളിൽനിന്നും വ്യവസായശാലകളിൽനിന്നും വമിക്കുന്ന പുകയിലെ പിഎം (പർട്ടിക്കുലേറ്റ് മാറ്റർ), നൈട്രജൻ ഡൈഓക്സൈഡ്, സൾഫർ ഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നിവയുടെ തോത് അപകടകരമല്ലാത്ത തരത്തിലാണ് തൃശൂരിൽ. ഐസോൾ (മിസോറം) ആണ് മലിനീകരണം ഏറ്റവും കുറഞ്ഞ നഗരം (26 പോയിന്റ്). നഗാവ് (അസം), വിജയപുര (കർണാടക), ഷില്ലോങ് (മേഘാലയ) എന്നിവയും (എക്യുഐ 37) തൃശൂരിനു മുന്നിലാണ്.

ബാഗൽ കോട്ട്, ചാമരാജ് നഗർ, കാഞ്ചീപുരം, കോലാർ, നൽബാരി, തഞ്ചാവൂർ, മംഗലാപുരം എന്നിവയും നല്ല വായു ഉള്ള 12 പട്ടണങ്ങളിൽപ്പെടുന്നു.



# മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയല്ല; ദാനമായി കിട്ടിയതെന്ന് ഫറൂഖ് കോളജ്

കോഴിക്കോട്: മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയല്ലെന്നും പൂർണ ക്രയവിക്രയ അധികാരത്തോടെയുള്ള ഭൂമിയാണെന്നും വഖഫ് ട്രൈബ്യൂണലിൽ വ്യക്തമാക്കി ഫറൂഖ് കോളജ്. കോളജിന്റെ രണ്ട് അപ്പീലുകളാണ് ട്രൈബ്യൂണലിനു മുമ്പാകെയുള്ളത്. മുനമ്പത്തെ ഭൂമി വഖഫ് സ്വത്താണെന്നും വഖഫിൽ രജിസ്റ്റർ ചെയ്യണമെന്നും അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ തിരിച്ചു പിടിക്കണമെന്നും കാണിച്ച് സംസ്ഥാന വഖഫ് ബോർഡ് 2019 മെയ് 19-ന് പുറപ്പെടുവിച്ച ഉത്തരവിനെതിരെയുള്ളതാണ് ഒരു അപ്പീൽ. (ഒഎ 7/2023) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുനമ്പത്തെ ഭൂമി 2022-ൽ വഖഫ് രജിസ്റ്ററിൽപ്പെടുത്തിയതിനെ ചോദ്യം ചെയ്തുള്ളതാണ് രണ്ടാമത്തെ അപ്പീൽ (ഒഎ 38/23), 2115/1950 നമ്പർ ആധാരപ്രകാരമാണ് മുഹമ്മദ് സിദ്ദിഖ് സേട്ട് 1950-ൽ ഫറൂഖ് കോളജിന് 404.76 ഭൂമി നല്കിയത്. വഖഫ് ആധാരം എന്ന് തലക്കെട്ടിൽ പറയുന്നുണ്ടെങ്കിലും പൂർണ ക്രയവിക്രയ അധികാരമുണ്ടെന്ന് ഇതിൽ പിന്നീട് വ്യക്തമാക്കുന്നതായി ഫറൂഖ് കോളജ് ചൂണ്ടിക്കാട്ടുന്നു.

ഏതെങ്കിലും കാരണവശാൽ ഫറൂഖ് കോളജ് ഇല്ലാതെ വരികയോ വസ്തുവിൽ എന്തെങ്കിലും അവശേഷിക്കുകയോ ചെയ്താൽ തനിക്കോ സന്താനങ്ങൾക്കോ തിരിച്ചുകിട്ടണമെന്ന് ആധാരത്തിൽ മുഹമ്മദ് സിദ്ദിഖ് സേട്ട് പറഞ്ഞിട്ടുണ്ട്.

ഒരു വസ്തു വഖഫ് ചെയ്താൽ ദൈവത്തിനു സമർപ്പിച്ചതാണെന്നും അതു തിരിച്ചുപിടിക്കാൻ പാടില്ലെന്നുമാണ് വ്യവസ്ഥ. ക്രയവിക്രയ അധികാരം നല്കുകയും സ്വത്തു തിരിച്ചുകിട്ടണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തതിനാൽ മുനമ്പത്തെ ഭൂമി ദാനമായി മാത്രമേ കണക്കാക്കാൻ പറ്റുകയുള്ളൂ എന്ന നിലപാടാണ് ട്രൈബ്യൂണൽ മുമ്പാകെ ഫറൂഖ് കോളജ് സ്വീകരിച്ചിട്ടുള്ളത്.

ആധാരത്തിൽ പറഞ്ഞപ്രകാരം മുനമ്പത്തെ ഭൂമി വില്പന നടത്തിയിട്ടുണ്ട്. മറ്റാളുകൾക്ക് ആധാരം രജിസ്റ്റർ ചെയ്തു നല്കിയിട്ടുണ്ട്. പ്രതിഫലം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ നിയോഗിച്ച എം.എ നിസാർ കമ്മീഷൻ മുമ്പാകെയും ഫറൂഖ് കോളജ് പറഞ്ഞിരുന്നു. എന്നാൽ, അതൊന്നും പരിഗണിക്കാതെ നിസാർ കമ്മീഷൻ മുനമ്പം ഭൂമി വഖഫിൽ ഉൾപ്പെടുത്തി സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് ഫറൂഖ് കോളജ് പറയുന്നത്.

ഫറൂഖ് കോളജ് മുനമ്പത്തെ ഭൂമി അന്യാധീനപ്പെടുത്തിയതായി മുഹമ്മദ് സിദ്ദിഖ് സേട്ടിന്റെ മക്കൾ നിസാർ കമ്മീഷൻ മുമ്പാകെ ഹർജി നല്കിയിരുന്നു. 2008-ൽ കമ്മീഷൻ കോളജിനു നോട്ടീസ് അയയ്ക്കുകയും ചെയ്തു. വഖഫ് തീരുമാനിക്കാൻ കമ്മീഷന് അധികാരമില്ലെന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ ഫറൂഖ് കോളജ് വാദിച്ചിരുന്നു.

കമ്മീഷന്റെ അധികാരം ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ റിട്ട് സമർപ്പിക്കുകയും ചെയ്തു. നിസാർ കമ്മീഷനോട് വഖഫ് വിഷയത്തിൽ തീരുമാനമെടുക്കുന്നതിനു മുമ്പ് അധികാരം ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. എന്നാൽ, ഇക്കാര്യം പരിശോധിക്കാതെ കമ്മീഷൻ ഏകപക്ഷീയമായി മുനമ്പം ഭൂമി വഖഫ് സ്വത്താണെന്നു കാണിച്ച് റിപ്പോർട്ട് നല്കിയതായി ഫറൂഖ് കോളജ് ചൂണ്ടിക്കാട്ടുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വഖഫ് ബോർഡ് നടപടി ആരംഭിച്ചത്.

വഖഫ് ബോർഡ് ഈ വിഷയം പരിഗണിച്ചപ്പോൾ മുനമ്പം ഭൂമി വഖഫ് അല്ല എന്ന നിലപാടാണ് ഫറൂഖ് കോളജ് സ്വീകരിച്ചത്. പറവൂർ കോടതിയിലെ കേസിന്റെ രേഖകൾ അടക്കം എല്ലാം ബോർഡ് മുമ്പാകെ ഹാജരാക്കിയിരുന്നു. അതിനുശേഷമാണ് മുനമ്പം ഭൂമി വഖഫ് ഭൂമിയാണെന്നു കാണിച്ച് ബോർഡ് ഉത്തരവിറക്കിയത്. ഈ ഉത്തരവാണ് ഫറൂഖ് കോളജ് ചോദ്യം ചെയ്തിട്ടുള്ളത്.

ക്രയവിക്രയ സ്വാതന്ത്ര്യം ആധാരത്തിൽ നല്കിയ സാഹചര്യത്തിൽ മുനമ്പത്തേത് വഖഫ് അല്ലെന്നും ദാനം തന്നെയാണെന്നുമുള്ള നിലപാടിൽ ഫറൂഖ് കോളജ് ഉറച്ചുനില്ക്കുകയാണ്.

## മുനമ്പം ഭൂപ്രശ്നം പരിശോധിക്കാൻ ജുഡീഷ്യൽ കമ്മീഷൻ

തിരുവനന്തപുരം: മുനമ്പം വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനായി ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചു. ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷനാകും മുനമ്പം ഭൂമിപ്രശ്നം നിയമപരമായി ശാശ്വതമായി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുക. എൻക്വയറി കമ്മീഷൻ ആക്ടനുസരിച്ചാണ് ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചതെന്നും മൂന്നു മാസത്തിനകം റിപ്പോർട്ട് നല്കാൻ നിർദ്ദേശിക്കുമെന്നും മന്ത്രിമാരായ പി. രാജീവ്, കെ. രാജൻ, വി. അബ്ദുറഹ്മാൻ എന്നിവർ അറിയിച്ചു.

ഇപ്പോൾ മുനമ്പത്തു താമസിക്കുന്നവർക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുന്നതിനാണ് കമ്മീഷനെ നിയമിച്ചത്. കൈവശക്കാരുടെ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് കമ്മീഷൻ ഇവിടെയുള്ള അർഹരെ കണ്ടെത്തും. ഇവരെ കുടിയൊഴിപ്പിക്കില്ല. ഇവിടെ താമസിക്കുന്ന കൈവശാവകാശമുള്ള ഒരാളെയും ഒഴിപ്പിക്കില്ല.

ഇനി ഇത്തരത്തിലുള്ള ഒഴിപ്പിക്കൽ നോട്ടീസുകൾ നല്കരുതെന്ന് വഖഫ് ബോർഡിനോട് യോഗം അഭ്യർത്ഥിച്ചു. ജുഡീഷ്യൽ കമ്മീഷൻ തീരുമാനം വരുന്നതുവരെ നോട്ടീസ് നല്കില്ലെന്ന് വഖഫ് ബോർഡ് യോഗത്തിൽ ഉറപ്പു നല്കി.

മുനമ്പം ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ ഒമ്പതു കേസും വഖഫ് ട്രൈബ്യൂണലിൽ രണ്ട് കേസും നിലവിലുള്ള സാഹചര്യത്തിലാണ് നിയമപരമായ ശാശ്വതപരിഹാരം കണ്ടെത്താൻ കമ്മീഷനെ നിയോഗിച്ചതെന്നാണ് മന്ത്രിമാർ പറയുന്നത്. നിയമപരമായ എല്ലാ വശവും കമ്മീഷൻ പരിശോധിക്കും. വിലകൊടുത്ത് വാങ്ങിയവർക്ക് അടക്കം നിയമപരമായ എല്ലാ പരിരക്ഷയും ഉറപ്പാക്കുമെന്നും അവർ അറിയിച്ചു.

## വൻകിട സംരംഭങ്ങൾക്ക് പ്രത്യേക നിക്ഷേപമേഖല രൂപീകരിക്കുന്നു

തിരുവനന്തപുരം: വൻകിട സംരംഭങ്ങൾക്കായി കേരളത്തിൽ പ്രത്യേക നിക്ഷേപമേഖലകൾ (സ്പെഷൽ ഇൻവെസ്റ്റ്മെന്റ് റീജൻസ്) രൂപീകരിക്കാൻ നിയമം വരുന്നു. വിപുലമായ അധികാരങ്ങളോടെ സംസ്ഥാന, മേഖലാ തലങ്ങളിൽ ബോർഡുകൾ രൂപീകരിച്ചാകും ഇവയുടെ പ്രവർത്തനം. നിക്ഷേപ ലൈസൻസ് ഉൾപ്പെടെ എല്ലാ അനുമതികളും ബോർഡുകൾ നൽകും.

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സർക്കാർ / സർക്കാരിതര ഏജൻസികൾ, ഫണ്ടിങ് ഏജൻസികൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾ, കമ്പനികൾ തുടങ്ങിയവയുമായി സഹകരിച്ചു മേഖല വികസിപ്പിക്കാൻ ബോർഡുകൾക്ക് അനുവാദമുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ അധികാരപരിധിക്കു പുറത്താകും ഈ മേഖലകൾ. ക്രമസമാധാനപാലനം, സുരക്ഷ, ദുരന്തനിവാരണം, ആരോഗ്യ-പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതലയും ബോർഡിനായിരിക്കുമെന്നു കരടുബില്ലിൽ പറയുന്നു. നിക്ഷേപത്തിന് എത്തിയവർ നിയമലംഘനം നടത്തിയാൽ 10,000 രൂപ മുതൽ ഒരു കോടി രൂപ വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. വ്യവസായ വകുപ്പ് തയാറാക്കി ധന, റവന്യൂ, നിയമ വകുപ്പുകൾ പരിശോധിച്ച ബിൽ ഇനി മന്ത്രിസഭയുടെ പരിഗണനയ്ക്കു വരും.

പ്രത്യേക നിക്ഷേപമേഖലകളും സമീപ പ്രദേശങ്ങളും ഭരണഘടനയിലെ 243 ക്യു വകുപ്പുപ്രകാരമുള്ള വ്യവസായ ടൗൺഷിപ്പുകളായിരിക്കും. മേഖലാ ബോർഡിന്റെ നടപടികളെക്കുറിച്ച് സംസ്ഥാന ബോർഡിനോടും അതിനെക്കുറിച്ചു സർക്കാരിനോടും പരാതിപ്പെടാം. സിവിൽ കോടതിക്ക് ഈ നിയമപ്രകാരമുള്ള കാര്യങ്ങളിൽ സ്വമേധയാ കേസെടുക്കാനാകില്ല. സർക്കാരാണ് നിക്ഷേപമേഖല ഏതെന്നു വ്യക്തമാക്കി വിജ്ഞാപനം ചെയ്യുന്നത്. തുടർന്ന് സർക്കാർ ഭൂമി ഏറ്റെടുത്തു നൽകുകയോ വിലയ്ക്കു വാങ്ങി നൽകുകയോ ചെയ്യും. സ്വകാര്യവ്യക്തികളിൽനിന്നു 2013-ലെ നിയമപ്രകാരവും സ്ഥലം ഏറ്റെടുക്കും. ഇവിടെ വാണിജ്യ, സേവന മേഖലകളിലായി സംരംഭങ്ങൾ തുടങ്ങാൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറിൽ ഭൂമി കൈമാറാൻ ബോർഡിന് അധികാരമുണ്ട്. മുഖ്യമന്ത്രിയാകും സംസ്ഥാന ബോർഡിന്റെ ചെയർപേഴ്സൺ.

## മേഘനാദൻ അന്തരിച്ചു



കോഴിക്കോട്: പ്രമുഖ ചലച്ചിത്ര, സീരിയൽ നടൻ മേഘനാദൻ (60) അന്തരിച്ചു. പ്രശസ്ത നടൻ ബാലൻ കെ. നായരുടെ മകനാണ്. അമ്മ ശാരദാ ബാലൻ കെ. നായർ. ഭാര്യ: സുസ്മിത. ഏകമകൾ പാർവതി. ഹരിഹരൻ സംവിധാനം ചെയ്ത പഞ്ചാഗ്നിയിലെ വേഷത്തിലൂടെ ശ്രദ്ധേയനായി. ചമയം, രാജധാനി, ഭൂമിഗീതം, ചെങ്കോൽ, മലപ്പുറം ഹാജി മഹാനായ ജോജി, പ്രായിക്കര പാപ്പൻ, ഉദ്യാനപാലകൻ, ഈ പുഴയും കടന്ന്, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, ഉല്ലാസപ്പൂങ്കാറ്റ്, രാഷ്ട്രം, കുടമാറ്റം, വാസ്തവം, ഒരു മറവത്തൂർ കനവ്, തച്ചിലേടത്ത് ചുണ്ടൻ, ഉത്തമൻ, താന്തോന്നി, സൺഡേ ഹോളിഡേ, ആക്ഷൻ ഹീറോ ബിജു തുടങ്ങിയ സിനിമകളിൽ വേഷങ്ങൾ ചെയ്തു. തമിഴ് സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA
KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ജോയി ഇണ്ടിക്കുഴി ഇല്ലിനോയി മലയാളി അസോസിയേഷൻ പ്രസിഡണ്ട്



പ്രസിഡണ്ട്
ജോയി ഇണ്ടിക്കുഴി



എക്സി. വൈസ് പ്രസിഡണ്ട്
സ്റ്റീഫൻ ചൊള്ളമ്പേൽ



വൈസ് പ്രസിഡണ്ട്
ജോസി കുരിശിങ്കൽ




സെക്രട്ടറി
പ്രജിൽ അലക്സാണ്ടർ



ജോയിന്റ് സെക്രട്ടറി
ലിൻസ് ജോസഫ്



ട്രഷറർ
ഷാനി എബ്രഹാം



ജോയിന്റ് ട്രഷറർ
ജോർജ് മാത്യു

ചിക്കാഗോ: 1991-ൽ സ്ഥാപിതമായ ചിക്കാഗോയിലെ പ്രമുഖ മലയാളി സംഘടനയായ ഇല്ലിനോയി മലയാളി അസോസിയേഷന്റെ അടുത്ത വർഷത്തേക്കുള്ള (2025-26) പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡണ്ട് സ്ഥാനത്തേക്ക് ജോയി ഇണ്ടിക്കുഴിയും സീനിയർ വൈസ് പ്രസിഡണ്ടായി സ്റ്റീഫൻ ചൊള്ളമ്പേലും വൈസ് പ്രസിഡണ്ടായി ജോസി കുരിശിങ്കൽ, സെക്രട്ടറിയായി പ്രജിൽ അലക്സാണ്ടറും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ജോയിന്റ് സെക്രട്ടറിയായി ലിൻസ് ജോസഫ് താന്നിച്ചുവട്ടിൽ, ട്രഷററായി ഷാനി എബ്രഹാം, ജോയിന്റ് ട്രഷററായി ജോർജ് മാത്യുവിനെയും തെരഞ്ഞെടുത്തു.

നവംബർ 22-ന് വെള്ളിയാഴ്ച വൈകിട്ട് ചിക്കാഗോ കെ.സി.എസ് കമ്യൂണിറ്റി സെന്ററിൽ ചേരുന്ന ഐ.എം.എ പൊതുയോഗത്തിൽ വെച്ച് പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണച്ചടങ്ങ് നിർവഹിക്കും.

ഇലക്ഷൻ കമ്മിറ്റി അംഗങ്ങളായ സിബു മാത്യു, ജോർജ് പണിക്കർ, സാം ജോർജ് എന്നിവർ ചടങ്ങിനു നേതൃത്വം നല്കും. ഐ.എം.എ സംഘടനയിലെ എല്ലാ മെംബേഴ്സും തദവസരത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

# ഫൊറോന ഫെസ്റ്റ് വിജയകരമായി നടത്തപ്പെട്ടു

**അമോൽ ചെറുകര**

സാൻഹൊസെ: അമേരിക്കയിലെ പ്രശസ്തമായ സിലിക്കൺ വാലിയിൽ ഉൾപ്പെടുന്ന സാൻഹൊസെയിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിൽവെച്ചു നടത്തപ്പെട്ട ഫൊറോന ഫെസ്റ്റ് ഒരു മഹാവിജയമായി പര്യവസാനിച്ചു. ഒക്ടോബർ 19-ന് ആയിരുന്നു ഈ ഗംഭീര പരിപാടി നടത്തപ്പെട്ടത്.

സെന്റ് മേരീസ് ക്നാനായ ഫൊറോന ചർച്ച്, സാൻഹൊസെ, സെന്റ് പോപ്പ് പയസ് ടെൻ ക്നാനായ കാത്തലിക് ചർച്ച്, ലോസാഞ്ചലസ്, സെന്റ് ജോൺ പോൾ 11 ക്നാനായ കാത്തലിക് മിഷൻ, സാക്രമെന്റോ എന്നീ ഇടവകകൾ ആണ് ഈ ഫൊറോന ഫെസ്റ്റിന്റെ ഭാഗവത്തായത്.

ഒക്ടോബർ 19-ന് രാവിലെ 9-ന് വിശുദ്ധ കുർബാനയോടുകൂടി തുടങ്ങുകയും ശേഷം സാൻഹൊസെ, ലോസാഞ്ചലസ്, സാക്രമെന്റോ എന്നീ ഇടവകാംഗങ്ങൾ നയിച്ച ഫ്ളാഷ് മോബോടുകൂടിയാണ് ഈ ഫെസ്റ്റിന് തുടക്കം കുറിച്ചത്.

വികാരിമാരായ ഫാ. ജെമി പുതുശ്ശേരിൽ, സാൻഹൊസെ, ഫാ. ബിനോയ് നാരാമംഗലത്ത്, ലോസാഞ്ചലസ്, ഫാ. റെജിമോൻ തണ്ടാശ്ശേരി, സാക്രമെന്റോ എന്നിവരാണ് ഈ ഫൊറോന ഫെസ്റ്റിന് നേതൃത്വം നൽകിയത്. ഈ മഹോത്സവത്തിന്റെ ജനറൽ കൺവീനർ സാൻഹൊസെയിലെ സെന്റ് മേരീസ് ഫൊറോന ചർച്ച് ട്രസ്റ്റി ആയ ജോസ് മാമ്പിള്ളി ആയിരുന്നു. അദ്ദേഹത്തോടൊപ്പം മറ്റു ഇടവകയിലെ പാരിഷ് സെക്രട്ടറിമാരും കൈക്കാരൻമാരും കോ-ഓർഡിനേറ്റേഴ്സും ഈ പരിപാടിയുടെ വിജയത്തിനായി സഹായിച്ചു. അമേരിക്കയിലെ ക്നാനായ റീജിയൺ വികാർ ജനറൽ ഫാ. തോമസ് മുളവനാൽ ആയിരുന്നു ഫെസ്റ്റിന്റെ മുഖ്യ അതിഥി.

പാട്ട്, പ്രസംഗം, ചിത്രരചന, പ്രച്ഛന്ന വേഷം, ബൈബിൾ ക്വിസ്, മാർഗംകളി, പുരാതന പാട്ട്, ബൈബിൾ നാടകം എന്നീ ഇനങ്ങളിലാണ് മത്സരം നടന്നത്. വ്യക്തിഗതവും ഗ്രൂപ്പുമായും മത്സരങ്ങൾ നടത്തപ്പെട്ടു.

ഈ മഹോത്സവത്തിൽ ഏറ്റവും അധികം പോയിന്റ് കരസ്ഥമാക്കി സെന്റ് പോപ്പ് പയസ് ടെൻ ക്നാനായ കാത്തലിക് ചർച്ച്, ലോസാഞ്ചലസ് ആണ് ഓവറോൾ കിരീടം കരസ്ഥമാക്കിയത്.



ഫൊറോന ഫെസ്റ്റിന് നേതൃത്വം നൽകിയവർ വികാർ ജനറൽ ഫാ. തോമസ് മുളവനാൽ അച്ചനോടൊപ്പം.



ഓവറോൾ കിരീടം കരസ്ഥമാക്കിയ സെന്റ് പോപ്പ് പയസ് ടെൻ ക്നാനായ കാത്തലിക് ചർച്ച്, ലോസാഞ്ചലസ്

**മത്സര വിജയികൾ ചുവടെ**

**ഗ്രൂപ്പ് മത്സരങ്ങൾ**

കൊയർ സോങ്: ഒന്നാം സമ്മാനം ലോസാഞ്ചലസ്, രണ്ടാംസമ്മാനം സാൻഹൊസെ, മൂന്നാം സമ്മാനം സാക്രമെന്റോ.

ബൈബിൾ ക്വിസ്: ഒന്നാം സമ്മാനം ലോസാഞ്ചലസ്, രണ്ടാം സമ്മാനം സാൻഹൊസെ, മൂന്നാം സമ്മാനം സാക്രമെന്റോ.

മാർഗ്ഗംകളി: ഒന്നാം സമ്മാനം സാൻഹൊസെ, രണ്ടാം സമ്മാനം ലോസാഞ്ചലസ്, മൂന്നാം സമ്മാനം സാക്രമെന്റോ.

ഗ്രൂപ്പ്ഡാൻസ് (1-4 ഗ്രേഡ്): ഒന്നാം സമ്മാനം ലോസാഞ്ചലസ്, രണ്ടാം സമ്മാനം സാക്രമെന്റോ, മൂന്നാം സമ്മാനം സാൻഹൊസെ.

ഗ്രൂപ്പ്ഡാൻസ് (5-8 ഗ്രേഡ്): ഒന്നാം സമ്മാനം സാൻഹൊസെ, രണ്ടാം സമ്മാനം സാക്രമെന്റോ, മൂന്നാം സമ്മാനം ലോസാഞ്ചലസ്.

ഗ്രൂപ്പ്ഡാൻസ് (9-12 ഗ്രേഡ്): ഒന്നാം സമ്മാനം സാൻഹൊസെ, രണ്ടാം സമ്മാനം ലോസാഞ്ചലസ്, മൂന്നാം സമ്മാനം സാക്രമെന്റോ.

പുരാതനപ്പാട്ട്: ഒന്നാം സമ്മാനം സാൻഹൊസെ, രണ്ടാം സമ്മാനം ലോസാഞ്ചലസ്, മൂന്നാം സമ്മാനം സാക്രമെന്റോ.

ബൈബിൾ സ്കിറ്റ്: ഒന്നാം സമ്മാനം ലോസാഞ്ചലസ്, രണ്ടാം സമ്മാനം സാൻഹൊസെ, മൂന്നാം സമ്മാനം സാക്രമെന്റോ.

**വ്യക്തഗത മത്സരങ്ങൾ**

ഫാൻസി ഡ്രസ്സ് (കിൻഡർ ഗാർട്ടൺ): ഒന്നാം സമ്മാനം ചാൾസ് ചാമക്കാല (ലോസാഞ്ചലസ്), രണ്ടാം സമ്മാനം നോഹ ആട്ടയിൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം എലിസ മുല്ലപ്പള്ളിൽ (സാൻഹൊസെ).

പെയിന്റിംഗ് (കിൻഡർ ഗാർട്ടൺ): ഒന്നാം സമ്മാനം ഐറിൻ മൂത്തേടത്ത് (സാക്രമെന്റോ), രണ്ടാംസമ്മാനം നോഹ ആട്ടയിൽ (ലോസാഞ്ചലസ്), മൂന്നാംസമ്മാനം ചാൾസ് ചാമക്കാല (ലോസാഞ്ചലസ്).

പ്രസംഗം (1-4 ഗ്രേഡ്): ഒന്നാം സമ്മാനം അഥീന ചെറുകര (സാൻഹൊസെ) രണ്ടാം സമ്മാനം സോഫിയ കണിയാപറമ്പിൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം മിയാ കുടിലിൽ (ലോസാഞ്ചലസ്).

പ്രസംഗം (5-8 ഗ്രേഡ്): ഒന്നാം സമ്മാനം ആൻഡ്രൂ മലയിൽ (സാക്രമെന്റോ), രണ്ടാം സമ്മാനം റേച്ചൽ കണ്ണാലിൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം ബ്രൈസ് കളപ്പുരയിൽ (സാക്രമെന്റോ).

പ്രസംഗം (9-12 ഗ്രേഡ്): ഒന്നാം സമ്മാനം ഇവ മണലേൽ (ലോസാഞ്ചലസ്), രണ്ടാം സമ്മാനം ഗബ്രിയേൽ മരങ്ങാട്ടിൽ (സാക്രമെന്റോ), മൂന്നാം സമ്മാനം നോഹ ഓണശ്ശേരിൽ (സാൻഹൊസെ).

പ്രസംഗം (19-35 വയസ്സ്): ഒന്നാം സമ്മാനം ജോബിൻ കുന്നശ്ശേരിൽ (സാൻഹൊസെ), രണ്ടാം സമ്മാനം ജെറിൻ കൊക്കരവാലേൽ (സാക്രമെന്റോ), മൂന്നാം സമ്മാനം ക്രിസ് ഒറ്റതൈക്കൽ (സാൻഹൊസെ).

പ്രസംഗം (36-55 വയസ്സ്): ഒന്നാം സമ്മാനം ആൽഫി കണ്ണാലയിൽ (സാൻഹൊസെ), രണ്ടാം സമ്മാനം ജോസി കുടിലിൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം ജെയിംസ് പാലകൻ (സാൻഹൊസെ).

(ശേഷം 30-ാം പേജിൽ)

# "കൈക്കുമ്പിളിൽ തന്ന കനകനിധി" പൗരോഹിത്യ ജൂബിലി ഗാനം മാർ ജോയി ആലപ്പാട്ട് പ്രകാശനം ചെയ്തു

എബി തെക്കനാട്ട്





മയാമി: ഫാ. സജി പിണർക്കയിൽ രചനയും സംഗീതവും നിർവഹിച്ച്, പ്രിൻസ് ജോസഫ് ആലാപനവും ഓർക്കസ്ട്രേഷനും നിർവഹിച്ച പൗരോഹിത്യ ജൂബിലി ഗാനം മാർ ജോയി ആലപ്പാട്ട് പ്രകാശനം ചെയ്തു.

കൈക്കുമ്പിളിലെ കനകനിധിയായ പൗരോഹിത്യം, നിത്യ പുരോഹിതന്റെ ഇഷ്ടത്തിനൊത്ത് ജീവിക്കാൻ സജിയച്ചന് പ്രചോദനമാകട്ടെ എന്ന് പിതാവ് ആശംസിച്ചു. സ്വീകരിക്കുന്നതിനേക്കൾ കൊടുക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന സജിയച്ചൻ ചിക്കാഗോ രൂപതയ്ക്ക് ഒരു മാതൃകയാണെന്ന് പിതാവ് ഓർമ്മിച്ചു. ജൂബിലി ഗാനം ഇതിനോടകം നൂറുകണക്കിന് ആളുകൾ ഏറ്റെടുത്തു കഴിഞ്ഞു.

ലൂർദ്, ഫാത്തിമ, റോസാമിസ്റ്റിക്കാ, മജുഗോറി തുടങ്ങിയ സ്ഥലത്തെ കാഴ്ചകൾകൊണ്ട് ചിത്രീകരിച്ചിരിക്കുന്ന വീഡിയോ കണ്ണിന് ആനന്ദകരമാണ്.

സജി പിണർക്കയിൽ എന്ന യൂട്യൂബ് ചാനലിൽ ഇത് കാണാൻ സാധിക്കുന്നതാണ്.

# മെൽബൺ അഡ്വെഞ്ചർ ക്ലബിന്റെ ആനുവൽ ട്രിപ്പ് വൻ വിജയമായി

മെൽബൺ: മെൽബണിലെ പ്രശസ്തമായ അഡ്വെഞ്ചർ ക്ലബിലെ പതിനേഴ് അംഗങ്ങൾ അടങ്ങിയ ഓഫ് റോഡ് ചരിത്രതാളുകളിൽ ഇടംനേടി. മെൽബണിൽനിന്നും ആദ്യമായാണ് ഏഴ് മണിക്കൂർ റോഡ് മാർഗ്ഗം സഞ്ചരിച്ച് അഡിലിഡിലെ അഡ്വെഞ്ചർ പ്രേമികളുടെ പറുദീസ എന്ന് വിശേഷിപ്പിക്കുന്ന Stockmans Dune and Chinaman Well Track, Pelila Truck, Netting Tense Truck എന്നിവ അടങ്ങുന്ന പ്രദേശത്തേക്ക് യാത്ര തിരിച്ചത്. മൂന്നുദിവസം നീണ്ടുനിന്ന ഓഫ് റോഡ് ഇത്തവണ എന്തുകൊണ്ടും വ്യത്യസ്തമായിരുന്നു. Lildle desert Nature Resort- N Hill -ൽ ആയിരുന്നു അഡ്വെഞ്ചർ ക്ലബിലെ കേഡറ്റുകളുടെ താമസം അറേഞ്ച് ചെയ്തിരുന്നത്. രണ്ടാംദിവസം അഞ്ച് ഫോർവീൽ ഡ്രൈവ് വണ്ടികളിലായി പതിനേഴ് കേഡറ്റുകൾ അതിസാഹസിക ഡിസേർട്ടുകളിൽ ഒന്നായ ബിഗ് ഡ്യൂൺ ട്രാക്, ബിഗ് ഡിസേർട്ട് വഴിയുള്ള യാത്ര പുതിയ അനുഭവമായി.

ഓസ്ട്രേലിയായിലെ അഡിലിഡ് പ്രദേശത്തെ പ്രാന്തപ്രദേശങ്ങളിൽ നോക്കെത്താദൂരത്ത് പരന്നുകിടക്കുന്ന മരുഭൂമിയിലൂടെയുള്ള യാത്ര ഈ ലേഖകനും പുതിയ അനുഭവമായി. ഡ്രൈവിംഗ് രംഗത്തെ കുലപതികളായ ക്യാപ്റ്റൻമാർ ജോസ് ചക്കാലയും, കൊച്ചുമോൻ തച്ചേട്ടും ഈ പ്രാവശ്യത്തെ കോ-ഓർഡിനേറ്റർമാരായ സോണി പുലിമല, സിറിൽ മൂലക്കാട്ട്, കൂടാതെ സോബി പുളിമലയുടെ ഉടമസ്ഥതയിലുള്ള ആയിരം കുതിരശക്തിയോടെ കുതിക്കുന്ന Patrol എന്നിവരുടെ വാഹനങ്ങളിൽ ആയിരുന്നു മണലാരണ്യത്തിലൂടെ ഓഫ്റോഡ് യാത്ര നടത്തിയത്. മൂന്നാംദിവസം ഡാബോല പിങ്ക് ലേക്കിന്റെ തീരത്തുകൂടിയുള്ള യാത്ര അതിസാഹസികമായിരുന്നു. മൂന്നുദിവസം നീണ്ടുനിന്ന യാത്രയ്ക്ക് വേണ്ട ഭക്ഷണങ്ങൾ തയ്യാറാക്കുന്നതിന് ഷാജി ചക്കാലയിൽ, സോബി പുളിമല എന്നിവർ നേതൃത്വം നൽകി. അംഗങ്ങൾക്ക് ആത്മധൈര്യം പകർന്നുനൽകാൻ പാനീയങ്ങൾ വിളമ്പിയിരുന്നത്



റെജി പാറയ്ക്കൻ

ജയ്മോൻ പോളപ്രായിലും, കറിയാച്ചൻ കൊച്ചുപറമ്പിലുമായിരുന്നു. മൂന്നുദിവസം വനാന്തരത്തിലെ മണലാരണ്യത്തിലൂടെ ജീവൻ പണയംവെച്ച് നടത്തിയ ഓഫ്റോഡിൽ ജോസ് ചക്കാല, കൊച്ചുമോൻ തച്ചേട്ട്, സോബി പുളിമല, സിറിൽ മൂലക്കാട്ട്, രേണു തച്ചേടൻ, മോൻസി പൂത്തറ, സൈമച്ചൻ ചാമക്കാലാ, ജയ്മോൻ പോളപ്രായിൽ, പീൽസി കമ്പക്കാലുങ്കൽ, ഷാനി കോയിക്കാട്ട്, റെജി പാറയ്ക്കൻ, ഷാജി ചക്കാലയിൽ, ബാബു മണലേൽ, അലക്സ് വെള്ളാപ്പള്ളി, സോണി പുലിമല, ജിൻസ് കണ്ണച്ചാൻപറമ്പിൽ, കറിയാച്ചൻ കൊച്ചുപറമ്പിൽ എന്നീ കേഡറ്റുകൾ അഡ്വഞ്ചർ ക്ലബിന്റെ ഓഫ്റോഡിൽ പങ്കെടുത്തു.



# ഡോ. എം.കെ. ലൂക്ക – ഒരു ഓർമ്മക്കുറിപ്പ്

റ്റോമി കുഞ്ഞമ്മാട്ടിൽ

പറയാതിരിക്കാൻ ആവില്ലെനിക്ക്
എഴുതാതിരിക്കാൻ ആവില്ലെനിക്ക്

ജീവിച്ചിരുന്നപ്പോൾ ലൂക്കായുടെ നന്മ മനസ്സിലാക്കിയ ഒരു സുഹൃത്ത് എന്ന നിലയിൽ ഈ അനുസ്മരണം എഴുതാൻ എനിക്ക് അർഹത ഉണ്ടെന്ന് ഞാൻ കരുതുന്നു.

പതിവുപോലെ മരണശേഷം അപദാനങ്ങൾ പാടിപ്പുകഴ്ത്തുകയല്ല. മറിച്ച്, ഇപ്പോൾ ചെയ്തില്ലെങ്കിൽ ലൂക്കായോട് ചെയ്യുന്ന ഒരു അനീതി ആകുമെന്ന തോന്നൽ.

ജീവിച്ചിരുന്നപ്പോൾ പുകഴ്ത്തൽ കേൾക്കാൻ ലൂക്കാ ഇഷ്ടപ്പെട്ടിരുന്നില്ല. പരസ്യങ്ങൾ ഇഷ്ടപ്പെടാതിരുന്ന ഒരു നന്മ മരം.

അദ്ദേഹത്തിന്റെ സഹായം സ്വീകരിച്ച ചാരിറ്റി പ്രസ്ഥാനങ്ങൾ നിരവധി. ഇതിൽ തുകയുടെ വലിപ്പംകൊണ്ട് ഏറ്റവും വലുത് ഡോ. ഗോപിനാഥ് മുതുകാടിന്റെ കാസർകോഡ് പദ്ധതിക്ക് നല്കിയതാണ്. 2 കോടി രൂപയോളം മുടക്കി പതിനഞ്ച് ഏക്കറിനു മുകളിൽ നീലേശ്വരത്തു സ്ഥലം വാങ്ങി നല്കി. വീടില്ലാത്ത 15-ൽപരം സാധുക്കൾക്ക് മുല്ലക്കാനത്ത് വീട് നിർമ്മിച്ചു നല്കി. കിടങ്ങൂർ ഉൾപ്പെടെ മറ്റ് സ്ഥലങ്ങളിൽ, വീട് വെക്കാൻ നല്ല തുക സംഭാവനയായും നല്കി.

ഇതിനേക്കാൾ മഹത്തരമായ കാര്യം 60-ൽപ്പരം സാധുപെൺകുട്ടികളെ കഴിഞ്ഞ 20 വർഷത്തെ കാലയളവിൽ ബി.എസ്സി നേഴ്സിങ് പഠനത്തിന് മുഴുവൻ ചെലവും വഹിച്ച് പഠനം പൂർത്തിയാക്കാൻ സഹായിച്ചതാണ്. അതുവഴി ആ കുട്ടികളെയും അവരുടെ കുടുംബങ്ങളെയും സാമ്പത്തികമായി ഉയർത്തി അവരുടെ ഭാവി സുരക്ഷിതമാക്കാൻ സഹായിച്ചു. ഇതൊക്കെ കൂടാതെ പലവിധ കാര്യങ്ങൾക്കും സഹായഹസ്തം നീട്ടിയ വിശാലഹൃദയനായിരുന്നു ലൂക്കാച്ചൻ. എഴുതാൻ തുടങ്ങിയാൽ ലിസ്റ്റ് ഇനിയും നീളും.

"അവൻ നന്മ ചെയ്ത് നാടുമുഴുവൻ ചുറ്റി സഞ്ചരിച്ചു" എന്ന ബൈബിൾ വാക്യം ലൂക്കായ്ക്ക് സ്വന്തം; അന്വർത്ഥം. ഇടപെടുന്ന ഏതൊരാളും ലൂക്കായെപ്പറ്റി ഓർക്കാൻ എന്തോ ഒരു മാജിക് അവനിൽ ഉണ്ടായിരുന്നു.

1983-1985 കാലഘട്ടത്തിൽ ഞാൻ പാലാ സെന്റ് തോമസ് കോളജിൽ എം.എസ്സിക്ക് പഠിച്ചകാലം. അതേവർഷം എം.എ. ഹിന്ദിക്ക് ലൂക്കാ ജോയിൻ ചെയ്തു. സി.ആർ. ഹോസ്റ്റലിൽ തുടങ്ങിയ സൗഹൃദം. ഈ വർഷം ഫെബ്രുവരി 23-ാം തീയതി നടത്തിയ ഫോൺ സംഭാഷണം വരെ അതു നിലനിന്നു. പിന്നീടുള്ള ഫോൺവിളികൾ, മറ്റേത്തലയ്ക്കൽ മറുപടി ഇല്ലാത്തത് ആയിരുന്നു. പ്രായംകൊണ്ട് എനിക്ക് വല്യേട്ടൻ ആയിരുന്നെങ്കിലും ഏജ് ഗ്യാപ് ഞങ്ങളിൽ അകൽച്ച സൃഷ്ടിച്ചില്ല. 'മിസ്റ്റർ കുഞ്ഞമ്മാട്ടി, എടാ കുഞ്ഞമ്മാട്ടി' എന്നാണ് ലൂക്കാ എന്നെ വിളിച്ചിരുന്നത്. ശരിക്കും എടാ പോടാ വിളികളായിരുന്നു ഞങ്ങളുടേത്.

സി.ആർ. ഹോസ്റ്റലിൽ നിന്ന് കഥ തുടങ്ങാം. എപ്പോഴും ചിരിച്ച് കളിച്ച് പ്രസന്നവദനനായി നടന്ന ലൂക്കാ എത്ര പെട്ടെന്നാണ് സി.ആർ. ഹോസ്റ്റലിലും പിന്നെ കോളജിലും താരമായത്. പ്രീഡിഗ്രി സ്റ്റുഡന്റ്സ് മുതൽ മാസ്റ്റേഴ്സിനു പഠിക്കുന്നവർ വരെ ലൂക്കായെ അവരുടെ ഫേവറേറ്റ് ആയി കണ്ടു.

പലപ്പോഴായി നടന്ന സ്വകാര്യസംഭാഷണങ്ങളിൽ എന്തുകൊണ്ടാണ് ഏജ് ഗ്യാപ്പിൽ എം.എയ്ക്ക് ചേരേണ്ടി വന്നത് എന്ന് ലൂക്കാ വിശദീകരിച്ചു. സംഭവബഹുലമായ ഒരു സിനിമാക്കഥയെ വെല്ലുന്ന ലൂക്കായുടെ ജീവിതാനുഭവങ്ങൾ ഞാൻ മനസ്സിലാക്കി. ലൂക്കായോടുള്ള എന്റെ ബഹുമാനം നാൾക്കുനാൾ വർദ്ധിച്ചുവന്നു.

പിന്നീട് ജോലിയുമായി ഞങ്ങൾ പല സ്ഥലങ്ങളിലായെങ്കിലും ഇടയ്ക്കൊക്കെ കാണാനും സൗഹൃദം നിലനിർത്താനും സാധിച്ചു. എന്റെ കസിൻ ബേബി ചേട്ടായി ലൂക്കായുടെ അയൽവാസി ആയത് ആ സൗഹൃദ നിലനില്പിന് സഹായമായി.

ലൂക്കാ ന്യൂയോർക്കിൽ വന്നശേഷം ഞങ്ങളുടെ സമ്പർക്കം കൂടുതൽ ഊഷ്മളമായി. ഞങ്ങളുടെ ഫോൺ സംഭാഷണങ്ങൾ ചിരിയിൽ തുടങ്ങി എന്റെ സ്നേഹപൂർവ്വമായ തെറിയിൽ ആണ് അവസാനിക്കാറ്. ഫെബ്രുവരി 23-ലെ ഫോൺ സംഭാഷണവും അങ്ങനെയാണ് അവസാനിച്ചത്.

മറ്റുള്ളവരുടെ ഉയർച്ചയ്ക്ക് സഹായിക്കുന്ന ലൂക്കാ സ്വന്തം ആരോഗ്യം ശ്രദ്ധിക്കുന്നില്ലായിരുന്നു. അതിന്റെ പേരിലാണ് ഞാൻ വഴക്ക് പിടിച്ചിരുന്നത്. എന്നെക്കാൾ ആറേഴ് വയസ് കൂടുതലായിരുന്നെങ്കിലും സമപ്രായക്കാരെപ്പോലെയാണ് ഞങ്ങൾ ഇടപെട്ടിരുന്നത്. നാട്ടിൽ ജീവിച്ചിരുന്ന കാലത്തും ഇടയ്ക്കൊക്കെ വീഡിയോ കോളിലും ഫോൺ കോളിലും ഞങ്ങൾ ബന്ധപ്പെട്ടിരുന്നു.

"നീ നാട്ടുകാർക്കൊക്കെ വാരിക്കോരി കൊടുത്തുകൊള്ളൂ. പക്ഷേ, നിന്റെ കാര്യംകൂടി നീ നോക്കണം" എന്ന എന്റെ സ്നേഹപൂർവ്വമായ ശാസനയ്ക്ക് ലൂക്കായുടെ പതിവ് മറുപടി, "ഓ, ഞാൻ എവിടെയെങ്കിലും വീണുകിടന്നാൽ ആരെങ്കിലും എടുത്ത് ആശുപത്രിയിൽ ആക്കും. മരിച്ചാൽ എവിടെയെങ്കിലും അടക്കും."

സുഹൃത്തേ, നീ പറഞ്ഞത് പ്രവചനം പോലെ സംഭവിച്ചല്ലോ. ആരായിരുന്നു ഞാൻ അറിഞ്ഞ ലൂക്കാ.



ലൂക്കാ നല്ലൊരു ഭർത്താവ് ആയിരുന്നോ? അറിയില്ല. പറയാൻ ഞാൻ ആളുമല്ല. ലൂക്കാ നല്ലൊരു പിതാവ് ആയിരുന്നോ? അതും അറിയില്ല. പറയാൻ ഞാൻ യോഗ്യനല്ല.

ലൂക്കാ നല്ലൊരു മകൻ ആയിരുന്നു. സാക്ഷ്യം സത്യം. ലൂക്കാ നല്ലൊരു സഹോദരൻ ആയിരുന്നു, ലൂക്കാ നല്ലൊരു സുഹൃത്ത് ആയിരുന്നു. ലൂക്കാ നല്ലൊരു പിശുക്കൻ ആയിരുന്നു. പക്ഷേ, പിശുക്കി കൂട്ടുന്നതെല്ലാം മറ്റുള്ളവരെ സഹായിക്കാനായിരുന്നു എന്നറിയാവുന്ന എനിക്ക് അവന്റെ പിശുക്കും ഇഷ്ടമായിരുന്നു. അതു പറഞ്ഞ് ഞാൻ അവനെ കളിയാക്കുമായിരുന്നു.

'ഇത്തിരി ചെയ്ത് ഒത്തിരി പേരെടുക്കുന്ന' അല്പന്മാർ ലൂക്കായെ അറിഞ്ഞാൽ ലജ്ജിച്ച് തലകുനിക്കും, അല്പമെങ്കിലും ഉളിപ്പ് ഉണ്ടെങ്കിൽ.

ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ സ്ഫുടം ചെയ്തെടുത്ത ഒരു വൈഡൂര്യം-അതാണ് ഞാൻ അറിഞ്ഞ ലൂക്കാ. തന്റെ തിക്താനുഭവങ്ങൾ മുന്നോട്ടു കുതിക്കാനുള്ള ഊർജ്ജമായി ഉപയോഗിച്ചവൻ. ആരോടും പരാതിപ്പെടാതെ, വിധിയെ പഴിക്കാതെ, ദുർവിധി ഓർത്ത് വിലപിക്കാതെ ശരിക്കും ജീവിതയുദ്ധം ചെയ്ത പോരാളി.

മുന്നോട്ടുള്ള ഓരോ കുതിപ്പിലും രോഗമായും വേണ്ടപ്പെട്ടവരുടെ വേർപാടുകളായും അവനെ തളർത്താൻ ഒരു പുച്ഛ ചിരിയോടെ വിധി ശ്രമിച്ചുകൊണ്ടിരുന്നു. ഇതൊന്നും തന്നെ ബാധിക്കില്ലെന്ന് സ്വയം കരുതി ലൂക്കാ മുന്നോട്ടു കുതിച്ചു. താൻ നടന്നുവന്ന കഷ്ടപാതയെക്കുറിച്ച് മറക്കാത്തതു കൊണ്ടാകാം ലൂക്കാ ഇത്ര വിശാലഹൃദയനായത്.

ഇന്നത്തെക്കാലത്ത് വിശാലഹൃദയം ഉണ്ടാകുന്നത് വലിയ തെറ്റാണല്ലോ. അങ്ങനെയുള്ളവരെ വിഡ്ഢിയെന്നാണല്ലോ ലോകം വിളിക്കുന്നത്. എങ്കിൽ ലൂക്കായും ഒരു വിഡ്ഢി ആകാം. അങ്ങനെയുള്ളവരെ ചൂഷണം ചെയ്യാനും എളുപ്പമാണല്ലോ. ലൂക്കായ്ക്കും അതു സംഭവിച്ചു. ഇതു വായിക്കുന്നവരിൽ ആ ചൂഷകരിൽ ആരെങ്കിലും ഉണ്ടെങ്കിൽ സുഹൃത്തേ, ഇനിയെങ്കിലും പറ്റിച്ചത് തിരികെ കൊടുക്കൂ. എനിക്ക് ഒന്നുരണ്ടു പേരെ അറിയാം. പേരുകൾ പരസ്യമാക്കാൻ ആഗ്രഹിക്കുന്നില്ല.

ലൂക്കായുടെ സഹായംകൊണ്ട് നേഴ്സിങ് പഠനം നടത്തി സ്വന്തം ജീവിതം സുരക്ഷിതമാക്കിയ അനവധി പേരുണ്ട്. അവരിൽ ഒരാളെങ്കിലും മുന്നോട്ടുവന്ന് ഈ മനുഷ്യനെ അനുസ്മരിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്.

ലൂക്കായിൽ നിന്ന് സഹായം സ്വീകരിച്ച പ്രസ്ഥാനങ്ങളിൽ ഒന്നെങ്കിലും അദ്ദേഹത്തെ അനുസ്മരിക്കുമോ? കാത്തിരുന്നു കാണാം.

എല്ലാവർക്കും 'റിസീവിംഗ് എൻഡിൽ' നില്ക്കാനാണല്ലോ ഇഷ്ടം. ലൂക്കാ എന്നും 'ഗിവിംഗ് എൻഡിൽ' നിന്നവനാണ്.

ദൈവം അവനെ പരീക്ഷിക്കുകയായിരുന്നു എന്നു പറയുന്നവരോട് വെറും പുച്ഛം മാത്രം. ദൈവത്തിന് വേറെ എന്തെല്ലാം പണി കിടക്കുന്നു!

മറ്റുള്ളവർക്കു വേണ്ടി ജീവിച്ച എന്റെ സുഹൃത്തേ, സ്വയം ജീവിക്കാൻ മറന്ന എന്റെ ലൂക്കാ... വിട!

നിനക്ക് എന്റെ കണ്ണുനീർ ആവശ്യമില്ല. മാന്യമായ ഒരു വിടവാങ്ങൽ മാത്രം മതി.

ബൈ ലൂക്കാപ്പി...!

# സി.വി. വളഞ്ഞവട്ടത്തിന്റെ 'സ്വപ്നങ്ങളുടെ കാമുകൻ' നോവലിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു

രാജു മൈലപ്ര

ചിക്കാഗോ: പ്രശസ്ത സാഹിത്യകാരൻ സി.വി. വളഞ്ഞവട്ടത്തിന്റെ 'സ്വപ്നങ്ങളുടെ കാമുകൻ' എന്ന നോവലിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെ



യ്തു. നവംബർ 17-ന് തിരുവല്ല വളഞ്ഞവട്ടം സെ. മേരീസ് ഓർത്തഡോക്സ് ചർച്ച് ദേവാലയത്തിൽ കൂടിയ അനുമോദന സമ്മേളനത്തിൽ ഇടവക വികാരി റവ.ഫാ. ജോൺ ചാക്കോ, റവ.ഫാ. എ.റ്റി വറുഗീസിനു സമർപ്പിച്ച പുസ്തകം മാനേജിംഗ് കമ്മിറ്റി മെം




ബർ മത്തായി ടി. വറുഗീസിന് നല്കിക്കൊണ്ട് അദ്ദേഹം പ്രകാശനകർമ്മം നിർവഹിച്ചു.

കഴിഞ്ഞ നാല് ദശാബ്ദങ്ങളിലധികമായി ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽ സ്ഥിരതാമസമാക്കിയിരുന്ന അദ്ദേഹം ഇപ്പോൾ തിരുവല്ല വളഞ്ഞവട്ടത്ത് റിട്ടയർമെന്റ് ജീവിതം നയിക്കുന്നു.

അമേരിക്കൻ മലയാളികൾക്ക് സുപരിചിതനായ വളഞ്ഞവട്ടം, സ്റ്റാറ്റൻ ഐലൻഡ് മലയാളി അസോസിയേഷൻ പ്രസിഡണ്ട്, സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് ട്രഷറർ, അമേരിക്കൻ ഭദ്രാസന കമ്മിറ്റിയംഗം, ഫൊക്കാനയുടെ പ്രഥമ കമ്മിറ്റിയിലെ മെംബർ, അമേരിക്കയിലെ ആദ്യകാല മലയാള പ്രസിദ്ധീകരണമായ 'അശ്വമേധ'ത്തിന്റെ സബ് എഡിറ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ വിവിധ ജീവിതാനുഭവങ്ങൾ ഹൃദയസ്പർശിയായി അവതരിപ്പിച്ചിട്ടുള്ള ഈ




നോവലിന്റെ അമേരിക്കൻ പ്രകാശനം 2025 ഏപ്രിൽ മാസത്തോടു കൂടി നടത്തപ്പെടുന്നതാണ്.

KERALA EXPRESS പ്രവാസി താളുകൾ



# ചുള്ളിക്കാടിനെ കേൾക്കുമ്പോൾ



ബോബി ബാൽ
ന്യൂജേഴ്സി

ALF 2024 ആയിരുന്നു വേദി. അദ്ദേഹത്തിന്റെ പ്രഭാഷണവും കവിതാപാരായണവും.

ഇതിനുമുൻപ് ഒരിക്കലേ കണ്ടിട്ടുള്ളു. പ്രീഡിഗ്രി കാലഘട്ടത്തിലെപ്പോഴോ. അന്ന് 'നീയേതാ' എന്നൊരു ഒറ്റവരി കവിത ചൊല്ലിത്തന്നു എനിക്ക്.

ഒരിക്കൽ വീട്ടിൽ പോയി. കോളേജ് ഫൈൻ ആർട്ട്സ് ഉദ്ഘാടനത്തിന് ക്ഷണിക്കാൻ. വിജയലക്ഷ്മി പറഞ്ഞു, ബാലൻ ഇവിടെ ഉണ്ടായിരുന്നുന്നെങ്കിൽ ഓടിച്ചേനെ എന്ന്. ഏതോ കോളേജിലെ ഉദ്ഘാടന മഹാമഹത്തിലെ ദുരനുഭവം.

ചുള്ളിക്കാടിനെ കേൾക്കുകയായിരുന്നു. അദ്ദേഹം മോഡറേറ്ററായ എതിരനോട് പറയുന്നു. കവികൾ അറിഞ്ഞതിലും കൂടുതൽ അറിയാത്ത കാര്യങ്ങൾ ആയിരിക്കും എന്ന്... എനിക്ക് തോന്നി, എങ്ങിനെ കൊലപാതകം നടത്താം എന്ന് കവികൾക്ക് കൃത്യമായി അറിയാം. അത്രയും കൃത്യതയോടെ മറ്റൊന്നിനെക്കുറിച്ചും അവർക്കറിവുണ്ടാവില്ല. ചിലപ്പോൾ ഒട്ടും ചോര പൊടിയാതെ, മറ്റു ചിലപ്പോൾ രക്തം വാർന്ന്, പക്ഷേ, വേദനിപ്പിച്ചു തന്നെ പലയാവർത്തി കൊല്ലും.

അല്ലെങ്കിൽ വീടുപേക്ഷിക്കേണ്ടി വന്ന ഓരോരുത്തരും പറയട്ടെ... 'പാതി ചാരിയ ആ പടിയിൽ' തട്ടി വീണു മരിച്ചിട്ടില്ലെന്ന്.

നിരർത്ഥകജീവിതം ഒരു 'എക്സിസ്റ്റെൻഷ്യൽ ക്രൈസിസ്' ആവുമ്പോൾ, ആത്മഹത്യക്കും കൊലയ്ക്കും ഇടയിലൂടാർത്ത നാദം പോലെ പായുന്ന ജീവിതം എന്ന വരികൾക്ക് എന്ത് മൂർച്ചയാണെന്ന്.

ഒന്നോർത്തു നോക്ക്... കമിതാവിന്റെ അസാന്നിധ്യത്തെക്കാൾ വീണ്ടും വീണ്ടും കൊന്നത് ആ വരികളല്ലേ..

അയ്യപ്പന്റെ, റോഡിൽ രക്തം വാർന്ന് മരിച്ചവന്റെ പോക്കറ്റിലെ അഞ്ചു രൂപയിലായിരുന്നു എന്റെ കണ്ണ് എന്നൊരൊറ്റ വരിയിൽ, ഒരു നിമിഷത്തേക്കെങ്കിലും ആത്മനിന്ദയാൽ ചത്ത് പോയെങ്കിൽ എന്ന് തോന്നിയിട്ടില്ലേ. (എഴുത്തുകാരൻ മരിക്കുന്നതിന്റെ അടുത്ത ദിവസം സമ്പൂർണകൃതികളുടെ പരസ്യം ചെയ്യുന്ന പ്രസാധകനെ ഒഴിവാക്കിയിരിക്കുന്നു.)

എനിക്കുമുണ്ടൊരനുഭവം, ഞാൻ ഇന്നലെ അദ്ദേഹത്തോടത് പറഞ്ഞു.

തൊണ്ണൂറുകളുടെ അവസാനത്തിൽ ബൈക്കപകടത്തിൽ പെട്ട് സുഹൃത്ത് മരിക്കുന്നു. ആഫ്റ്റർ ഷോക്കിൽ പെട്ട് ജീവിക്കുന്ന കാലത്ത് പുതിയ പുസ്തകം തപ്പി ഇറങ്ങിയതാണ്. പ്രസ്സ് ക്ലബ് റോഡിലെ കറന്റിൽ, പുസ്തകറാക്കിൽ, വേട്ടക്കാരൻ ഇരയെ കാത്ത് ഒളിച്ചിരിക്കുന്നത് പോലെ, ചുള്ളിക്കാടിന്റെ 'ഡ്രാക്കുള'... പേജ് മറിച്ച് ആദ്യം വായിച്ച കവിത, 'ബാധ'.

ബൈക്കപകടം ഒരു പുതുമയല്ല, തല തകർന്നു മരണം ഒരു പുതുമയല്ല ഓൾഡ് മങ്ക് സായാഹ്നങ്ങൾക്ക് വിട, മാച്ചിസ്മോ വേഗങ്ങൾക്ക് വിട ഇനിയുള്ള കാലം നിന്റെ മാംസത്തോട് പച്ചമണ്ണ് സംസാരിക്കും.

ഓരോ തവണ വായിക്കുമ്പോഴും ഇപ്പൊഴും ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരിക്കുന്നു.

എനിക്ക് തോന്നുന്നു. കവികൾക്ക് എല്ലാം അറിയാം. 'വായനക്കാരെ കൊല്ലാനുള്ള ആയിരത്തിഒന്ന് വഴികൾ' എന്ന് പ്രബന്ധം എഴുതാനും മാത്രം അറിവ്

ചുള്ളിക്കാടിനെ കേൾക്കുകയായിരുന്നു... 'സ്റ്റോക്ക്ഹോമിലെ ഹേമന്തം'... പിന്നെ ഒരുപാട് ചെറിയ കവിതകളും.

ഇടയ്ക്കെപ്പോഴോ കേട്ട വരികളിൽ പൊടിഞ്ഞ കണ്ണീരിന്റെ ജാള്യത മറയ്ക്കാൻ ഞാൻ പാടുപെടുന്നതിനിടയിൽ അടുത്ത കസേരയിൽ നിന്നൊരു ദീർഘ നിശ്വാസം കേട്ടു. ഭാഗ്യം ഞാൻ ഒറ്റയ്ക്കല്ല.

ചിത്രങ്ങളിൽ ചുള്ളിക്കാട് മാത്രമേയുള്ളൂ. സുന്ദരനാണ് ഇപ്പോഴും. എന്റെ ഉള്ളിലെ ഒരു പെൺകുട്ടിക്ക് കൗതുകം കൂട്ടാൻ മാത്രം സുന്ദരനായ കവി.

കൂടെ നിന്നൊരു പടം പിടിക്കണം എന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഇനിയൊരിക്കലാവട്ടെ.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

കവിത

# വെറും പെണ്ണ്



സോഫി എൻ. പി.
ന്യൂയോർക്ക്

ആൾക്കൂട്ടത്തിനിടയിലും
ഒറ്റപ്പെടാൻ വിധിക്കപ്പെട്ടവൾ....
കൂടെയുള്ളവരുടെ വാക്കുകൾക്ക്
മൂർച്ചയേറുമ്പോൾ ക്ഷമയുടെ
നൂലറ്റം തിരയുന്നവൾ...
ശൂന്യമായ ഇടങ്ങളിൽ ഒറ്റക്ക് ചെന്നിരുന്ന്
കഴിഞ്ഞു പോയ ഇന്നലെകൾ തിരഞ്ഞ്
തിരിച്ചു കിട്ടാത്ത നിമിഷങ്ങളോർത്ത്
മന്ദഹസിക്കുന്നവൾ....
ഒഴുക്ക് നഷ്ടപ്പെട്ട കണ്ണുനീരിന്റെ
അറ്റം തേടി കണ്ണടയ്ക്കാനും...
ചുണ്ടുകളിൽ വിഷാദത്തിന്റെ
വരൾച്ച ബാധിച്ചിട്ടും പ്രിയപ്പെട്ടവർക്കായി
പുഞ്ചിരിയുടെ വസന്തം നൽകുന്നവൾ....

മനസ്സിലെ നോവ് പടരാത്ത മഷിയിൽ മുക്കി
അക്ഷരങ്ങളെ ഹവിസ്സായി അർപ്പിക്കുന്നവൾ....
പാതി വഴിയിലുപേക്ഷിക്കേണ്ടിവന്ന
പലതിന്റെയും ഉൾവിളിക്കായ് കാതോർക്കുന്നവൾ..
നനവ് വറ്റിയ ഹൃദയത്തിൽ പെയ്ത
ഓർമ്മകളുടെ മഴക്കാറിൽ
പ്രണയം തേടുന്നവൾ..
സംസാരത്തിന്റെ മൂർച്ച കൊണ്ട്
ഹൃദയം നീറിയവൾ..
ഒറ്റപ്പെട്ടുഴലുമ്പോൾ ഒറ്റയുടെ
ഇരുട്ട് തേടുന്നവൾ..
കൂട്ട് കൂടിയവരിൽ നിന്നും വേറിട്ട്...
ഒറ്റയെന്ന പുസ്തകത്തിലേക്ക്
ചേക്കേറിയതെന്നെന്ന് ഇന്നും
തിരഞ്ഞുകൊണ്ടിരിക്കുന്നുണ്ടവൾ..
ജീവിക്കാൻ മറന്ന് പോയവൾ...
ഒരു പുഞ്ചിരി കൊണ്ട് നൊമ്പരത്തിന്റെ
ആഴം അളക്കുന്നവൾ......
ഇഷ്ടമുള്ള നിറങ്ങളോ... രുചികളോ...
സ്വപനങ്ങളോ... നിഷേധിക്കപ്പെട്ടവൾ
സമൂഹത്തിൽ നിന്നും
മറയാൻ ആഗ്രഹിക്കുന്നവൾ..
പലയിടത്തും ഭ്രഷ്ട് കൽപ്പിക്കപ്പെട്ടവൾ....



പലപ്പോഴും ജീവിക്കാൻ മറന്നു പോവുന്നവൾ
അക്ഷരാർത്ഥത്തിൽ... വെറും പെണ്ണ്...
അവൾ ഇല്ലാതെ ഒന്നുമില്ല എന്നിട്ടും....*
അവൾ ആരുമല്ല..

# നിരുപാധിക പ്രണയത്തിന്റെ 'പ്രേമനഗരം'

**പുസ്തക പരിചയം**



**ലിൻസ് താന്നിച്ചുവട്ടിൽ**
**ചിക്കാഗോ**


പുതിയ മലയാള നോവലുകളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ് ബിനീഷ് പുതുപ്പണത്തിന്റെ 152 പേജുകൾ മാത്രം ദൈർഘ്യമുള്ള ചെറുനോവൽ പ്രേമനഗരം. നമ്മുടെ കാലപരിസരത്തിൽ നമുക്ക് കാണാവുന്ന രണ്ടു മനുഷ്യർ– നീലുവും മാധവും. അവർ നടക്കുന്ന പാതയെ വേറിട്ടത് എന്ന് വിളിക്കാനാണെ നിക്കിഷ്ടം. നോവലിസ്റ്റ് പറയുന്നുണ്ട്, താൻ കണ്ടറിഞ്ഞിട്ടുള്ള ചിലരുടെ ജീവിതങ്ങളും ചിന്തകളുമൊക്കെ ഈ നോവൽ രചനയിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന്.

തീവ്രാനുരാഗത്തിന്റെ ചൂടും ചൂരും അക്ഷരങ്ങളിലൂടെ നേരെ ചെന്നെത്തുന്നത് വായനക്കാരന്റെ വൈയക്തികാനുഭവങ്ങളിലേയ്ക്കാവാം. രണ്ടു പ്രണയികളുടെ ഉൾത്താപങ്ങളും സംത്രാസങ്ങളും ഈ പുസ്തകത്താളുകളിൽ നിറഞ്ഞു നില്പുണ്ട്. 'നീ പറഞ്ഞുതരാറുള്ള കഥകളിൽ ഒരു കഥയായി നമ്മൾ മാറുകയാണ്. ഒരു പക്ഷേ, നാളെ ആർക്കെങ്കിലും പറഞ്ഞുകൊടുത്താൽ അവർ വിശ്വസിക്കാത്ത കഥ...'

ചിലേടങ്ങളിൽ വാക്കുകൾ കവിതയാകുന്നുണ്ട്. 'മഴയുടെ പെരുമുഴക്കത്തിൽ നമ്മൾ നമ്മളായി പുണർന്നുമരിക്കും.'

നിരുപാധിക സ്നേഹത്തിന്റെ പൊരുളാണ് ഈ പുസ്തകം തേടുന്നത്. ഏതൊരു മനുഷ്യന്റെയും ജൈവചോദനകളിലേയ്ക്ക് നീട്ടിവയ്ക്കുന്ന ഒരു കണ്ണാടിയാണീ പുസ്തകം. ഒരു പക്ഷേ, ഇതു വായിക്കുന്ന വർക്കൊക്കെ ചില നേരങ്ങളിൽ അവനവനെ ആ കണ്ണാടിയിൽ കാണാം. അവരുടെ ആനവണ്ടിയിൽ നമ്മളും ആർത്തുചെയ്യുന്ന മഴയിൽ അവരോടുചേർന്നു കൂടെ പോയേക്കാം.

'ഇനിയൊരിക്കലും
ഒരു ഋതു പിറക്കില്ലിതുപോലെ
നാം പരസ്പരം തൊട്ടമാത്രയിൽ
പൂത്തുലഞ്ഞ പ്രപഞ്ചമെന്നപോൽ'






**കവിത**



**റോയി പൂച്ചേരിൽ**

# ഇന്നലെയുടെ സുഗന്ധം

മറന്നുപോയോ,
ഇന്നലെയുടെ സുഗന്ധം?
മണ്ണും വിയർപ്പും കലർന്ന,
മനുഷ്യത്വം ചാലിച്ച
മഴയുടെ താരാട്ടിൽ,
പുഴയുടെ താളത്തിൽ
മാസ്മരിക
ഹരിതാഭയിലുറങ്ങിയിരുന്ന
മറഞ്ഞു പോയ
കാലത്തിന്റെ നറുമണം?

മനസ്സിനു കുളിർമ്മ നൽകി
ഹൃദയവാടിയിൽ വിടർന്നിരുന്ന
പൂക്കളുടെ?
മാനം മുട്ടെ പരന്നിരുന്ന
സ്വർഗ്ഗീയലാവണ്യമാം
മാനവികതയുടെ?
മഞ്ഞായൂർന്നിറങ്ങി മാനസം
നിറച്ചിരുന്ന സമഭാവനയുടെ?
മാനവസ്നേഹക്കോവിൽ
പരത്തിയിരുന്ന അതിജീവനത്തിന്റെ
പരിമളം?

മായുന്നുവോ,
ഇന്നാ സുഗന്ധം മറയുന്നുവോ?

മരണത്തിന്റെ ദുർഗന്ധമാണോ
ഇന്നതിന്, മാറിയ യുഗത്തിന്റെ?
മനോമാലിന്യങ്ങൾ
മലീമസമാക്കിയ മർത്ത്യന്റെ?
മായാമോഹങ്ങളിൽ
മതിമറന്ന ചിത്തഭ്രമത്തിന്റെ?
മനോരഥങ്ങളിലേറി,
ദുഷ്ചിന്തകൾ വികലമാക്കിയ
മൗഢ്യത്തിന്റെ? മാറിയ
ഋതുവ്യതിയാനങ്ങൾ
താപനമേറ്റിയ മനുഷ്യമാംസം
ചുടുകാട്ടിലെരിയുന്ന
കരിഞ്ഞ ഗന്ധം?

മാറ്റത്തിനൊപ്പം കൂടാൻ സർവ്വം
കൈയ്യേറിയതാണോ?
അതോ, മാറുന്ന കാലം
നാടിനെ മാറ്റിയതാണോ?

**സിനിമ കഥ**

# അൽത്താഫും അനാർക്കലിയും വീണ്ടും ഒന്നിക്കുന്നു

എലമെന്റ്സ് ഓഫ് സിനിമയുടെ ബാനറിൽ എം. ശ്രീരാജ് എ.കെ.ഡി നിർമ്മിക്കുന്ന പുതിയ ചിത്രത്തിൽ അൽത്താഫും അനാർക്കലിയും ജോമോൻ ജ്യോതിറും പ്രധാന വേഷത്തിൽ എത്തുന്നു. സിനിമയുടെ സംവിധാനം നിർവ്വഹിക്കുന്നത് സതീഷ് തൻവിയാണ്. പ്രമുഖ താരങ്ങൾക്കൊപ്പം സിനിമയിൽ പ്രവർത്തിച്ചുകൊണ്ട് തന്നെ സിനിമ പഠിക്കുവാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ടായ 'എലമെന്റ്സ് ഓഫ് സിനിമ'യുടെ ആദ്യ നിർമ്മാണ സംരംഭം കൂടിയാണ് ഈ ചിത്രം എന്ന പ്രത്യേകതയുമുണ്ട്.

അസീസ് നെടുമങ്ങാട്, അന്ന പ്രസാദ് തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ ഒരുമിക്കുന്നത്. ജി. മാർത്താണ്ഡൻ, അജയ് വാസുദേവ്, ഡിക്സൺ പൊടുത്താസ് എന്നിവരാണ് എക്സി. പ്രൊഡ്യൂസർമാർ. ഷിഹാബ് കരുനാഗപ്പള്ളിയുടെ കഥയ്ക്ക് ഷിഹാബും സർജി വിജയനും സതീഷ് തൻവിയും ചേർന്നാണ് തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നത്. കോമഡി ജോണറിൽ ഒരുങ്ങുന്ന സിനിമയുടെ



ചിത്രീകരണം എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായാണ് നടക്കുന്നത്.

ഛായാഗ്രഹണം: നിഖിൽ എസ്. പ്രവീൺ, എഡിറ്റർ: മഹേഷ് ഭുവനേന്ദ്, സംഗീതം: മണികണ്ഠൻ അയ്യപ്പൻ, കോസ്റ്റ്യൂം: ഡോണ മറിയം ജോസഫ്, മേക്കപ്പ്: സുധി ഗോപിനാഥ്, ആർട്ട്: മധു രാഘവൻ, ചീഫ് അസോസിയേറ്റ്: സുമിലാൽ സുബ്രഹ്മണ്യൻ, പ്രൊഡക്ഷൻ കൺട്രോളർ: രാഹുൽ രാജാജി, പബ്ലിസിറ്റി ഡിസൈനർ: ആന്റണി സ്റ്റീഫൻ, മാർക്കറ്റിങ്: ഹെയിൻസ്, പി.ആർ.ഒ: ആതിര ദിൽജിത്ത്

# ഫിലാഡൽഫിയ സെ. തോമസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ഫിലാഡൽഫിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ വിജയകരമായ കിക്കോഫ് മീറ്റിംഗ് നവംബർ 17-ന് ഫിലാഡൽഫിയ



സെ. തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക വേദിയായി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ ഒരുമിച്ചു ചേരുന്ന ആദ്ധ്യാത്മിക സമ്മേളനമാണ് നാല് ദിവസം നീളുന്ന ഫാമിലി യൂത്ത് കോൺഫറൻസ്.

ഫാ. എം.കെ. കുറിയാക്കോസ് (വികാരി), ഫാ. സുജിത് തോമസ് (അസി. വികാരി) എന്നിവരുടെ സഹകാർമ്മികത്വത്തിൽ നടന്ന കുർബാനയ്ക്കുശേഷം ഇടവക സെക്രട്ടറി ജോബിൻ റെജി ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി.

ജോൺ താമരവേലിൽ (ട്രഷറർ), ലിസ് പോത്തൻ (ജോ. ട്രഷറർ), ജെയ്സി ജോൺ (സുവനീർ ചീഫ് എഡിറ്റർ), രാജൻ പടിയറ (പ്രൊസഷൻ കോ-ഓർഡിനേറ്റർ), ദീപ്തി മാത്യു, ആഞ്ജലീന ജോഷ്വ, കെസിയ ഏബ്രഹാം, ഐറിൻ ജോർജ്, ജാസ്മിൻ കുര്യൻ, ജോഷിൻ ഏബ്രഹാം (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവർ ടീമിൽ ഉണ്ടായിരുന്നു. ഇടവക സെക്രട്ടറി ജോബിൻ റെജി, അജിൻ ഏബ്രഹാം (ഇടവക ട്രഷറർ), ഭദ്രാസന അസംബ്ലി അംഗങ്ങളായ ബിന്നി ചെറിയാൻ, ഏബ്രഹാം വറുഗീസ് എന്നിവർ വേദിയിൽ ചേർന്നു.

ഉമ്മൻ കാപ്പിൽ തന്റെ ആമുഖ പ്രസംഗത്തിൽ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായിട്ടുള്ള പുതിയ സംരംഭങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. സമ്പന്നമായ ഒരു ആത്മീയ അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കണമെന്ന് അദ്ദേഹം ഇടവകാംഗങ്ങളോട് അഭ്യർത്ഥിച്ചു.

തുടർന്ന് കോൺഫറൻസ് തീയതി, സ്ഥലം, പ്രസംഗകർ എന്നിവയെക്കുറിച്ച് ദീപ്തി മാത്യു സംസാരിച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു. കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് ജെയ്സി ജോൺ സംസാരിച്ചു. സുവനീറിൽ ലേഖനങ്ങൾ, കഥകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ട്. കോൺഫറൻസിനെ പിന്തുണയ്ക്കാൻ ആകർഷകമായ സ്പോൺസർഷിപ്പ് അവസരങ്ങളെപ്പറ്റി ലിസ് പോത്തൻ വിശദീകരിച്ചു. ഇടവകയുടെ ആദരണീയമായ പാരമ്പര്യം പിന്തുടർന്ന് എന്റർടൈൻമെന്റ് നൈറ്റിൽ പങ്കെടുക്കാൻ ജാസ്മിൻ കുര്യൻ ഇടവകാംഗങ്ങളെ ആഹ്വാനം ചെയ്തു. കെസിയ ഏബ്രഹാമും ആഞ്ജലീന ജോഷ്വയും മുൻ കോൺഫറൻസിൽ പങ്കെടുത്ത അനുഭവം പങ്കുവെക്കുകയും അനശ്വര സ്മരണകൾക്കായി പങ്കെടുക്കാൻ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഫാ. എം.കെ. കുറിയാക്കോസ് മുൻകാല സമ്മേളനങ്ങൾ നയിച്ചതിലും പങ്കെടുത്തതിലുമുള്ള തന്റെ സ്വന്തം അനുഭവത്തെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് എല്ലാവരെയും ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഫാ. എം.കെ. കുറിയാക്കോസും ഫാ. സുജിത് തോമസും രജിസ്ട്രേഷനും സുവനീറിൽ ആശംസകളും നല്കി പിന്തുണ വാഗ്ദാനം ചെയ്തു. ഇടവകയെ പ്രതിനിധീകരിച്ച് ട്രഷറർ അജിൻ ഏബ്രഹാം സുവനീറിനുള്ള സംഭാവന കൈമാറി.

വർഗീസ് തോമസ് (സിൻഡാക്ക് ഇൻവെസ്റ്റ്മെന്റ്സ്) ഡയമണ്ട് ലെവൽ സ്പോൺസർ എന്ന നിലയിൽ തന്റെ പിന്തുണ വാഗ്ദാനം ചെയ്തു. ലിസ് ആൻഡ് അലക്സ് പോത്തൻ ഗോൾഡ് സ്പോൺസർഷിപ്പും ലീലാമ്മ വർഗീസ് ഗ്രാൻഡ് സ്പോൺസർഷിപ്പും നല്കി.

നൈനാൻ മത്തായി ആൻഡ് മാത്യു സാമുവൽ (ലവ് ആൻഡ് ഗ്ലോറി ഹോം കെയർ സർവീസസ്), സുവർണ വർഗീസ് എന്നിവർ ബിസിനസ് പരസ്യങ്ങൾ നല്കി പിന്തുണ അറിയിച്ചു.

കോൺഫറൻസിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തും സുവനീറിൽ വ്യ

**ഉമ്മൻ കാപ്പിൽ**

ക്തിപരമായ ആശംസകൾ ഉൾപ്പെടുത്തിക്കൊണ്ടും നിരവധി ഇടവകകൾ പിന്തുണ വാഗ്ദാനം ചെയ്തു.

ഫാമിലി കോൺഫറൻസിന് ഉദാരമായ പിന്തുണ നല്കിയ വൈദികർക്കും ഇടവകാംഗങ്ങൾക്കും കോൺഫറൻസ് ടീമിനെ പ്രതിനിധീകരിച്ച് ജോൺ താമരവേലിൽ നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്.

റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദികസംഘം ജനറൽ സെക്രട്ടറി), റവ.ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), റവ. ഡീക്കൺ ജോൺ (ജോഷ്വ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), (ശേഷം 30-ാം പേജിൽ)

# IOCUSA VICE-CHAIR GEORGE ABRAHAM, URGENTLY DEPLORES THE RENEWED VIOLENCE IN MANIPUR

'We strongly deplore the dastardly acts of the Arambai Tenggol and Meitei extremists who are once again engaging in killings and burning down houses of worship and vandalizing and destroying houses and properties belonging to the Kuki-Zomi-Hmar indigenous tribes in the Jiribam town, Manipur. We equally condemn the killing of six Meitei women and children by the armed thugs who have precipitated the current flare-up. It once more illustrates the abject failure of the Modi-Shah government in restoring peace in Manipur and rehabilitating the displaced,' said George Abraham, Vice-Chair of the Indian Overseas Congress, USA.



George Abraham

Some would argue that these issues have been complex and based on historical grievances between various tribes. However, to any independent observer, Arambai Tenggol groups encouraged by radical Hindutva elements have not only targeted Christian Churches and Institutions belonging to Kuki-Zo but also the Meitei tribe in the last several months. It appears to be a calculated and orchestrated attempt targeting primarily the Christian minority in the state regardless of their tribal origins.

It is mind-boggling to see Prime Minister Modi and External Affairs Minister Jaishankar expressing concerns about the safety and religious freedom of Overseas Indians who live in Western democracies where their civil rights are better protected while doing nothing to protect their citizens in a state ruled by a BJP government. Isn't it also ironic to see our leaders trying to broker peace between Ukraine and Russia while standing idle and looking helpless to settle the disputes and end violence mostly between Hindu and Christian tribes? We urge the Central Government to prioritize the safety of its citizens in Manipur, showing the same level of zeal they exhibit towards foreign governments.

The BJP government under Biren Singh has totally failed in protecting the life and properties of all its citizens, regardless of their religious affiliations, and the people have lost confidence in his capacity or willingness to arrest the ongoing violence and killings. Therefore, we urge the Modi government to intervene quickly and take steps to bring about long-lasting peace and rehabilitation of thousands of Kuki-Zo people who are still living in the refugee camps.

# സ്റ്റീഫൻ കിടാരത്തിൽ ന്യൂയോർക്ക് ഐകെസിസി പ്രസിഡണ്ട്

ന്യൂയോർക്ക്: ഇന്ത്യൻ ക്നാനായ കാത്തലിക് കമ്യൂണിറ്റി ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ പുതിയ പ്രസിഡണ്ടായി സ്റ്റീഫൻ കിടാരത്തിലും വൈസ് പ്രസിഡണ്ടായി മിനി തയ്യിൽ, സെക്ര




സ്റ്റീഫൻ കിടാരത്തിൽ



മിനി തയ്യിൽ



സാൽബി മാക്കിൽ



സാബു തടിപ്പുഴ



രഞ്ജി മണലേൽ

ട്ടറിയായി സാൽബി മാക്കിൽ, ജോ. സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

റീജണൽ ഏരിയാ കോ-ഓർഡിനേറ്റർമാരായി ലാലി വെളുപ്പറമ്പിൽ ആൻഡ് മേരിക്കുട്ടി കണ്ടാരപ്പള്ളിൽ (റോക്‌ലാൻഡ്), നിഷി കൊടിയന്തറ ആൻഡ് ജസ്റ്റിൻ വട്ടക്കളം (ബിക്യുഎൽഐ), ടിന്റു പട്ടാർകുഴി ആൻഡ് സിബി മനയ്ക്കപറമ്പിൽ (ന്യൂജേഴ്സി/സ്റ്റാറ്റൻ ഐലൻഡ്) കവിത ചെമ്മാച്ചേരിൽ ആൻഡ് സജി കണ്ണങ്കര പുത്തൻപുരയിൽ (വെസ്റ്റ്ചെസ്റ്റർ/കണക്റ്റിക്കട്ട്) എന്നിവരെയും തെരഞ്ഞെടുത്തു. കെസിസിഎൻഎ നാഷണൽ കൗൺസിൽ മെംബേഴ്സായി ബെർണി മുല്ലപ്പള്ളിൽ, ചാക്കോ മണിമല, ജേക്കബ് കുസുമാലയം (യൂത്ത് റെപ്രസെന്റേറ്റീവ്), സാജൻ ഭഗവതികുന്നേൽ, സജി ഒരപ്പാങ്കൽ, സിജു ചെരുവൻകാലായിൽ, ജോയ് പാറടിയിൽ എന്നിവരെയും തെരഞ്ഞെടുത്തു. 1976-ൽ തുടങ്ങിയ അസോസിയേഷന്റെ അമ്പതാം വാർഷികവും 2001-ൽ വാങ്ങിയ റോക്‌ലാൻഡ് കമ്യൂണിറ്റി സെന്ററിന്റെ ഇരുപത്തിഅഞ്ചാം വാർഷികവും അടക്കമുള്ള ഒട്ടനവധി കർമ്മപദ്ധതികളാണ് എക്സിക്യൂട്ടീവ് കമ്മിറ്റി ലക്ഷ്യമിടുന്നത്. ഇതിലേക്കായി ട്രൈസ്റ്റേറ്റിലെ എല്ലാ ക്നാനായക്കാരുടെയും സഹകരണം പ്രതീക്ഷിക്കുന്നതായും എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

# എക്യുമെനിക്കൽ ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ ബെൻസൻവിൽ ഇടവക ജേതാക്കൾ

ചിക്കാഗോ: ചിക്കാഗോയിലെ അപ്പസ്തോലിക സഭകളുടെ കൂട്ടായ്മയായ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവ സഭകളെ പങ്കെടുപ്പിച്ചുകൊണ്ട് വർഷംതോറും നടത്തുന്ന ബാസ്കറ്റ് ബോൾ ടൂർണമെന്റ് നവംബർ 23-ന് ചിക്കാഗോയിലെ ഗ്ലെൻ എലിയെനിൽ സംഘടിപ്പിച്ചു. 11 ടീമുകൾ പങ്കെടുത്ത ആവേശകരമായ ടൂർണമെന്റിൽ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയമാണ് വിജയികളായത്. ഫൈനലിൽ മോർട്ടൻ ഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയെയാണ് വിജയികൾ നേരിട്ടത്. സീറോമലബാർ ഇടവകയാണ് മൂന്നാം സ്ഥാനത്തെത്തിയത്.




മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയി ആലപ്പാട്ട് എന്നിവർ രക്ഷാധികാരികളായ എക്യുമെനിക്കൽ കൗൺസിലിന് ഇപ്പോൾ നേതൃത്വം നല്കുന്നത് റവ. സഖറിയാ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (പ്രസിഡണ്ട്), റവ. ജോ. വർഗീസ് മലയിൽ (വൈസ് പ്രസിഡണ്ട്), പ്രേംജിത്ത് വില്യം (സെക്രട്ടറി), ബീന ജോർജ് (ജോ. സെക്രട്ടറി), ജേക്കബ് കെ. ജോർജ് (ട്രഷറർ) വർഗീസ് പാലമലയിൽ (ജോ. ട്രഷറർ) എന്നിവരാണ്.

# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ ഹോളിഡേ പാർട്ടി ഡിസംബർ 8-ന്

ജിതേഷ് ചുങ്കത്ത്

ചിക്കാഗോ: ചിക്കാഗോയിലും പരിസരങ്ങളിലും താമസിക്കുന്ന എല്ലാ റേഡിയോളജി പ്രൊഫഷണൽസിനെയും പ്രതിനിധാനം ചെയ്യുന്ന മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ (എംആർഎ) 2024-ലെ ഹോളിഡേ പാർട്ടി ഡിസംബർ 8-ന് ഞായറാഴ്ച ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ (KCS Hall, 1800 East Oakton St. Des Plaines) വെച്ച് വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്നതായിരിക്കും. ചിക്കാഗോയിലും പരിസരങ്ങളിലും താമസിക്കുന്ന എല്ലാ എക്സ്റേ, കാറ്റ്സ്കാൻ, എംആർഐ, റേഡിയേഷൻ തെറാപ്പി, ന്യൂക്ലിയർ മെഡിസിൻ, അൾട്രാസൗണ്ട്, മാമോഗ്രാഫി, റേഡിയേഷൻ ഫിസിസിസ്റ്റ് പ്രൊഫഷണൽസും കുടുംബസമേതം ഈ ഫാമിലി പാർട്ടിയിൽ പങ്കെടുക്കണമെന്ന് മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

റേഡിയോളജി മേഖലയിൽ ഈ വർഷം മികവ് തെളിയിച്ചവരെയും വിരമിക്കുന്നവരെയും മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ ചടങ്ങിൽ ആദരിക്കുന്നതായിരിക്കും. വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, കോ-ഓർഡിനേറ്റർ റോമി നെടുംചിറയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ആസൂത്രണം ചെയ്തിട്ടുണ്ട്. റീജ മാക്കിൽ, റോസ് നെടുംചിറ, മാറ്റ് വിലങ്ങാട്ടുശേരി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്. ടിനു പറഞ്ഞാട്ട്, ജിതേഷ് ചുങ്കത്ത് എന്നിവർ ഫുഡ് കോ-ഓർഡിനേറ്റേഴ്സ് ആയിരിക്കും. ബിജി സി. മാണി, ജിജി കുന്നത്തുകിഴക്കേതിൽ എന്നിവർ പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ് ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: പ്രസിഡണ്ട് സോണി പോൾ 224 766 6050, സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട് 847 922 6306, ട്രഷറർ റിച്ചിൻ പി. തോമസ് 312 206 7103, വൈസ് പ്രസിഡണ്ട് ജോണി ജേക്കബ് തൊട്ടപ്ലാക്കൽ 630 656 8454, ജോ. സെക്രട്ടറി റോമി നെടുംചിറ 773 344 2021 എന്നിവരെ ബന്ധപ്പെടുക.


സോണി പോൾ
പ്രസിഡണ്ട്


ജോണി ജേക്കബ് തൊട്ടപ്ലാക്കൽ
വൈസ് പ്രസിഡണ്ട്


ജ്യോതിഷ് തെങ്ങനാട്ട്
സെക്രട്ടറി


റോമി നെടുംചിറ
ജോ. സെക്രട്ടറി


റിച്ചിൻ പി. തോമസ്
ട്രഷറർ

# ശിവഗിരി മഠത്തിന്റെ ആഭിമുഖ്യത്തിൽ വത്തിക്കാനിൽ സർവമത സമ്മേളനം: ലോഗോ പ്രകാശനം ചെയ്തു

തിരുവനന്തപുരം: ശ്രീനാരായണഗുരു ആലുവയിൽ സംഘടിപ്പിച്ച സർവമത സമ്മേളനത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി, വർക്കല ശിവഗിരിമഠം വത്തിക്കാനിൽ നടത്തുന്ന സർവമത സമ്മേളനത്തിന്റെ ഭാഗമായുള്ള ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു.



വത്തിക്കാൻ സർവമത സമ്മേളനത്തിന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു.

ശിവഗിരിമഠം പ്രസിഡണ്ട് സ്വാമി സച്ചിദാനന്ദയും ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയും ചേർന്ന് ഏറ്റുവാങ്ങി. ക്ലിഫ് ഹൗസിൽ നടന്ന ചടങ്ങിൽ സംഘാടക സമിതി സെക്രട്ടറി സ്വാമി വീരേശ്വരാനന്ദ, അമ്മ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ വി.എസ്. സന്തോഷ്കുമാർ, ക്രസ്റ്റ് മീഡിയ ഹൗസിലെ ഉണ്ണികൃഷ്ണൻ കുന്നത്ത്, ആർട്ടിസ്റ്റ് ദീപുകുമാർ സോമൻ, സംഘാടക സമിതി ഡയറക്ടർ ബിജു ഭാസ്കർ എന്നിവർ പങ്കെടുത്തു.

29, 30 തീയതികളിലാണ് വത്തിക്കാൻ സർവമത സമ്മേളനം. ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ശിവഗിരി മഠം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവമത സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

# ഓംചേരി എൻ.എൻ. പിള്ള അന്തരിച്ചു



ന്യൂഡൽഹി: പ്രശസ്ത സാഹിത്യകാരൻ ഓംചേരി എൻ.എൻ. പിള്ള (100) അന്തരിച്ചു. മലയാള സാഹിത്യത്തിനും ആധുനിക നാടകപ്രസ്ഥാനത്തിനും വലിയ സംഭാവനകൾ നല്കിയിട്ടുള്ള ഓംചേരി വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ഡൽഹിയിലെ സെ. സ്റ്റീഫൻസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

കഴിഞ്ഞവർഷം അന്തരിച്ച പ്രശസ്ത സംഗീതജ്ഞയും എഴുത്തുകാരിയുമായ പത്മശ്രീ ലീലാ ഓംചേരിയാണ് ഭാര്യ. ശ്രീറാം കൺസോളിഡേറ്റഡ് കമ്പനിയുടെ സിഇഒ ശ്രീദീപ് ഓംചേരി (എസ്.ഡി. ഓംചേരി) മകനും പ്രമുഖ നർത്തകിയും സംഗീത നാടക അക്കാദമി അവാർഡ് ജേതാവുമായ ദീപ്തി ഓംചേരി ഭല്ല മകളുമാണ്.

# യുദ്ധത്തിൽ റഷ്യ ഭൂഖണ്ഡാന്തര മിസൈൽ പ്രയോഗിച്ചു

കീവ്: യുക്രെയ്ൻ നഗരമായ നിപ്രോയിലേക്ക് റഷ്യ ഭൂഖണ്ഡാന്തര മിസൈൽ പ്രയോഗിച്ചു. ആണവപോർമുന വഹിക്കാൻ ശേഷിയുള്ള ഈ മിസൈൽ ആദ്യമായാണ് യുദ്ധത്തിന് ഉപയോഗിക്കുന്നത്. എന്നാൽ, റഷ്യ ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. യുക്രെയ്ൻ റഷ്യയിലേക്ക് യുഎസ്-ബ്രിട്ടീഷ് മിസൈലുകൾ തൊടുത്തിരുന്നു.

യുക്രെയ്നെതിരെ അണ്വായുധം പ്രയോഗിക്കാൻ മടിക്കില്ലെന്ന മുന്നറിയിപ്പോടെ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ റഷ്യയുടെ അണ്വായുധ നയം തിരുത്തുകയും യുഎസ്, ബ്രിട്ടീഷ്, ഫ്രഞ്ച് മിസൈലുകൾ പ്രയോഗിച്ചാൽ പാശ്ചാത്യസഖ്യം യുക്രെയ്നിൽ നേരിട്ട് ഇടപെട്ടതായി കണക്കാക്കുകയും ചെയ്യുമെന്ന് വ്യക്തമാക്കിയിരുന്നു. ബ്രിട്ടൻ നേരിട്ട് യുദ്ധത്തിന്റെ ഭാഗമായിക്കഴിഞ്ഞെന്ന് യുക്രെയ്നിലെ റഷ്യൻ അംബാസഡർ ആന്ദ്രെ കെലിൻ കുറ്റപ്പെടുത്തി. 33 മാസമായി തുടരുന്ന റഷ്യ-യുക്രെയ്ൻ യുദ്ധം ഇതോടെ കൂടുതൽ സംഘർഷഭരിതമായി. മിസൈലിന്റെ വേഗം പരിഗണിക്കുമ്പോൾ ഇത് ഭൂഖണ്ഡാന്തര മിസൈലാണെന്ന് സംശയിക്കുന്നതായി യുക്രെയ്ൻ പ്രസിഡണ്ട് വൊളോഡിമിർ സെലൻസ്കി പറഞ്ഞു. പിന്നീട് യുക്രെയ്ൻ വ്യോമസേന ഇക്കാര്യം സ്ഥിരീകരിച്ചു. റഷ്യയിലെ ആസ്ട്രഖാൻ മേഖലയിൽ നിന്ന് തൊടുത്ത മിസൈൽ 700 കിലോമീറ്റർ പിന്നിട്ടാണ് നിപ്രോയിലെത്തിയത്. ആക്രമണത്തിൽ വ്യവസായ സ്ഥാപനം തകരുകയും തീ പടരുകയും ചെയ്തു.

ആർഎസ് 26-റുബേഷ് എന്ന ഭൂഖണ്ഡാന്തര മിസൈലാണിതെന്ന് യുക്രെയ്ൻ മാധ്യമം വെളിപ്പെടുത്തി. മിസൈലിന് 800 കിലോഗ്രാം ആണവായുധം വഹിക്കാൻ ശേഷിയുണ്ട്. ഭൂഖണ്ഡാന്തര മിസൈലിനു പുറമെ ഹൈപർസോണിക് മിസൈലുകളും ക്രൂസ് മിസൈലുകളും റഷ്യ യുക്രെയ്നിലേക്ക് തൊടുത്തു. റഷ്യയിലെ കുർസ്ക് മേഖലയിലേക്ക് യുക്രെയ്ൻ ബ്രിട്ടീഷ് നിർമിത ക്രൂസ് മിസൈലുകൾ തൊടുത്തു.

KERALA EXPRESS
പ്രവാസി താളുകൾ

# ഫോമാ സെൻട്രൽ റീജിയന്റെ 2024–2026–ലെ പ്രവർത്തനോദ്ഘാടനം പ്രൗഢഗംഭീരമായി നടത്തപ്പെട്ടു

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ പ്രവർത്തനോദ്ഘാടനം സെ. മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ ആർവിപി ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഭദ്രദീപം കൊളുത്തി പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിയാക്കി ഉദ്ഘാടനം ചെയ്തു.

അച്ചൻകുഞ്ഞ് മാത്യു

സെൻട്രൽ റീജിയനിലെ ആറ് അംഗസംഘടനകളിൽ നിന്നുള്ള പ്രതിനിധികളും ചിക്കാഗോയിലെ ഫോമാ അഭ്യുദയകാംക്ഷികളും ഫോമാ എക്സിക്യൂട്ടീവ് മെംബേഴ്സും പങ്കെടുക്കുകയുണ്ടായി. ആന്റോ കവലയ്ക്കൽ സ്വാഗതം പറഞ്ഞു. ജോൺസൺ കണ്ണൂക്കാടൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഫോമാ സമൂഹത്തിനുവേണ്ടി എല്ലാ നല്ലപ്രവർത്തനങ്ങൾക്കും ആശംസകൾ നേരുകയും സ്നേഹത്തിന്റെയും കരുതലിന്റെയും സന്ദേശം സമൂഹത്തിലേക്ക് പകരുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

ഇല്ലിനോയി സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കൽ യൂത്ത്ഫോറം ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഫോമാ സെൻട്രൽ റീജിയൻ ചെയ്യുന്ന പ്രവർത്തനങ്ങളെ പ്രശംസിക്കുകയും എല്ലാ പിന്തുണയും പ്രഖ്യാപിക്കുകയും ചെയ്തു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ സെൻട്രൽ റീജിയൻ സീനിയർ സിറ്റിസൺ ഫോറം ഉദ്ഘാടനം ചെയ്തു. മുതിർന്ന തലമുറയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ഫോമായുടെ വരുംകാല പ്രവർത്തനങ്ങളിലേക്കുള്ള സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

ഫോമാ ട്രഷറർ സിജിൽ പാലക്കലോടി തന്റെ ആശംസാപ്രസംഗത്തിൽ വരുന്ന രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപം നല്കുകയും പ്രവർത്തനങ്ങൾക്കായി 2.5 മില്യൻ ഡോളറിന്റെ ബജറ്റ് അവതരിപ്പിക്കുകയുമുണ്ടായി.

ഈയവസരത്തിൽ ഫോമാ സെൻട്രൽ റീജിയൻ വിമൻസ് ഫോറത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. ഫോമാ നാഷണൽ കമ്മിറ്റി മെംബറായ ആഷ മാത്യുവാണ് ഉദ്ഘാടനം നിർവഹിച്ചത്. ഫോമാ വിമൻസ് ഫോറം പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

ഉദ്ഘാടന പരിപാടിക്ക് അറുപതംഗ കമ്മിറ്റി പ്രവർത്തിക്കുകയും ജോസ് മണക്കാട്ട്, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ഡോ. സിബിൾ ഫിലിപ്പ്, രാജൻ തലവടി, ആന്റോ കവലയ്ക്കൽ എന്നിവർ നേതൃത്വം നല്കുകയും ചെയ്തു. വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ ഡോ. റോസ് വടകരയും സീനിയർ സിറ്റിസൺ ഫോറത്തിന്റെ പ്രവർത്തനങ്ങൾ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളിയും യൂത്ത് ഫോറത്തിന്റേത് യൂത്ത്ഫോറം പ്രതിനിധികളും വിശദീകരിച്ചു.



ശാന്തി ജയ്സൺ, സാറാ അനിൽ, ഡോ. റോസ് വടകര, ഡോ. സിബിൾ ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സംഗീതസന്ധ്യ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. തുടർന്നു നടന്ന റാഫിൾ പ്രോഗ്രാമിന് ബിജു മുണ്ടയ്ക്കൽ, ആഗ്നസ് തെങ്ങുമ്മൂട്ടിൽ, ജോയ്സി എന്നിവർ നേതൃത്വം നല്കി.






അംഗസംഘടനകളെയും ഫോമാ നാഷണൽ കമ്മിറ്റിയെയും പ്രതിനിധീകരിച്ച് ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, ഫാ. സിജു മുടക്കോടിൽ, നാഷണൽ കമ്മിറ്റി മെംബർ ജോർജ് മാത്യു, ഫോമാ ജുഡീഷ്യൽ ചെയർമാൻ ബെന്നി വാച്ചാച്ചിറ, അഡ്വൈസറി കൗൺസിൽ മെംബർ ജോസ് മണക്കാട്ട്, റീജണൽ വിമൻസ് ചെയർ ഡോ. റോസ് വടകര, സിഎംഎ പ്രസിഡണ്ട് ജെസ്സി റിൻസി, ഐഎംഎ ജോ. സെക്രട്ടറി ലിൻസ് ജോസഫ്, കേരള അസോസിയേഷൻ പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ, മിഡ്വെസ്റ്റ് അസോസിയേഷൻ പോൾസൺ കുളങ്ങര, മിനിസോട്ട മലയാളി അസോസിയേഷൻ ജിൽബി സുഭാഷ്, ചാരിറ്റി ചെയർമാൻ പീറ്റർ കുളങ്ങര, ഫോമാ മുൻ എക്സി. വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, സ്റ്റാൻലി കളരിക്കാമുറി എന്നിവർ ആശംസകളർപ്പിച്ചു.

ഫുഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ ഭക്ഷണവും ഒരുക്കപ്പെട്ടു. ഈ പരിപാടിയുടെ വിജയത്തിനു വേണ്ടി പ്രവർത്തിച്ച എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ ചടങ്ങിന്റെ ഡയ്മണ്ട്, പ്ലാറ്റിനം, ഗോൾഡ് സ്പോൺസർമാരെ പ്ലാക്ക് നല്കി ആദരിച്ചു. ഈ ചടങ്ങുകളുടെ മാസ്റ്റർ ഓഫ് സെറിമണിയായി സെൻട്രൽ റീജിയൻ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യുവും ഡോ. സിബിൾ ഫിലിപ്പും പ്രവർത്തിച്ചു.

ജനറൽ കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം ഏവർക്കും നന്ദി രേഖപ്പെടുത്തി.

## ജോൺ ഇളമതയുടെ നോവൽ 'ജീവിക്കാൻ മറന്നുപോയവർ' പ്രകാശനം ചെയ്തു




ഷാർജ: പ്രശസ്ത നോവലിസ്റ്റും പ്രവാസിയുമായ ജോൺ ഇളമത രചിച്ച 'ജീവിക്കാൻ മറന്നുപോയവർ' എന്ന നോവൽ പ്രകാശനം ചെയ്തു. നാല്പത്തി മൂന്നാമത് ഷാർജ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വെച്ചായിരുന്നു പ്രകാശനകർമ്മം നടത്തിയത്.

പ്രശസ്ത എഴുത്തുകാരി ആഷത് മുഹമ്മദ് എഴുത്തുകാരി അനുവന്ദനയ്ക്ക് നല്കിയാണ് പ്രകാശനം നിർവഹിച്ചത്. ഡോ. മുരളി മോഹൻ, സൂരജ് നായർ, ലേഖ ജസ്റ്റിൻ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# വൈസ്മെൻ ക്ലബ് ഓഫ് ന്യൂയോർക്ക് ഗ്ലെൻ ഓക്സ് ഉദ്ഘാടനം ചെയ്യപ്പെട്ടു

**വർഗീസ് കോരസൺ**

ന്യൂയോർക്ക്: അന്തർദ്ദേശീയ സേവന സംഘടനയായ വൈസ്മെൻ ഇന്റർനാഷണലിന്റെ പുതിയ ക്ലബായ വൈ സർവീസ് ക്ലബ് ഓഫ് ന്യൂയോർക്ക്-ഗ്ലെൻ ഓക്സ് ചാർട്ടറിംഗ് ചടങ്ങ് ക്ലബിന്റെ അന്തർദ്ദേശീയ പ്രസിഡണ്ട് എ. ഷാനവാസ്ഖാന്റെയും അന്തർദ്ദേശീയ സെക്രട്ടറി ജനറൽ ജോസ് വർഗീസിന്റെയും നേതൃത്വത്തിൽ ന്യൂയോർക്കിലെ ഫ്ളോറൽപാർക്കിൽ നടത്തപ്പെട്ടു.

യുഎസ് ഏരിയയുടെ നോർത്ത് അറ്റ്ലാന്റിക് റീജിയണൽ ഡയറക്ടർ കോരസൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ചാർട്ടർ ചടങ്ങിൽ വിവിധ ക്ലബുകളിൽ നിന്നുമായി നിരവധിപേർ പങ്കെടുത്തു. കൃത്യം 102 വർ





ഷങ്ങൾക്കു മുമ്പ് ഒരു നവംബർ 17-ന് ഒഹായിയോയിലെ ടോളിഡോയിൽ ജഡ്ജ് പോൾ വില്യം അലക്സാണ്ടറിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട ലോകത്തിലെ ഏറ്റവും വലിയ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ വൈഎംസിഎയുടെ സേവന ഘടകമായ വൈസ്മെൻ ക്ലബ്, ഇന്ന് 80 രാജ്യങ്ങളിലായി പടർന്നുപന്തലിച്ച് മറ്റൊരു ചരിത്ര നിമിഷത്തിനു സാക്ഷിയാവുകയാണെന്ന് അന്തർദ്ദേശീയ പ്രസിഡണ്ട് എ. ഷാനവാസ്ഖാൻ പറഞ്ഞു.

ലോകത്തെല്ലായിടത്തും ഈ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിരവധി പഴയകാല പ്രവർത്തകർ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ ഈ പ്രസ്ഥാനത്തിൽ മുഴുകി. പുതിയ തലമുറ ഈ സേവനശൃംഖലയുടെ ഭാഗമാകണം. അവർക്ക് ഈ പ്രസ്ഥാനത്തെ ഒരു പുതിയ തലത്തിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്ന് അന്തർദ്ദേശീയ സെക്രട്ടറി ജനറൽ ജോസ് വർഗീസ് പറഞ്ഞു.

നോർത്ത് അറ്റ്ലാന്റിക് റീജിയൻ മസാച്ചുസാറ്റിലെ 103 വർഷം പഴക്കമുള്ള വേക്ക്ഫീൽഡ് ക്ലബ് മുതൽ ഇന്ന് പിറന്നുവീണ ഗ്ലെൻ ഓക്സ് ക്ലബ് വരെ നീളുന്ന 10 വ്യത്യസ്ത ക്ലബുകൾ ഉൾപ്പെടുന്നു. ഈ മേഖലയിലെ എല്ലാ ക്ലബുകളും അവരുടെ അയൽപക്കത്തിലും അന്താരാഷ്ട്ര ശ്രമങ്ങളിലും തങ്ങളുടെ കഴിവിന്റെ പരമാവധി നന്മകൾ ചെയ്യുന്നു. ഇന്ത്യയിലെ മണിപ്പൂരിൽ കുടിയിറക്കപ്പെട്ട ആളുകൾക്ക് കമ്പിളിയും മറ്റു സഹായങ്ങളും നേരിട്ട് നല്കി. പ്രകൃതി ദുരന്തങ്ങൾ ബാധിച്ച ഹവായ്, നോർത്ത് കരോലിന എന്നിവിടങ്ങളിലെ സഹജീവികൾക്ക് പ്രാദേശിക പിന്തുണ നല്കി. ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റിയുടെ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായി. റീജിയണൽ ഡയറക്ടർ കോരസൺ വർഗീസ് പറഞ്ഞു. മേഖലയിലും അന്തർദ്ദേശീയ ഇവന്റുകളിലും ഈ റീജിയൻ നല്ലനിലയിൽ പങ്കെടുക്കുന്നു എന്നും അദ്ദേഹം അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

സ്വിറ്റ്സർലണ്ടിലെ ജനീവ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ആഗോള സേവന സംഘടനയ്ക്ക് ഇന്ത്യയിലും യൂറോപ്പിലും ഏഷ്യയിലും അമേരിക്കയിലും ആയിരക്കണക്കിന് ക്ലബുകൾ നിലവിലുണ്ട്. മലേറിയ നിർമാർജ്ജനം, ലോകത്തിലെ യുവജനങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തി സേവനത്തിന്റെ പൊതുനന്മയെക്കുറിച്ച് ബോധവത്കരിച്ച് സജ്ജമാക്കുക, ഒറ്റപ്പെടലുകളും ഏകാന്തതയും ഒഴിവാക്കി ലോകമെമ്പാടുമുള്ള പൊതുതാല്പര്യമുള്ള ആളുകൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നന്മയുടെ ഭാഗമാകുക എന്ന വിശാലമായ ലക്ഷ്യമാണ് ഈ സംഘടനയ്ക്കുള്ളത്.

മുൻ റീജിയണൽ ഡയറക്ടർ ഡോ. അലക്സ് മാത്യുവിന്റെ നേതൃത്വത്തിൽ പതാക ഘോഷയാത്രയും തുടർന്നു പ്രാർത്ഥനയും നടന്നു. സ്പോൺസർ ക്ലബായ ഫ്ളോറൽ പാർക്ക് പ്രസിഡണ്ട് ചാർളി ജോണിന്റെ നേതൃത്വത്തിൽ ദീപം തെളിച്ചു ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. ഗ്ലെൻ ഓക്സ് സെക്രട്ടറി പുതിയ അംഗങ്ങളെ വേദിയിലേക്ക് ക്ഷണിച്ച് അവരുടെ ചാർട്ടർ രേഖകൾ കൈമാറി. റീജിയണൽ ഡയറക്ടർ കോരസൺ അംഗങ്ങളെ ഇൻസ്റ്റാൾ ചെയ്തു. തുടർന്ന് ഗ്ലെൻ ഓക്സ് ക്ലബ് പ്രസിഡണ്ട് ഫിലിപ്പ് മഠത്തിൽ, സെക്രട്ടറി മാത്യു ജോഷ്വ, ട്രഷറർ അലക്സ് എസ്തപ്പൻ എന്നിവരെ അന്താരാഷ്ട്ര പ്രസിഡണ്ട് എ. ഷാനവാസ്ഖാൻ പ്രതിജ്ഞ എടുപ്പിച്ചു സ്ഥാനമുദ്രകൾ അണിയിച്ചു. രാജ്യാന്തര സെക്രട്ടറി ജനറൽ ജോസ് വർഗീസ് ചാർട്ടർ രേഖ കൈമാറി.




ഗ്ലെൻ ഓക്സ് ക്ലബ് പ്രസിഡണ്ട് ഫിലിപ്പ് മഠത്തിൽ സ്വീകരണപ്രസംഗം നടത്തി. മുൻ ഏരിയ പ്രസിഡണ്ട് ഷാജു സാം, ഏരിയാ പ്രസിഡണ്ട് ഇലക്ട് ജോസഫ് കാഞ്ഞമല, റീജിയണൽ ഡയറക്ടർ ഇലക്ട് ജോർജ് കെ. ജോൺ, റീജിയണൽ ട്രഷറർ ഷാജി സക്കറിയ, ക്ലബ് പ്രസിഡണ്ടുമാരായ ചാർളി ജോൺ, തോമസ് സാമുവൽ, വർഗീസ് പോത്താനിക്കാട്, ജോസ് മലയിൽ, കോർണോലിയസ് റൊസാരിയോ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

റീജിനൽ സെക്രട്ടറി ജിം ജോർജും യൂത്ത് ഡയറക്ടർ അലൻ അജിത്തും പരിപാടികൾ നിയന്ത്രിച്ചു. ഗ്ലെൻ ഓക്സ് ട്രഷറർ അലക്സ് എസ്തപ്പാൻ നന്ദി പറഞ്ഞു. തുടർന്ന് ജേക്കബ് വർഗീസ് ഏകോപിപ്പിച്ച വെറൈറ്റി എന്റർടൈൻമെന്റ്സ് അരങ്ങേറി.

# ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറം പുരസ്കാരം അബ്ദുൾ പുന്നയൂർക്കുളത്തിന്





ഹൂസ്റ്റൺ: അമേരിക്കയിലെ ഹൂസ്റ്റൺ കേരളാ റൈറ്റേഴ്സ് ഫോറം ഏർപ്പെടുത്തിയ 2024-ലെ സാഹിത്യത്തിനുള്ള സമഗ്ര സംഭാവന പുരസ്കാരം ഡിട്രോയിറ്റിലെ അമേരിക്കൻ മലയാളി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിന് സമർപ്പിച്ചു.

എറണാകുളം പ്രസ്ക്ലബിൽ വെച്ച് നടന്ന ചടങ്ങിൽ റൈറ്റേഴ്സ് ഫോറത്തിന്റെ ഔദ്യോഗിക പ്രതിനിധി മാത്യു നെല്ലിക്കുന്നിൽ നിന്ന് അബ്ദുൾ പുന്നയൂർക്കുളം പുരസ്കാരം ഏറ്റുവാങ്ങി.

നാടകകൃത്ത് ടി. മോഹൻ ബാബു ആമുഖപ്രഭാഷണം നടത്തി. ഹക്കീം വെളിയത്ത്, പ്രദീപ് നാരായണൻ, റഷീദ് കെ. മൊയ്തു, രാജൻ പുഷ്പാഞ്ജലി, സജീഷ് പെരുമുടിശ്ശേരി എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് കേരളാ റൈറ്റേഴ്സ് ഫോറത്തിന്റെ വാർഷിക പ്രസിദ്ധീകരണമായ 'ശരത്കാല സന്ധ്യയുടെ മണിമുഴക്കങ്ങൾ' എന്ന പുസ്തകം എം. വി. ജോസിന് നല്കിക്കൊണ്ട് മാത്യു നെല്ലിക്കുന്ന് പ്രകാശനം നിർവഹിച്ചു.

# നന്ദിയുള്ളവരായിരിക്കുക

എൽസി ബേബി

നമുക്ക് ആരെങ്കിലും ഉപകാരം ചെയ്താൽ നമ്മുടെ ഹൃദയം സന്തോഷിക്കുകയും നമുക്കു ലഭിച്ച ഉപകാരത്തിന് നാം അവരോട് നന്ദി പറഞ്ഞ് നമ്മുടെ സന്തോഷം പ്രദർശിപ്പിക്കാറുമുണ്ടല്ലോ. നന്ദിയുള്ള ഒരു ഹൃദയം ഉള്ളതുതന്നെ നമ്മുടെ വ്യക്തിത്വത്തിന്റെ മേന്മയാകുന്നു. നമ്മെ അതിശയകരവും അത്ഭുതകരവുമായി സൃഷ്ടിച്ചു പരിപാലിച്ചു പോറ്റിപ്പുലർത്തുന്ന



ലേഖിക

അത്യുന്നതനായ ദൈവത്തോടുള്ള നന്ദിയും ഉപകാരസ്മരണയുമാണല്ലോ നമ്മെ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനുമൊക്കെ പ്രേരിപ്പിക്കുന്നത്. നമ്മുടെ സിരകളിലൂടെ പ്രവഹിക്കുന്ന രക്തചക്രമൊക്കെ നമ്മെ അത്ഭുതപ്പെടുത്താറില്ലേ? നമ്മെ ജീവനോടെ നിലനിർത്തുന്ന നമ്മുടെ ഹൃദയംതന്നെ ഒരത്ഭുതമല്ലേ? ഹൃദയം 7 മുതൽ 15 ഔൺസു വരെ തൂക്കമുള്ള ഒരവയവമാകുന്നു. ദിനംതോറും 100,000 പ്രാവശ്യം അത് സ്പന്ദിക്കുന്നതുമൂലം 2000 ഗ്യാലൻ രക്തം 60,000 മൈലുകളോളമുള്ള രക്തധമനികളിലൂടെ രക്തം ഒഴുക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് നാം ജീവനോടെയിരിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? നമ്മുടെ ജീവന്റെ ഉത്ഭവമാകുന്ന ഹൃദയത്തിലൂടെ നമ്മുടെ ചിന്തകൾ, ബുദ്ധി, വികാരങ്ങളൊക്കെ നിയന്ത്രിക്കപ്പെടുന്നു എന്നു പറഞ്ഞാൽ അവിശ്വസനീയമായി തോന്നാറില്ലല്ലോ. അതുപോലെതന്നെ നമ്മുടെ മസ്തിഷ്കം, നാഡീഞരമ്പുകൾ, ആന്തരാവയവങ്ങൾ എല്ലാം എത്രയോ അത്ഭുതകരവും അതിശയകരവുമായി സൃഷ്ടിച്ച് അതാതിന്റെ പ്രവൃത്തികൾ എത്രയും കൃത്യമായി നിയന്ത്രിച്ചു പ്രവർത്തിപ്പിക്കുന്ന പരമാധികാരിയായ ദൈവത്തോട് നാം എത്ര നന്ദിയുള്ളവരാകേണ്ടതാകുന്നു. അതുമാത്രമാകുന്നു നമ്മുടെ സൃഷ്ടികർത്താവ് ആഗ്രഹിക്കുന്നത്.

എന്നാൽ, കഠിനഹൃദയന്മാരാൽ ലോകം നിറയുന്നതുകൊണ്ടല്ലേ നമുക്കു ചുറ്റും കാണുന്ന അക്രമങ്ങളും അധർമ്മങ്ങളും ഹീനകൃത്യങ്ങളും പെരുകിക്കൊണ്ടിരിക്കുന്നത്. പരിശുദ്ധനായ ദൈവത്തോടുള്ള നന്ദികൊണ്ടും സ്നേഹംകൊണ്ടും ഭയഭക്തികൊണ്ടും ഹൃദയം നിറഞ്ഞ് ആരാധിക്കുവാനും നന്ദി പറയുവാനും നാം പ്രാപ്തരാകണം. പാശ്ചാത്യരാജ്യങ്ങളിൽ ആണ്ടുതോറും നവംബർ മാസത്തിലെ അവസാനവാരം നന്ദിദിനം 'താങ്ക്സ് ഗിവിംഗ് ഡേ' എന്നറിയപ്പെടുന്ന ഒരു ആഘോഷമുള്ളത് എല്ലാവർക്കും അറിവുള്ളതാണല്ലോ. മുൻ ലക്കങ്ങളിൽ ഇതിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത് മാന്യവായനക്കാർ ഓർക്കുമല്ലോ. അങ്ങനെ അവർ ആണ്ടുതോറും ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ച് തങ്ങളുടെ നന്ദി പ്രകടിപ്പിക്കുന്നു. 1863-ൽ അന്നത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ഏബ്രഹാം ലിങ്കൺ നവംബർ മാസത്തിലെ അവസാന ആഴ്ചയിലെ വ്യാഴാഴ്ച രാജ്യത്ത് അവധി ദിവസമായി പ്രഖ്യാപിക്കുകയുണ്ടായി. അന്നു മുതൽ ഇന്നുവരെ അത് തുടരുന്നു. പക്ഷേ, സംസ്കാരങ്ങളും പരിഷ്കാരങ്ങളും പുരോഗമിക്കുന്തോറും നന്ദിദിനം എന്നത് കേവലം ചടങ്ങായി, ഭക്ഷിച്ചും പാനം ചെയ്തും അതിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് വ്യതിചലനം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ആരംഭകാലങ്ങളിൽ പ്രവാസികളായി കടന്നുവന്ന ഭക്തജനങ്ങൾ വളരെയധികം കഷ്ടങ്ങൾ സഹിച്ചും പട്ടിണി കിടന്നും ജീവിച്ചെങ്കിലും ദൈവത്തിനു നന്ദി പറഞ്ഞും ആരാധിച്ചും പാടി സ്തുതിച്ചും തങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞുനിന്ന സ്തുതിസ്തോത്രങ്ങളാൽ ദൈവത്തിൽ സ്വയം സമർപ്പിച്ചും പ്രാർത്ഥിച്ചും താഴ്മയോടും വിനയത്തോടും കൂടെ ആരംഭിച്ച നന്ദിദിനം

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.30 |
| യൂറോ | 87.92 |
| സ്റ്റെർലിംഗ്പൗണ്ട് | 106.15 |
| സ്വിസ് ഫ്രാങ്ക് | 94.27 |
| സിംഗപ്പൂർ ഡോളർ | 62.63 |
| കനേഡിയൻ ഡോളർ | 60.21 |
| ഒമാൻ റിയാൽ | 220.28 |
| ബഹ്റൈൻ ദിനാർ | 224.69 |
| സൗദി റിയാൽ | 22.45 |
| യു.എ.ഇ. ദിർഹം | 22.98 |
| കുവൈത്ത് ദിനാർ | 273.85 |

# ഫോമാ ഹെൽപ്പിങ് ഹാൻഡ്സ് പദ്ധതിക്ക് പുതിയ സാരഥികൾ

ഷോളി കുമ്പിളുവേലി

ന്യൂയോർക്ക്: ഫോമയുടെ ചാരിറ്റി പദ്ധതിയായ ഹെൽപ്പിങ് ഹാൻഡ്സിന്റെ 2024-26 വർഷത്തെ ചെയർമാനായി ബിജു ചാക്കോയും (ന്യൂയോർക്ക്) സെക്രട്ടറിയായി ജോർജി സാമുവേലും (ന്യൂജേഴ്സി) തെരഞ്ഞെടുക്കപ്പെട്ടു.

ഗിരീഷ് പോറ്റി (മസ്സാച്ചുസെറ്റ്സ്), ബിനു മാമ്പിള്ളി (ഫ്ളോറിഡ), ജിയോ മാത്യൂസ് കടവേലിൽ (കാലിഫോർണിയ), ഡെന്നിസ് മാത്യു (ഹൂസ്റ്റൺ) എന്നിവരാണ് പുതിയ കോ-ഓർഡിനേറ്റർമാർ.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ബിജു ചാക്കോ ഫോമാ ഹെൽപിങ് ഹാൻഡ്സിന്റെ മുഖ്യശില്പിയും മുൻ സെക്രട്ടറിയുമാണ്. ന്യൂയോർക്ക് ലോങ്ഐലൻഡിൽ പ്രവർത്തിക്കുന്ന 'എക്കോ' (ECHO) ചാരിറ്റി സംഘടനയുടെ ഓപ്പറേഷൻ ഡയറക്ടറായും പ്രവർത്തിക്കുന്നു. ഫോമായുടെ മുഖ്യധാരാ നേതാക്കളിൽ ഒരാളായ ബിജു, ന്യൂയോർക്കിലെ രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിലെ നിറസാന്നിദ്ധ്യമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജി സാമുവേൽ റാക്ക്സ്പെയ്സ് ടെക്നോളജീസ് എന്ന സ്ഥാപനത്തിലെ ഐടി എക്സിക്യൂട്ടീവായി പ്രവർത്തിക്കുന്നു. കേരളാ അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ സജീവ പ്രവർത്തകനായ ജോർജിയുടെ സാമൂഹിക, ജീവകാരുണ്യ മേഖലകളിലെ ഇടപെടലുകൾ ഇതിനോടകം തന്നെ ശ്രദ്ധ നേടിയിട്ടുണ്ട്.

കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഗിരീഷ് പോറ്റി മസ്സാച്ചുസെറ്റ്സിലെ ന്യൂഇംഗ്ലണ്ടിൽ താമസിക്കുന്നു. ന്യൂഇംഗ്ലണ്ട് മലയാളി അസോസിയേഷൻ (NEMA) എന്ന സംഘടനയുടെ സജീവ പ്രവർത്തകനാണ്. മൈക്രോസോഫ്റ്റിലെ സോഫ്റ്റ്‌വെയർ എൻജിനീയറായ ഗിരീഷിനാണ് ഹെൽപിങ് ഹാൻഡ്സിന്റെ ഐടി ചുമതല.

കോ-ഓർഡിനേറ്ററായ ബിനു മാമ്പിള്ളി ഫോമാ സൺഷൈൻ റീജിയൻ ആർവിപി ആയും അഡ്വൈസറി ചെയർമാനായും ഫോമാ ക്രെഡൻഷ്യൽ കമ്മിറ്റി സെക്രട്ടറി, ടാമ്പാ ബേ മലയാളി അസോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചു സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച നേതാവാണ്. മറ്റൊരു കോ-ഓർഡിനേറ്ററായ മാത്യൂസ് കടവേലിൽ സാക്രമെന്റോയിൽ കൊമേഴ്സ്യൽ റിയൽ എസ്റ്റേറ്റ് ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നു. സാക്രമെന്റോ മലയാളി അസോസിയേഷന്റെ മുൻനിര പ്രവർത്തകനായ ജിയോ നാട്ടിലും അമേരിക്കയിലും വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്.

കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഡെന്നിസ് മാത്യു മലയളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഉൾപ്പെടെ വിവിധ സംഘടനകളുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്നു. കൂടാതെ സാമൂഹിക-ജീവകാരുണ്യ മേഖലകളിലും വ്യാപൃതനാണ്.



ബിജു ചാക്കോ



ജോർജി സാമുവേൽ



ഗിരീഷ് പോറ്റി



ബിനു മാമ്പിള്ളി



ജിയോ മാത്യൂസ്



ഡെന്നിസ് മാത്യു

ഫോമായുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് ഹെൽപിങ് ഹാൻഡ്സ്. പേര് അന്വർത്ഥമാക്കുന്ന രീതിയിൽ ഇതിനോടകം നിരവധി ആളുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം എത്തിക്കുവാൻ ഫോമായ്ക്ക് സാധിച്ചതായി ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.



# ട്രംപ് ഡാൻസും ദാവീദ് ഡാൻസും

**പാസ്റ്റർ മാത്യു വർഗീസ്**

**അ**മേരിക്കയുടെ പ്രസിഡണ്ടായി വമ്പിച്ച ഭൂരിപക്ഷത്തോടെ എതിരാളികളെ സ്തംഭിപ്പിച്ചും നിശബ്ദരാക്കിയും കൊണ്ട് ലോകചരിത്രത്തിന് ഒരു പുതിയ തുടക്കം കുറിച്ച ട്രംപിന്റെ ഭരണചക്രം തിരിയുവാൻ ഇനിയും കേവലം മാസങ്ങൾമാത്രം ബാക്കി നിൽക്കുന്നു. മെതിവണ്ടി പോലെ എതിരാളികൾ ചവിട്ടിമെതിച്ച പ്രസിഡണ്ട് ട്രംപിനെയും പുതിയ ഭരണകൂടത്തെയും എതിരേല്ക്കുവാൻ അമേരിക്ക പുളകമണിയുകയാണ്; നൃത്തത്തിന്റെ ചുവടുകൾ വെക്കുകയാണ്.

സമൂഹമാധ്യമങ്ങളിൽ വൈറലായിക്കൊണ്ടിരിക്കുന്ന ട്രംപ് ഡാൻസ് ഒരു പുതിയ പ്രഭാതത്തെയും ഇരുട്ട് നീങ്ങി എന്നുള്ള സന്തോഷത്തിന്റെയും പ്രതിധ്വനിയായി മാറുകയാണ്. ഈ നൃത്തം പെട്ടകത്തിനു മുമ്പിൽ നിസാറിനെപ്പോലെ നൃത്തം ചെയ്യുന്ന ഇസ്രയേലിന്റെ രാജാവായ ദാവീദിനോട് ഉപമിക്കുന്നതിൽ തെറ്റുണ്ടോയെന്ന് ചിന്തിക്കേണ്ട ആവശ്യമില്ല. കോളജ് കാമ്പസുകളിലും കളിക്കളത്തിലും ട്രംപ് ഡാൻസ് വൈറലായിക്കൊണ്ടിരിക്കുന്നത് മറ്റൊന്നുമല്ല. ഇതൊരു വിജയത്തിന്റെയും സുരക്ഷിതത്വത്തിന്റെയും നന്മയുടെയും ദിവസങ്ങൾ മുന്നിൽ കടന്നുവരുന്നു എന്നുള്ള ആത്മവിശ്വാസമത്രേ.

പിടിക്കപ്പെട്ട പെട്ടകം തിരികെ പിടിച്ചപ്പോഴും അപഹരിച്ചതിനെ മടക്കിക്കൊണ്ടു വന്നപ്പോഴും നൃത്തം ചെയ്ത് അവർ ദൈവത്തെ മഹത്വപ്പെടുത്തി. ഇരുട്ടിന്റെ അധികാരത്തിൽ നിന്നുള്ള വിടുതലും അധാർമ്മികതയുടെ കൊടുംചുഴിയിൽ നിന്നുള്ള രക്ഷയും കണ്ടുകൊണ്ട് അമേരിക്ക നൃത്തം ചവിട്ടുകയാണ്. നിഷ്ക്കരുണം കൊന്നൊടുക്കുന്ന ഗർഭസ്ഥശിശുക്കളുടെ ശവക്കുഴിയായ അമേരിക്ക തീർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു പുതിയ ജീവന്റെ കിരണം മുന്നിൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ തലമുറകളെ തേജോവധം ചെയ്തുകൊണ്ട് ഒരുഭ്രാന്താലയം സൃഷ്ടിച്ച ഭരണകൂടത്തിന്റെ അടിത്തറ ഇളകി മാറി. സ്വവർഗരതിക്കും മ്ലേച്ഛതയ്ക്കും പരവതാനി വിരിച്ച ഭരണകൂടത്തിന്റെ നങ്കൂരം ഇളകിയാടി. കുടുംബശിഥിലീകരണവും വ്യക്തിസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങും സൃഷ്ടിച്ച, സാധാരണ പൗരന്റെ ഉറക്കം കെടുത്തിയ, അസ്സമാധാനത്തിന്റെ അരങ്ങേറ്റം അനധികൃത കുടിയേറ്റത്തിലൂടെ സുനാമി കണക്കേ അഴിച്ചുവിട്ട നിലവിലുള്ള ഭരണകൂടം അമേരിക്കൻ ജനതയ്ക്ക് ലജ്ജയായി മാറിയപ്പോൾ ജനകോടികൾ അതിനെ ചവിട്ടുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞു.

വർഗീയതയും സോഷ്യലിസവും കുത്തിവെച്ചുകൊണ്ട് നാടുചുറ്റിയ കുബേര കുമാരന്മാരായ ഒബാമ തുടങ്ങി ജോർജ് സോറോസ്, ഓപ്പറ വിൻഫ്രീ, കമലാ, നാൻസി നെട്ടോട്ടമോടിയെങ്കിലും തിരിച്ചറിഞ്ഞ അമേരിക്കൻ പൗരന്മാർ ഇവർ കേവലം കുഞ്ഞാടിന്റെ മുഖംമൂടിയണിഞ്ഞ കൊടിയ ചെന്നായ് ആണെന്നുള്ള അവബോധം ഉള്ളിൽ ആളിക്കത്തിയപ്പോൾ പുസ്തകത്തിന്റെ താള് മറിച്ചു.

ജയത്തിന്റെയും ഉല്ലാസത്തിന്റെയും ഘോഷം ഭക്തന്മാരുടെ കൂടാരങ്ങളിൽ മുഴങ്ങുന്നതിനു തുല്യമായി അമേരിക്കയുടെ മണ്ണിൽ ജയത്തിന്റെ ആർപ്പുവിളി മുഴങ്ങുകയാണ്. എന്നാൽ, ഭീകരവാദികളുടെയും അക്രമികളുടെയും ഒളിത്താവളങ്ങളിൽ ഇരുട്ടുമൂടുകയാണ്. നടുക്കത്തിന്റെയും പരിഭ്രാന്തിയുടെയും അങ്കലാപ്പുകൾ മുഴങ്ങുകയാണ്. ദൈവത്തെയും ദൈവവചനത്തെയും പുറംകാലുകൊണ്ട് തട്ടിയെറിഞ്ഞ് സോതോമ്യ പാപത്തിന് ചുക്കാൻ പിടിക്കുന്ന സാമ്രാജ്യശക്തികൾ എത്ര വ



ലേഖകൻ

ലുതെന്ന് തോന്നിയാലും ദൈവം എന്നും മൗനം ആയിരിക്കില്ല.

ഭരണപക്ഷമോ പ്രതിപക്ഷമോ ആയിക്കൊള്ളട്ടെ, വലതോ ഇടതോ ആയിക്കൊള്ളട്ടെ വചനം വിട്ടുപോകുന്നവനെ അവൻ വിളങ്ങിടുക തന്നെ ചെയ്യും. ദേശത്തിന്റെ പാപവും ദേശത്തിന്റെ നിലവിളിയും അനവധി തവണ ദൈവസന്നിധിയിൽ എത്തിയിട്ടുള്ളത് തിരുവചനത്തിൽ ഉടനീളം കാണുവാൻ കഴിയും. അതിന്റെ നടുവിൽ എന്നും ദൈവം മൗനമായിരുന്നില്ല. വരൾച്ച മാറുന്ന ദിവസങ്ങൾ ഇതാ മുന്നിൽ എത്തിക്കഴിഞ്ഞു. സുരക്ഷിതത്വത്തിന്റെയും സമാധാനത്തിന്റെയും വെള്ളക്കൊടി ഇതാ ഉയരുകയാണ്. പരിഭ്രാന്തിയുടെയും അനിശ്ചിതത്വത്തിന്റെയും ദിനങ്ങൾ ഒരു ചരിത്രമായി മാറിക്കഴിഞ്ഞു. കൊള്ള കണ്ടുകിട്ടിയവരെപ്പോലെയുള്ള സന്തോഷം അമേരിക്കയുടെ മണ്ണിൽ നൃത്തമാടിക്കൊണ്ടിരിക്കുകയാണ്.

ക്രിസ്തീയ മൂല്യങ്ങളുടെയും രാജ്യസ്നേഹത്തിന്റെയും ചോർന്നുപോയ മുത്തുകൾ ഒരു ട്രംപ് ഡാൻസിലൂടെ

(ശേഷം 30-ാം പേജിൽ)

# സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതം

**ഏലിയാമ്മ ലൂക്കോസ്**

**ഈ** മാസം നമ്മെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെ മാസം തന്നെ. കാരണം ദൈവത്തിനു നന്ദി പറയാൻ അമേരിക്ക തെരഞ്ഞെടുത്തതു തന്നെ. നാം ദൈവത്തിൽനിന്നു നന്മ അനുഭവിക്കുന്നു. ദൈവത്തിനു നന്ദി പറയുക എന്നത് നമ്മുടെ കടമയാണ്. ദൈവത്തിന് എത്ര നന്ദി പറഞ്ഞാലും മതിവരികയില്ല. പാട്ടുകാരൻ പാടുന്നല്ലോ 'വർണ്ണിച്ചിടാൻ എനിക്കെന്റെ നാവ് പോരായേ'. അതെ അതാണ് സത്യം. ദൈവം നമ്മെ അമ്മയുടെ ഗർഭം മുതൽ സൂക്ഷിച്ചു. ജീവിക്കാൻ ആവശ്യമായ നന്മകളെല്ലാം നല്കി. രോഗ ദുഃഖാധികളിൽ നിന്നും വിടുവിക്കുന്നു. പ്രാർത്ഥനകൾ കേട്ട് ഉത്തരമരുളുന്നു. ഇങ്ങനെ നീണ്ടുപോകുന്ന നന്മകൾ.

സ്തുതിക്കുക എന്നത് നന്ദി പറയുന്ന അവസ്ഥയാണ്. അതൊരു യാഗമാണ്. 'സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു'വെന്ന് ദൈവം പറയുന്നു. സങ്കീർത്തനത്തിൽ വായിക്കുന്നു. കാളയെയോ ആടിനെയോ പ്രാവിനെയോ ഒക്കെ യാഗം കഴിച്ചു കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നു. നാമിന്നു കഴിക്കേണ്ടിയ ഉത്തമയാഗം സ്തോത്രമെന്ന യാഗമാണ്. 'അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക.' വി



ലേഖിക

ശുദ്ധ പൗലോസ് ശ്ലീഹാ എഴുതി: 'ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ. ഇതല്ലോ നമ്മളെക്കുറിച്ചു യേശുക്രിസ്തുവിൽ ദൈവേഷ്ടം.' ദൈവത്തിന്റെ ഇഷ്ടം ചെയ്‌വാൻ ആഗ്രഹിക്കുന്നവർ ഇങ്ങനെ ചെയ്യണം.

'താങ്ക്സ് ഗിവിംഗ് ഡേ' നാം കൊണ്ടാടുന്നു. അതിന്റെ ഉത്ഭവത്തെക്കുറിച്ച് എല്ലാവർക്കും അറിയാം. നമ്മൾ അഥവാ യുഎസ്എയിൽ പാർക്കുന്നവർ നവംബർ മാസം നാലാമത്തെ വ്യാഴാഴ്ചയാണ് നന്ദിപ്രകടനത്തിനായി ഈ ദിവസം ചെലവിടുന്നത്. നമ്മൾ, അമേരിക്കയിലെ ജനങ്ങൾ നന്ദി പറയാൻ പഠിച്ചവരാണ്. കൊച്ചുകുട്ടികൾക്കുപോലും താങ്ക്സ് പറയാനറിയാം. നാം ഇന്ത്യക്കാർ അക്കാര്യത്തിൽ അല്പം പിറകിലാണ്. അപ്പന്റെ കർത്തവ്യം അപ്പനും അമ്മയുടെ കർത്തവ്യം അമ്മയും ചെയ്യുന്നു. സഹോദരീസഹോദരന്മാർ, ബന്ധുമിത്രാദികൾ, കൂട്ടുകാർ എന്നിവർ ചെയ്യേണ്ടതേ ചെയ്യുന്നുള്ളൂ. അതിനെന്തു നന്ദി പറയാനാണ്. ഒരു വിധത്തിൽ അത് ശരിയാണ്. വാക്കിൽ മാത്രം ഒതുങ്ങുന്ന നന്ദിവാക്കുകളല്ല, പ്രവൃത്തിയിൽ കൂടിയുള്ള നന്ദിപ്രകടനമാണ് അത്യാവശ്യം. കൊടുത്താൽ മടക്കിക്കിട്ടണമല്ലോ. മാതാപിതാക്കൾ നമ്മെ കഷ്ടപ്പെട്ടു വളർത്തി, പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കി, വിവാഹിതരാക്കി നമ്മെ അനുഗ്രഹിച്ചു. നാമവർക്ക് കടപ്പെട്ടവരാണ്. അവരുടെ വാർദ്ധക്യത്തിൽ നാമവരെ നന്നായി ശുശ്രൂഷിക്കേണം. അതൊരു നന്ദിപ്രകടനമാണ്. അവരെ കണ്ണീരു കുടിപ്പിച്ചാൽ നാം നന്ദികെട്ടവരായി മാറുന്നു. നമുക്ക് ഉപകാരം ചെയ്തിട്ടുള്ളവരെ വേദനിപ്പിക്കരുത്. അവർക്ക് ആവശ്യമായ സമയത്ത് അവരെ സഹായിക്കണം. നാം നന്ദിയുള്ളവരായിരിക്കേണം.

വിശുദ്ധ ബൈബിളിൽ യേശുതമ്പുരാൻ പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കിയതായി വായിക്കുന്നു. സൗഖ്യമായവരിൽ ഒരുവൻ മാത്രം യേശുവിന്റെ കാല്ക്കൽ വീണ് നന്ദി പറഞ്ഞു. ഒമ്പതുപേർ കാര്യം സാധിച്ച സന്തോഷത്തോടെ തന്റെ കാര്യം നോക്കി കടന്നുപോയി. നന്ദി പറഞ്ഞ വ്യക്തിയെ യേശു പ്രശംസിച്ചു.

(ശേഷം 30-ാം പേജിൽ)




KERALA EXPRESS
പ്രവാസി താളുകൾ

# തിരുഹൃദയ സമാജത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി

ഡോ. ജയ്സൺ ഫിലിപ്പ് ആലപ്പാട്ട്

കോട്ടയം: കിഴക്കേ നട്ടാശ്ശേരിയുടെ സമസ്ത മേഖലകളിലും നിർണ്ണായക ഇടപെടലുകൾ നടത്തിവരുന്ന തിരുഹൃദയ സമാജത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി.

റവ.ഡോ. മാത്യു കുരിയത്തറയുടെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാ ദിവ്യബലിയും മുൻ വികാരി ജനറൽ മോൺ. മാത്യു ഇളപ്പാനിക്കൽ തിരുവചന സന്ദേശവും വികാരി റവ.ഫാ. മാത്തുക്കുട്ടി കുളക്കാട്ടുകുടി പതാക ഉയർത്തലും നിർവഹിച്ചു. തുടർന്ന് തിരുക്കുടുംബ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സംഘടനയുടെ പ്രസിഡണ്ട് കെ.ജെ. ജോസഫ് കൊച്ചുപാലത്താനത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അപ്നാദേശ് ചീഫ് എഡിറ്റർ റവ.ഡോ. മാത്യു കുരിയത്തറ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. മോൺ. മാത്യു ഇളപ്പാനിക്കൽ, ജൂബിലി ജനറൽ കൺവീനർ ജോയി മണപ്പള്ളിൽ എന്നിവർ ചേർന്ന് ശതാബ്ദി ലോഗോയുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിരൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി റവ.ഡോ. തോമസ് പുതിയകുന്നേൽ തിരുഹൃദയ തണലിൽ നിന്ന് തിരുക്കുടുംബത്തിലേക്ക്, കുടുംബം കമ്പോളസംസ്കാരത്തിൽ നിന്നും ഹൃദയസംസ്കാരത്തിലേക്ക് എന്നീ വിഷയങ്ങളിൽ സെമിനാർ നയിച്ചു. സെക്രട്ടറി ബെന്നി മാളിയേക്കമറ്റം സംഘടനയുടെ നൂറു വർഷത്തെ ചരിത്ര നാൾവഴികളിലൂടെ റിപ്പോർട്ട് അവതരിപ്പിച്ചു.



കിഴക്കേ നട്ടാശ്ശേരി തിരുക്കുടുംബ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ തിരുഹൃദയ സമാജത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം അപ്നാദേശ് ചീഫ് എഡിറ്റർ റവ.ഡോ. മാത്യു കുരിയത്തറ നിർവഹിക്കുന്നു.

ശതാബ്ദി കമ്മിറ്റി അംഗങ്ങളായ ജോസ് ജെ. മറ്റത്തിൽ, ജയ്മോൻ ഫിലിപ്പ് ആലപ്പാട്ട്, ജയ്സൺ ഫിലിപ്പ് ആലപ്പാട്ട്, സിബി തച്ചിരിക്കാമാലിൽ, ജോബി കൊച്ചുപാലത്താനത്ത്, അലക്സ് കാവിൽ എന്നിവർ പ്രസംഗിച്ചു. 1925-ൽ ആരംഭിച്ച സംഘടനയുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക മേഖലകളിലെ ഒരുവർഷം നീണ്ടുനില്ക്കുന്ന കർമ്മപരിപാടികൾക്കാണ് കിഴക്കേ നട്ടാശ്ശേരിയിൽ തുടക്കം കുറിച്ചത്.

# പോസ്റ്റൽ മലയാളി അസോസിയേഷൻ കുടുംബസംഗമം നടത്തി

സ്റ്റീഫൻ ചൊള്ളമ്പേൽ






ചിക്കാഗോ: ചിക്കാഗോ പോസ്റ്റൽ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർണ്ണാഭമായ പരിപാടികളോടെ കുടുംബസംഗമം നടത്തപ്പെട്ടു.

ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും പ്ലാന്റുകളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന നിരവധി പോസ്റ്റൽ ജീവനക്കാർ കുടുംബസമേതം സംഗമത്തിൽ പങ്കുചേർന്നു.

ഫാ. ജിബിൽ കുഴിവേലിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഐസ് ബ്രേക്കിംഗിനുശേഷം പോസ്റ്റൽ ജീവനക്കാരെയും കുടുംബാംഗങ്ങളെയും പരസ്പരം പരിചയപ്പെടുത്തി.

വിവിധ ഓഫീസുകളിൽ ഉന്നത പദവികളിൽ സേവനം ചെയ്യുന്നവരെയും പോസ്റ്റൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരെയും സർവീസിൽ 25 വർഷം പൂർത്തിയാക്കിയവരെയും സംഗമത്തിൽ ആദരിച്ചു.

കുട്ടികളുടെ കലാപരിപാടികളും മുതിർന്നവർക്കു വേണ്ടി ഗെയിമുകളും നടത്തപ്പെട്ടു. പോസ്റ്റൽ കുടുംബാംഗങ്ങൾ ഒരുക്കിയ ഗാനമേള സംഗമത്തെ മോടിപിടിപ്പിച്ചു.

സജി പൂത്തൃക്കയിൽ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. മനോജ് അച്ചേട്ട് സ്വാഗതവും ആനീസ് മേനമറ്റത്തിൽ നന്ദിയും പറഞ്ഞു.





# SEEKING BRIDEGROOM

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5', did B.S in engineering) from one with similar background & professional qualifications. If interested, please respond to email:
**Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God

# SEEKING BRIDE

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

## SEEKING BRIDEGROOM CONTD.....

fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## ജോർജ് വർക്കി

**വലിയതോവാള:** ആദ്യകാല കുടിയേറ്റ കർഷകൻ മേലേട്ട് ജോർജ് വർക്കി (86) അന്തരിച്ചു. ഭാര്യ എലിക്കുളം പൊന്നെടുത്തകല്ലേൽ മേരി. മക്കൾ: ഫാൻസി, ജാൻസി, ലാലി (കുവൈറ്റ്), സിബിച്ചൻ, സജി (ഇരുവരും യുഎസ്), ജോർജുകുട്ടി. മരുമക്കൾ: കട്ടപ്പന വലിയപടിഞ്ഞാറേതിൽ തങ്കച്ചൻ, പച്ചടി കുന്നേൽ ജോയ്, മട്ടാഞ്ചേരി മണപ്പുറത്ത് സജി (കുവൈറ്റ്), നാഗപ്പുഴ കളപ്പുരക്കൽ ആൻസി, തിരുവല്ല സുദർശന ഷെറിൻ (ഇരുവരും യുഎസ്), രാജമുടി പൂതക്കുഴി സാലി.

## വിനോദ് നായർ



**ആർബനി:** നിസ്ക്കയൂനയിൽ താമസക്കാരായിരുന്ന പത്തനംതിട്ട കുമ്പഴ പരേതനായ കൃഷ്ണൻ നായരുടെയും പത്തനംതിട്ട പറക്കോട് സ്വദേശി ശാന്തമ്മ നായരുടെയും മകൻ വിനോദ് നായർ (വിനി–41) പോർട്ട്ലാൻഡിൽ അന്തരിച്ചു. സ്കെനക്റ്റഡി ഹൈസ്കൂളിൽ നിന്ന് ബിരുദം നേടിയശേഷം റെൻസലെയർ പോളിടെക്നിക്കിൽ നിന്നും ബിസിനസ് ആൻഡ് മാനേജ്മെന്റിൽ ബിഎസ് കരസ്ഥമാക്കി. പിന്നീട് എംബിഎയും കരസ്ഥമാക്കിയ വിനി നെസ്‌ലെ വാട്ടേഴ്സ്, ആമസോൺ, നൈക്ക് മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. സഹോദരി: ലീന നായർ.

**വണ്ടിപ്പെരിയാർ:** കുടിയേറ്റ കർഷകനും വണ്ടിപ്പെരിയാർ സർവീസ് സഹകരണ ബാങ്ക് സ്ഥാപകനുമായിരുന്ന വാളാടി ചേരാടിൽ സി.എം. വർഗീസ് (വർക്കി–100) അന്തരിച്ചു.

**കളത്തൂർ:** കുറവിലങ്ങാട് വടക്കേടത്ത് വി.സി. വർക്കി (87) അന്തരിച്ചു.

## അന്നമ്മ ഐപ്പ്

**പുതുപ്പള്ളി:** പട്ടശ്ശേരിൽ പരേതനായ പി.സി. ഐപ്പിന്റെ ഭാര്യ അന്നമ്മ ഐപ്പ് (92) അന്തരിച്ചു. പാമ്പാടി കാരയ്ക്കാകുഴിയിൽ കുടുംബാംഗമാണ്. മക്കൾ: ഐപ് ബാബു, ഐപ് സഖറിയ (ഇരുവരും യുഎസ്), ജോർജ് പി. ഐപ്, പരേതയായ സുഷ സണ്ണി, മെറീന ഐപ്, ബിജു ഐപ്. മരുമക്കൾ: മറിയാമ്മ ബാബു വാലാങ്കര (കങ്ങഴ), സൂസി സഖറിയ കൊച്ചിക്കുഴിയിൽ മല്ലപ്പള്ളി (ഇരുവരും യുഎസ്), ലൈസാമ്മ ജോർജ് കയ്യാലയ്ക്കകത്ത് (തോട്ടയ്ക്കാട്), സണ്ണി മാത്യു പറപ്പള്ളിച്ചിറ (മാങ്ങാനം), റീനി ബിജു വടക്കേക്കര (കഞ്ഞിക്കുഴി).

**അമലഗിരി:** മാടപ്പള്ളിൽ ബാബു സെബാസ്റ്റ്യൻ (69) അന്തരിച്ചു.

## അമ്മിണി വർഗീസ്

**വാകത്താനം:** പടിയറ വള്ളിക്കാട്ടായ പുല്ലുകാട്ട് പി.വി. വർഗീസിന്റെ ഭാര്യ അമ്മിണി വർഗീസ് (74) അന്തരിച്ചു. അഞ്ചൽ വേങ്കിലഴികത്ത് കുടുംബാംഗമാണ്. മക്കൾ: റോയി, റോണി (യുഎസ്), പരേതനായ സോണി. മരുമക്കൾ: റേയ്ച്ചൽ വെള്ളക്കോട്ട് പാമ്പാടി (മസ്കറ്റ്), നൈസി മാവിലശേരിൽ വാകത്താനം (യുഎസ്).

## മേരിക്കുട്ടി ജോസഫ്

**വഴിത്തല:** സെ. ആന്റണീസ് എൽപിഎസ് റിട്ട. അദ്ധ്യാപിക മ്യാൽക്കരപുറത്ത് മേരിക്കുട്ടി (92) ന്യൂയോർക്കിൽ അന്തരിച്ചു. കിടങ്ങൂർ മുത്തൂറ്റ് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ജോസഫ്. മക്കൾ: സോഫി, പ്രശാന്തൻ. മരുമക്കൾ: അവറാച്ചൻ, ഏലിയാമ്മ (എല്ലാവരും യുഎസ്).

## ആനിയമ്മ ജോൺ

**കൊല്ലം:** റിട്ട. അദ്ധ്യാപിക വില്ലൂർ ചെങ്ങമനാട് വടക്കടത്ത് അനു ഭവനിൽ ആനിയമ്മ ജോൺ (77) അന്തരിച്ചു. ഭർത്താവ് റിട്ട. കാഷ്യൂ മാനേജർ വി.എൽ. ജോൺ. മക്കൾ: അനില വർഗീസ് (യുഎസ്), പരേതയായ അനു ജോൺ. മരുമകൻ: മാത്യു വർഗീസ് (യുഎസ്).

## പി.ടി. ജോസഫ്

**ഏഴാച്ചേരി:** പെരികിലമലയിൽ പി.ടി. ജോസഫ് (കുഞ്ഞേപ്പ്–88) അന്തരിച്ചു. ഭാര്യ രാമപുരം മരങ്ങാട് കുര്യാലപ്പുഴ പരേതയായ റോസമ്മ ജോസഫ്. മക്കൾ: പരേതനായ പി.ജെ. തോമസ്, അഗസ്റ്റിൻ ജോസഫ് (യുകെ), എൽസമ്മ അറക്കൽ (യുഎസ്), ബെന്നി ജോസഫ്, സിസ്റ്റർ മേരി റോസ്, ജോബി ജോസ് (യുകെ), റോസ്മി ഐക്കര (യുഎസ്), ഡോ. ജിമ്മി ജോസ് (യുകെ). മരുമക്കൾ: സുമി ഉഴുന്നാലിൽ കമ്പകത്തുങ്കൽ (രാമപുരം), ജൽത്രൂദ് കുഴിക്കാട്ട്മ്യാലിൽ ചിലവ് (തൊടുപുഴ), സോബി അറക്കൽ (കാഞ്ഞിരപ്പള്ളി), ലൈസമ്മ വാറ്റുപറമ്പിൽ (ചങ്ങനാശേരി), മിനി പനക്കൽ (കോതമംഗലം), ബെന്നി ഐക്കര (കാഞ്ഞിരപ്പള്ളി), ഡോ. മേരി ആനറ്റ് ജിമ്മി (ചങ്ങനാശേരി).

## ജോർജ് മാത്യു

**പെരുമ്പടവം:** റെയിൽവേ മുൻ സീനിയർ വയർലസ് ഇൻസ്പെക്ടർ പൊലിയപ്രായിൽ ജോർജ് മാത്യു (90) അന്തരിച്ചു. ഭാര്യ ചെമ്പ് കടുങ്ങോത്ത് മേരി. മക്കൾ: മറീന, റോബിൻ (യുഎസ്), വിനോദ് (വിമുക്തഭടൻ). മരുമക്കൾ: മണ്ണത്തൂർ നടുവിലേമുകളേൽ ജോർജ്, ഏഴക്കരനാട് പുളിയനാക്കുഴിയിൽ ജിബി (യുഎസ്), സൈനിമോൾ ചാരുപ്ലാക്കിൽ (ഡൽഹി).

## മേരിക്കുട്ടി സാമുവൽ

**അടൂർ:** പന്നിവിഴ നാലുതുണ്ടിൽ മേരിക്കുട്ടി സാമുവൽ (87) അന്തരിച്ചു. ഭർത്താവ് പരേതനായ ജി. സാമുവൽ (റിട്ട. അദ്ധ്യാപകൻ). മക്കൾ: പാസ്റ്റർ ജി.എസ് ജോൺസൺ (യുഎസ്), ജി.എസ്. ഏബ്രഹാം (റിട്ട. ലോക്കോ പൈലറ്റ്). മരുമക്കൾ: വത്സമ്മ (യുഎസ്), ഷീബ.

## സിസി കോശി

**മേപ്രാൽ:** കേന്ദ്ര വനംവകുപ്പ് പരിസ്ഥിതി മന്ത്രാലയം മുൻ ഡയറക്ടർ മേപ്രാൽ കണിയാന്ത്ര പരേതനായ ഡോ. മാമ്മൻ കോശിയുടെ ഭാര്യ സിസി കോശി (83) ഡൽഹിയിൽ അന്തരിച്ചു. പുതുപ്പള്ളി കൊച്ചുപാറേട്ട് കുടുംബാംഗമാണ്. മക്കൾ: രാജീവ് (യുഎസ്), രഞ്ജിത് (ഡൽഹി), റേണു (മുംബൈ). മരുമക്കൾ: സുജ (യുഎസ്), ജിൻസി (ഡൽഹി), സുനിൽ (മുംബൈ).

**തൊടുപുഴ:** ആരാധനാമഠാംഗം കോതമംഗലം പ്രോവിൻസ് സിസ്റ്റർ മരിയ ചിറത്തലയ്ക്കൽ (81) അന്തരിച്ചു.

**പായിപ്പാട്:** എസ്.എച്ച് കോൺവന്റ് അംഗം സിസ്റ്റർ ആനി ട്രീസ കൊല്ലക്കൊമ്പിൽ (77) അന്തരിച്ചു.

**ഇടമറ്റം:** എഫ്സിസി കോൺഗ്രിഗേഷൻ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസ് ഇടമറ്റം മഠാംഗം സിസ്റ്റർ സെറീന മാറാമറ്റത്തിൽ (81) അന്തരിച്ചു.

## റീറ്റ ജോസഫ് ബിനോയി

**തിരുവനന്തപുരം:** കേശവദാസപുരം ആനന്ദ് നഗറിൽ യുഎസ് റോച്ചസ്റ്റർ കൂപ്പർവിഷൻ സീനിയർ സിസ്റ്റംസ് അനലിസ്റ്റ് റീറ്റ ജോസഫ് ബിനോയി (64) യുഎസിൽ അന്തരിച്ചു. പൊൻകുന്നം കരിക്കാട്ടുകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ബിനോയ് ചെറിയാൻ വേങ്ങൽ. മക്കൾ: ഡോ. മറിയ ബിനോയ് (ഒഹായോ), അന്ന ബിനോയ് (ഡാളസ്). മരുമക്കൾ: ഡോ. സൈറസ് കെല്ലർമിയർ (ഒഹായോ), ലോഗൻ ഹെരിങ്ടൺ (ഡാളസ്).

## ജോൺ എം. ജോൺ



**ന്യൂയോർക്ക്:** കോടുകുളഞ്ഞി വയലിൽ (മണലേൽ ശാഖ) ജോൺ എം. ജോൺ (സണ്ണി–82)ന്യൂയോർക്കിൽ അന്തരിച്ചു. ന്യൂയോർക്കിൽ സിഎസ്ഐ മലയാളം കോൺഗ്രിഗേഷന്റെ ആദ്യകാല അംഗങ്ങളിൽ ഒരാളാണ്. ഭാര്യ അമ്മിണി ജോൺ വയലിൽ പടീറ്റതിൽ കുടുംബാംഗമാണ്. മക്കൾ: സജി ജോൺ (യുഎസ്), ഡോ. സിബി ജോൺ (യുഎസ്). മരുമക്കൾ: ലീന സജി, ഡോ. റൂബി ജോൺ. സഹോദരങ്ങൾ: ലാലു തമ്പി (എറണാകുളം), ബീന ഐപ്പ് (യുകെ).

**കൊച്ചി:** നാടകകലാകാരൻ വൈറ്റില പൊന്നുരുന്നി സഹകാര റോഡ് ആമ്പേലിപ്പാടത്ത് പോഞ്ഞിക്കര ബാബു (73) അന്തരിച്ചു.

## കെ.സി. ജോൺ

**കുഴിക്കാല:** പുളിയേലിൽ കൊച്ചുമലയിൽ കെ.സി. ജോൺ (കുഞ്ഞുമോൻ–85) അന്തരിച്ചു. ഭാര്യ പള്ളംമറ്റത്തിൽ പരേതയായ ആനിയമ്മ ജോർജ്. മക്കൾ: ലീന, റീന (യുഎസ്). മരുമക്കൾ: അനിൽ ജോർജ് മലയിൽ പുത്തൻപുരക്കൽ (പള്ളം), റെജി കൊയ്ക്കലേത്ത് വകയാർ (യുഎസ്).

## എം. മാത്തപ്പൻ

**മൂവാറ്റുപുഴ:** നഗരസഭ മുൻ ആക്ടിംഗ് ചെയർമാൻ വറങ്ങലക്കുടിയിൽ എം. മാത്തപ്പൻ (80) അന്തരിച്ചു. ഭാര്യമാർ: പരേതയായ ഫിലോമിന, ലിസി. മക്കൾ: ഡോ. റിങ്കു മാത്തപ്പൻ (ബെംഗ്ളൂരു), രേഷ്മ, രാഖി (യുഎസ്). മരുമക്കൾ: തോമസ് ഫിലിപ്പ് പള്ളിയമ്പിൽ കോട്ടയം (ബെംഗ്ളൂരു), ഇ.സി. ക്ലിട്സൺ എലവത്തിങ്കൽ തൃശൂർ, അലക്സ് ഡാനിയേൽ ചിറ്റിലപ്പിള്ളി തൊടുപുഴ (യുഎസ്).

## ജോസഫ് ജോസഫ്

**തൊടുപുഴ:** കൃഷിവകുപ്പ് റിട്ട. ഡപ്യൂട്ടി ഡയറക്ടർ നീറ്റുകാട്ട് ജോസഫ് ജോസഫ് (ജോയി–76) അന്തരിച്ചു. ഭാര്യ കോട്ടയം കൊച്ചേനായിൽ പരേതയായ ഫിലോ. മക്കൾ: സ്നേഹ മരിയ ജോസഫ് (ലോസാഞ്ചലസ്), ഡോ. സന്ദീപ് ജോസ് ജോസഫ് (അറ്റ്ലാന്റ്), സോന എലിസബത്ത് ജോസഫ് (ഹൂസ്റ്റൺ), സൂര്യ ആൻ ജോസഫ് (എറണാകുളം). മരുമക്കൾ: റാന്നി കോയിപ്പുറത്ത് അനൂപ് ടോം സക്കറിയ, റാന്നി മുണ്ടോട്ടക്കൽ സെറീനാ ഏബ്രഹാം, കരിങ്കുന്നം തട്ടാമറ്റത്തിൽ ജിമ്മി മാത്യു ജോൺ, പുന്നത്തുറ കൊശക്കുഴിയിൽ ടിജോ ജോസ് ടോം.

## കുഞ്ഞമ്മ ജോളി

**ആനിക്കാട് ഈസ്റ്റ്:** കൊല്ലംപറമ്പിൽ ജോളി ജോസഫിന്റെ ഭാര്യ കുഞ്ഞമ്മ ജോളി (67) അന്തരിച്ചു. വിഴിക്കത്തോട് ചിറ്റടിയിൽ കുടുംബാംഗമാണ്. മക്കൾ: ജെയ്ൻ ജോളി (യുഎസ്), ജസ്റ്റിൻ ജോളി (അബുദാബി), പരേതനായ ജയ്സൺ ജോളി. മരുമക്കൾ: പയസ് സേവ്യർ കോതാട്ട് മഞ്ഞുമ്മേൽ (യുഎസ്), ലിറ്റി ജസ്റ്റിൻ വരിക്കമാക്കൽ ചാമംപതാൽ (അബുദാബി).

**കോട്ടയം:** എക്സൈസ് ഉദ്യോഗസ്ഥൻ പുത്തനങ്ങാടി നെൽപുരയിൽ എൻ.സി. വർഗീസ് (ജോർജുകുട്ടി–80) അന്തരിച്ചു.

## മേരി ഫിലിപ്പ്



**ഓണംതുരുത്ത്:** വെളിഞ്ചായിൽ (ചാത്തമ്പടത്തിൽ) പരേതനായ ഇട്ടിക്കുഞ്ഞ് ഫിലിപ്പിന്റെ ഭാര്യ മേരി ഫിലിപ്പ് (94) അന്തരിച്ചു. പരേത മാന്നാനം വടകര കുടുംബാംഗമാണ്. മക്കൾ: മേരി ഏബ്രഹാം, വി.പി. ലൂക്കോസ്, സാലി ജോസഫ്, ജോയി ഫിലിപ്പ്, സിസ്റ്റർ ലൗസി, സിസ്റ്റർ ജിജി (ഇരുവരും കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്), സിസ്റ്റർ സാൽവി എസ്.വി.എം. മരുമക്കൾ: എം.എം. ഏബ്രഹാം മീനടത്തുപറമ്പിൽ (ബാംഗ്ലൂർ), എം.പി. ജോസഫ് മഠത്തിൽ (കിഴക്കേനട്ടാശേരി), ആലീസ് ഓണശ്ശേരിൽ (മാന്നാനം), ഡെയ്സി കണ്ണച്ചാംപറമ്പിൽ (മുളമറ്റത്തിൽ) കട്ടപ്പന.

**ന്യൂഡൽഹി:** പ്രതിരോധ വകുപ്പിൽ മുൻ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന എറണാകുളം കണ്ടനാട് വൈശ്യംപറമ്പിൽ വി.പി. വർഗീസ് (76) ന്യൂഡൽഹിയിൽ ദ്വാരകയിൽ അന്തരിച്ചു.

## ജെയിംസ് പി. ജോർജ്



**ഹൂസ്റ്റൺ:** കടമ്പണ്ട് പ്ലാവിള പുത്തൻവീട്ടിൽ പരേതരായ പി.ഐ. ജോർജ്–പെണ്ണമ്മ ജോർജ് ദമ്പതികളുടെ മകനായ ജെയിംസ് പി. ജോർജ് (76) ഹൂസ്റ്റണിൽ അന്തരിച്ചു. 1972–ൽ അമേരിക്കയിലേക്ക് കുടിയേറിയ ജെയിംസ് ഹൂസ്റ്റൺ ഐപിസി ചർച്ചിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. ഭാര്യ കൊട്ടാരക്കര പനവേലിൽ വീട്ടിൽ മേരിക്കുട്ടി. മക്കൾ: ജേസൺ ജോർജ്, ജെൻസി ആന്റണി. മരുമക്കൾ: ഗ്രേസ് ജോർജ്, ആൻഡ്രൂ ആന്റണി. സഹോദരങ്ങൾ: ലീലാമ്മ ജേക്കബ്–സാം ജേക്കബ് (കാലിഫോർണിയ), മറിയാമ്മ സാം–സാംകുഞ്ഞു (ഡാളസ്), ഡാർലിം ബോബൻ–ഉണ്ണൂണ്ണി (ഡാളസ്), ജോസ് പി. ജോർജ് –മറിയാമ്മ ജോർജ് (ഹൂസ്റ്റൺ), എലിസബത്ത് ചെമ്പനാൽ–ജോർജ് ചെമ്പനാൽ (ഡാളസ്).

**ഉഴവൂർ:** ഏറ്റുമാനൂർ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി റിട്ട. ഉദ്യോഗസ്ഥൻ പെരുന്താനം പുത്തേത്തുപറമ്പിൽ പി.കെ. മോഹനൻ (62) അന്തരിച്ചു.

**ചെമ്മലമറ്റം:** സിസ്റ്റേഴ്സ് ഓഫ് ജീസസ് ആൻഡ് മേരി സഭാംഗം സിസ്റ്റർ നിർമല (ത്രേസ്യാമ്മ–81) അന്തരിച്ചു.

## വി.പി. വാസുദേവൻ

**പെരിന്തൽമണ്ണ:** എഴുത്തുകാരനും ആക്ടിവിസ്റ്റും പുരോഗമന കലാസാഹിത്യസംഘം മുൻ സംസ്ഥാന സെക്രട്ടറിയുമായിരുന്ന ഏലംകുളം സൂര്യകാന്തിയിൽ വി.പി. വാസുദേവൻ (78) അന്തരിച്ചു. ഭാര്യ: കെ. കോമളവല്ലി (റിട്ട. അദ്ധ്യാപിക). മക്കൾ: കെ.വി. ലാൽ (ബെംഗ്ളൂരു), വി.പി. വിമൽ (യുഎസ്). മരുമക്കൾ: രജിത, അമ്പിളി.

## എം.എസ്. സാമുവൽ

**മൈലപ്ര:** മന്ദപ്പുഴ എം.എസ്. സാമുവൽ (94) അന്തരിച്ചു. ഭാര്യ പുനലൂർ നക്കരേത്ത് ഏലിയാമ്മ സാമുവൽ. മക്കൾ: സൂസമ്മ, ജോയി, ജോളി, റെജി, സോളി (എല്ലാവരും യുഎസ്), പരേതനായ രാജു. മരുമക്കൾ: വർഗീസ്, റോസമ്മ, ജയ്നി, ജേക്കബ്, സിന്ധു, ജയൻ.

**മല്ലപ്പള്ളി:** ചങ്ങനാശേരി എസ്ബി ഹൈസ്കൂൾ റിട്ട. അധ്യാപകൻ പനയമ്പാല കല്ലക്കടമ്പിൽ കരുപ്പോട്ട് നൂറോമ്മാക്കൽ കെ.ഇ. ജോബ് (കുഞ്ഞൂഞ്ഞച്ചൻ–92) അന്തരിച്ചു.

**കടുത്തുരുത്തി:** കെ.എസ്. പുരം കപ്പിലുമാവുങ്കൽ ആർ. രത്നമ്മ (90) അന്തരിച്ചു.

## മറിയാമ്മ മാത്യു അന്തരിച്ചു



ഡാളസ്: അടൂർ വടക്കടത്തുകാവ് വൈദ്യൻപറമ്പിൽ സൈമൺ മാത്യൂസിന്റെ ഭാര്യ മറിയാമ്മ മാത്യൂസ് (86) ഡാളസിൽ അന്തരിച്ചു. കൊട്ടാരക്കര വാളകം കുമ്പകാട്ട് കുടുംബാംഗവും കരോൾട്ടൺ ബിലിവേഴ്സ് ബൈബിൾ ചാപ്പൽ അംഗവുമാണ്. മക്കൾ: സജി മാത്യൂസ് (മെക്കിനി, ഡാളസ്), സണ്ണി മാത്യൂസ് (ബോസ്റ്റൺ). മരുമക്കൾ: അമാൻഡ, ജൂലി. ഡിസംബർ 7–ന് ശനിയാഴ്ച കരോൾട്ടൺ ബിലിവേഴ്സ് ബൈബിൾ ചാപ്പലിൽ (2116 Old Denton rd) പൊതുദർശനവും തുടർന്ന് കോപ്പേൽ റോളിംഗ് ഓക്സ് സെമിത്തേരിയിൽ സംസ്കാരവും നടക്കും. കൂടുതൽ വിവരങ്ങൾക്ക്: സാമുവൽ തമ്പി ചീരൻ 91 999 587 5894.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

**Visit Our Website: www.keralaexpress.com for Classified Advt.**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി–ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

# വയനാട്: കേന്ദ്ര സഹായത്തിന് എംപിമാർ ഒറ്റക്കെട്ട്

തിരുവനന്തപുരം: ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി, വിലങ്ങാട് പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം വൈകുന്നതിനെതിരെ ഡൽഹിയിൽ യോജിച്ച പ്രക്ഷോഭത്തിന് മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ തീരുമാനം. 25-ന് ആരംഭിക്കുന്ന ശൈത്യകാല ലോക്സഭാ സമ്മേളനത്തിനു മുന്നോടിയായാണ് കേരളത്തിന്റെ ആവശ്യങ്ങൾ എംപിമാരെ അറിയിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ യോഗം വിളിച്ചത്. പാർലമെന്റിന് അകത്തും പുറത്തും യോജിച്ച പ്രതിഷേധങ്ങൾക്ക് എൽഡിഎഫ്, യുഡിഎഫ് എംപിമാർ ഒരുമിച്ചു നീങ്ങും. പാർലമെന്റിനു പുറത്തെ പ്രതിഷേധങ്ങൾ എങ്ങനെ വേണമെന്ന് എംപിമാർ ഡൽഹിയിൽ തീരുമാനിക്കും. ബിജെപി എംപിമാർ യോഗത്തിനെത്തിയില്ല.

ദുരന്ത നിവാരണ നിയമപ്രകാരം അതിതീവ്ര ഗണത്തിൽപെട്ട ദുരന്തമായിട്ടും ആ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാർ തയാറായില്ലെന്ന് മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. ഈ നിയമ പ്രകാരമുള്ള ആശ്വാസ നടപടികൾ ഇതു കാരണം വൈകുകയാണ്. കേന്ദ്ര തീരുമാനം വൈകിയാലും മേപ്പാടിയിൽ സമഗ്രമായ ടൗൺഷിപ് നിർമിക്കുന്നതിനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടു പോകും.

കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടൽ കക്ഷിരാഷ്ട്രീയത്തിനതീതമായി സ്വീകരിക്കുമെന്ന് എംപിമാർ മുഖ്യമന്ത്രിയെ അറിയിച്ചു. കേരളത്തിനു കിട്ടേണ്ട വിഹിതം ലഭിക്കാൻ ഒന്നിച്ചുള്ള ശ്രമങ്ങൾക്ക് തയാറാണെന്നും നാടിന്റെ പൊതുവായ കാര്യങ്ങളിൽ ഒന്നിച്ചു നിൽക്കുമെന്നും എംപിമാർ പറഞ്ഞു. നാല് മാസം കഴിഞ്ഞിട്ടും വയനാടിന് നഷ്ടപരിഹാരം പ്രഖ്യാപിക്കുന്നതിനു പകരം സാങ്കേതികമായ ന്യായങ്ങൾ പറഞ്ഞു കേരളത്തിന്റെ പൊതുതാൽപര്യത്തെ തകർക്കുന്ന സമീപനമാണു കേന്ദ്രം സ്വീകരിക്കുന്നതെന്നു എൻ.കെ. പ്രേമചന്ദ്രൻ എം.പി. പറഞ്ഞു.

## രാഹുലിന് ക്ഷണമില്ല

(3-ാം പേജിൽനിന്നും)

ബഹളം തുടങ്ങുകയും തുടർന്ന് സഭ 12 മണി വരെ നിർത്തിവെക്കുകയുമായിരുന്നു. പിന്നീട് സഭ വീണ്ടും ചേർന്നെങ്കിലും സംഭാലിലെ സംഘർഷവിഷയം പ്രതിപക്ഷം ഉയർത്തി. അദാനിക്കെതിരെ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ പിരിയുകയായിരുന്നു.

ഡിസംബർ 20 വരെയാണ് സമ്മേളനം. നിരവധി കാരണങ്ങളാൽ പ്രത്യേകതയുള്ളതാണ് ഇത്തവണത്തെ പാർലമെന്റ് ശീതകാല സമ്മേളനമെന്ന് മാധ്യമങ്ങളോട് സംസാരിക്കവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പ്രതിപക്ഷത്തെയും മോദി കുറ്റപ്പെടുത്തി. ജനം തള്ളിയ ചിലർ സഭയെ അസ്വസ്ഥമാക്കാൻ ശ്രമിക്കുകയാണ്. ഇത്തരം പാർട്ടികൾക്ക് അധികാരത്തോട് ആർത്തിയാണ് ജനങ്ങൾ ഇത്തരക്കാരെ ശിക്ഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

2024 അവസാനിക്കാൻ പോകുകയാണ്. രാജ്യം 2025-ലേക്ക് തയ്യാറെടുക്കുന്നു. പല കാര്യങ്ങളിലും ഈ പാർലമെന്റ് സമ്മേളനം പ്രത്യേകതയുള്ളതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഭരണഘടനയുടെ 75-ാം വാർഷികത്തിന്റെ തുടക്കമാണ്. പാർലമെന്റിൽ, നമ്മുടെ ഭരണഘടനയുടെ 75-ാം വാർഷികം എല്ലാവരും ആഘോഷിക്കും: പ്രധാനമന്ത്രി പറഞ്ഞു.

## മഹാരാഷ്ട്രയിൽ എൻഡിഎ

(3-ാം പേജിൽനിന്നും)

എൻസിപി അജിത് പക്ഷവും ഉൾപ്പെടുന്ന 'മഹായുതി' (എൻഡിഎ) 288-ൽ 234 സീറ്റുമായി ഭരണം നിലനിർത്തി.

കോൺഗ്രസും ശിവസേനാ ഉദ്ധവ് പക്ഷവും എൻസിപി ശരദ് പവാർ പക്ഷവും അടങ്ങുന്ന മഹാവികാസ് അഘാഡി (ഇന്ത്യാസഖ്യം) വെറും 50 സീറ്റിലൊതുങ്ങി. കേവലഭൂരിപക്ഷത്തിനു വേണ്ടത് 145 സീറ്റാണെന്നിരിക്കെ, ബിജെപി ഒറ്റയ്ക്ക് 132 സീറ്റ് നേടി. ബിജെപി മുന്നേറ്റത്തിന്റെ പ്രധാന ശിൽപിയായ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് മുഖ്യമന്ത്രിയാകാനും സാധ്യതയേറി. നിലവിലെ മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയ്ക്കായി ശിവസേനാ ഷിൻഡെ പക്ഷവും രംഗത്തുണ്ടെങ്കിലും സഖ്യകക്ഷികളെ മുൻപത്തെയത്ര ആശ്രയിക്കേണ്ടെന്നത് ബിജെപിക്ക് അനുകൂല ഘടകമാണ്.

സംസ്ഥാനത്തെ 4.69 കോടി സ്ത്രീ വോട്ടർമാരിൽ 2.5 കോടി പേർക്കും മാസം 1500 രൂപ നൽകുന്ന ലാഡ്കി ബഹിൻ പദ്ധതിയാണ് മഹായുതിയുടെ വിജയത്തിനു പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. ആറു മാസം മുൻപത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 152 നിയമസഭാ സീറ്റിൽ മുന്നിട്ടു നിന്ന മഹാവികാസ് അഘാഡിയാണ് ഇക്കുറി മൂന്നിലൊന്നു സീറ്റിലേക്കൊതുങ്ങിയത്. യഥാർത്ഥ ശിവസേന തന്റേതെന്നു തെളിയിക്കുന്ന വിജയമാണ് ഏക്നാഥ് ഷിൻഡെ നേടിയത്. എൻസിപിയിലെ പിന്തുടർച്ചപ്പോരിൽ അജിത് പവാർ വെന്നിക്കൊടി പാറിച്ചു. ശിവസേന ഉദ്ധവ് താക്കറെ പക്ഷത്തിന്റെയും എൻസിപി ശരദ് പവാർ പക്ഷത്തിന്റെയും രാഷ്ട്രീയഭാവി തന്നെ അനിശ്ചിതത്വത്തിലാക്കുന്നതാണു ഫലം.

മഹാവികാസ് അഘാഡിയുടെ ഭാഗമായി മത്സരിച്ച സിപിഎം ഡഹാണുവിൽ ജയിച്ചു. അസറുദ്ദീൻ ഉവൈസിയുടെ എഐഎംഐഎം ഒരു സീറ്റ് നേടി.

കർണാടകയിലെ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ബിജെപിയുടെയും ജനതാദളിന്റെയും രണ്ട് സീറ്റ് പിടിച്ചെടുത്തു കരുത്തുകാട്ടിയ കോൺഗ്രസ് പരമ്പരാഗത സീറ്റായ സന്ദൂർ നിലനിർത്തുകയും ചെയ്തു. ബംഗാളിൽ പ്രതികൂല സാഹചര്യങ്ങളെയെല്ലാം മറികടന്നാണ് തൃണമൂൽ കോൺഗ്രസ് ഉപതെരഞ്ഞെടുപ്പു നടന്ന ആറ് സീറ്റും തൂത്തുവാരിയത്. 2016 മുതൽ ബിജെപി ജയിച്ചിരുന്ന മാദരിഹട്ട് പിടിച്ചെടുത്തു. സിറ്റിങ് സീറ്റുകളായ സിതായ്, നൈഹാതി, ഹാരോ, മിഡ്നാപൂർ, തൽദാൻഗ്ര എന്നിവ നിലനിർത്തി.

## പ്രിയങ്കയ്ക്ക് റിക്കാർഡ് ഭൂരിപക്ഷം

(3-ാം പേജിൽനിന്നും)

പ്രചാരണത്തിൽ എൽഡിഎഫിനെ അപേക്ഷിച്ച് വളരെ മുന്നിലായിരുന്നു യുഡിഎഫ്.

പ്രിയങ്കയ്ക്ക് അഞ്ച് ലക്ഷം വോട്ടിന്റെ ഭൂരിപക്ഷം എന്ന ലക്ഷ്യവുമായാണ് യുഡിഎഫ് നേതാക്കളും പ്രവർത്തകരും പ്രചാരണരംഗത്ത് സജീവമായത്. പ്രചാരണത്തിനു ചുക്കാൻ പിടിക്കാൻ ഏഴ് നിയോജകമണ്ഡലങ്ങളിലും കോൺഗ്രസ് നേതൃത്വം എംപി-എംഎൽഎമാർക്ക് ചുമതല നൽകിയിരുന്നു. ഇവർ ആഴ്ചകളോളമാണ് മണ്ഡലത്തിൽ ക്യാമ്പ് ചെയ്തത്. യുഡിഎഫിന് സാധ്യതയുള്ള വോട്ടുകളിൽ ഒന്നുപോലും ചോരരുതെന്ന വാശിയോടെയായിരുന്നു ബൂത്തുതലത്തിൽ പ്രചാരണം. യുഡിഎഫ് പ്രവർത്തകർ രണ്ടും മൂന്നും തവണയാണ് വീടുകൾ കയറി വോട്ട് ഉറപ്പിച്ചത്. ഇതിനു പുറമേ കുടുംബ സംഗമങ്ങളും നടന്നു.

പി. സരിനെ കോൺഗ്രസിൽ നിന്നടർത്തി മത്സരിപ്പിച്ചിട്ടും സിപിഎം വീണ്ടും മൂന്നാം സ്ഥാനത്തായി. ബിജെപിയെ തോൽപിക്കാൻ വോട്ടുമറിച്ചെന്നു രഹസ്യമായെങ്കിലും പറയാവുന്ന നിലയും ഇനിയില്ല. ബിജെപിയുമായി കഴിഞ്ഞതവണ ഉണ്ടായിരുന്ന പതിമൂവായിരത്തിലേറെ വോട്ടിന്റെ വ്യത്യാസം കുറയ്ക്കാനായതു നേട്ടമായി സിപിഎം അവകാശപ്പെടുന്നു. ഇത്തവണ വ്യത്യാസം 2256 വോട്ട്.

2021-ൽ ഷാഫി പറമ്പിൽ നേടിയതിലും നാലിരട്ടി ഭൂരിപക്ഷമാണു രാഹുൽ മാങ്കൂട്ടത്തിൽ നേടിയത്. ഇതോടെ, രാഹുലിനെ മത്സരിപ്പിച്ചതിന്റെ പേരിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെയും ഷാഫി പറമ്പിലിനെയും ഉന്നമിട്ടു കോൺഗ്രസിലുണ്ടായ അസ്വാരസ്യം, തെരഞ്ഞെടുപ്പിനുശേഷം പൊട്ടിത്തെറിയായി മാറുമെന്ന സിപിഎമ്മിന്റെ പ്രതീക്ഷ അസ്ഥാനത്തായി. മറിച്ച്, പാലക്കാട് പാർട്ടിക്കു സംഘടനാ പോരായ്മകളുണ്ടെന്നു മന്ത്രി എം.ബി. രാജേഷിനു തുറന്നു പറയേണ്ടി വന്നു. സംഘടനാ ദൗർബല്യങ്ങളാണോ അതോ രാജേഷ് അടക്കമുള്ളവർ കൈക്കൊണ്ട തീരുമാനങ്ങളാണോ യുഡിഎഫിന്റെ വൻ കുതിപ്പിനു കാരണമായതെന്ന ചർച്ച വരുംദിവസങ്ങളിൽ പാർട്ടിയിൽ നടക്കും. പാർട്ടി വിട്ടുപോയ സന്ദീപ് വാരിയർ സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രനെതിരെ തൊടുത്തുവിടുന്ന ആക്ഷേപശരങ്ങളുടെ അനുരണനങ്ങൾ, ഫലം വന്നതോടെ ബിജെപിയിൽ ഉയർന്നുതുടങ്ങി. രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുനടന്ന തൃക്കാക്കര, പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പുകളിലും ലോക്സഭാ തെരഞ്ഞെടുപ്പിലും വൻതോൽവി ഏറ്റുവാങ്ങിയ ശേഷമാണു ചേലക്കര വഴി എൽഡിഎഫിന് ഒരു ജയം കിട്ടുന്നത്. മണ്ഡലത്തിൽ ഇടതുപക്ഷത്തിന്റെ അടിത്തറയും സ്ഥാനാർത്ഥി യു.ആർ. പ്രദീപിന്റെ സ്വീകാര്യതയും അതിൽ നിർണായക പങ്കുവഹിച്ചു. 2021-ൽ കെ. രാധാകൃഷ്ണനു ലഭിച്ച 39,400 വോട്ടിന്റെ ഭൂരിപക്ഷം പ്രദീപിനു പ്രതീക്ഷിച്ചിരുന്നില്ല. മണ്ഡലത്തിൽ തോറ്റാലും നേരിയ ഭൂരിപക്ഷത്തിന് എന്ന കോൺഗ്രസിന്റെ കണക്കുകൂട്ടൽ പാളി. 2021, 24 തെരഞ്ഞെടുപ്പുകളിൽ ലഭിച്ചതിനെക്കാളും വോട്ടു കിട്ടിയതു ബിജെപിക്ക് ആശ്വാസമായി.

# കേരളത്തിലെ കാലാവസ്ഥാമാറ്റം പ്രവചനാതീതം

കോട്ടയം: പകൽച്ചൂടിൽ വിയർത്തും രാത്രി തണുപ്പിൽ വിറച്ചും കേരളം. ദിവസങ്ങളായി സംസ്ഥാനത്ത് പകൽ സമയത്ത് പൊള്ളുന്ന ചൂടും രാത്രിയിലും പുലർകാലങ്ങളിലും കടുത്ത തണുപ്പും അനുഭവപ്പെടുന്നതു തുടരുകയാണ്. തുലാവർഷം ദുർബലമായതാണ് ഈ കാലാവസ്ഥാ മാറ്റത്തിനു പിന്നിലെന്നാണ് വിദഗ്ദ്ധർ പറയുന്നത്.

സാധാരണയായി വൃശ്ചികകുളിർ അനുഭവപ്പെട്ടു തുടങ്ങുന്നത് വൃശ്ചികമാസം അവസാനത്തോടെയാണ്. എന്നാൽ, ഇക്കുറി വൃശ്ചികം ആരംഭിച്ചപ്പോൾ തന്നെ രാത്രി താപനില വലിയതോതിൽ കുറയുകയും പുലർകാലത്ത് കടുത്ത തണുപ്പ് അനുഭവപ്പെടുകയും ചെയ്യുന്നു. ഇതിനൊപ്പമാണ് പകൽ സമയങ്ങളിൽ കടുത്ത ചൂടും അനുഭവപ്പെടുന്നത്. ഈ കാലാവസ്ഥാ മാറ്റം രോഗസാദ്ധ്യത വർദ്ധിപ്പിക്കുമെന്നും അതിനാൽ ജാഗ്രത വേണമെന്നും ആരോഗ്യരംഗത്തെ വിദഗ്ദ്ധർ പറയുന്നു.

കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൂടിയ പകൽ താപനില 33 ഡിഗ്രിക്കും 39 ഡിഗ്രിക്കും ഇടയിലാണ്. അതേസമയത്ത് തന്നെയാണ് രാത്രി താപനില പലയിടങ്ങളിലും 15 ഡിഗ്രി സെൽഷ്യസിൽ വരെ താഴുന്നത്.

പ്രധാന ഹിൽ സ്റ്റേഷനുകളിലെല്ലാം ഏറ്റവും കുറഞ്ഞ താപനില 10 ഡിഗ്ര സെൽഷ്യസിലെത്തിയതായി കണക്കുകൾ പറയുന്നു. മൂന്നാറിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞതാപനില 11.1 ഡിഗ്രി സെൽഷ്യസാണ്. പൊന്മുടിയിൽ 12 ഡിഗ്രി സെൽഷ്യസും. തുലാവർഷം ശക്തിപ്പെടുംവരെ കാലാവസ്ഥാ മാറ്റം തുടരുമെന്നാണ് വിദഗ്ദ്ധർ വ്യക്തമാക്കുന്നത്.

# മാലിന്യമുക്ത നവകേരളം: രണ്ടാം ഘട്ടം ഡിസംബർ 31-ന് പൂർത്തിയാക്കും

കോട്ടയം: മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ രണ്ടാംഘട്ടവും വിജയമാക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി.

രണ്ടാംഘട്ടത്തിന്റെ ഭാഗമായി വിദ്യാലയങ്ങളും കലാലയങ്ങളും 100 ശതമാനം ഹരിതമാക്കാനും പൊതുസ്ഥലങ്ങളുടെ സമ്പൂർണ ശുചീകരണം നടപ്പാക്കാനുമാണ് ലക്ഷ്യമിടുന്നത്. ഓഫീസുകൾ ഹരിത ഓഫീസുകളാക്കുന്നതിന് വകുപ്പുകൾ മുൻകൈയെടുക്കണം. നിയോജകമണ്ഡല അടിസ്ഥാനത്തിൽ അവലോകനയോഗം ഉടൻ ചേരുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പറഞ്ഞു.

2024 ഒക്ടോബർ രണ്ടിനാരംഭിച്ച ജനകീയ കാമ്പയിൻ അഞ്ചുഘട്ടമായി അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30-നാണു പൂർത്തിയാകുന്നത്.

ഒന്നാംഘട്ട പൂർത്തീകരണം നവംബർ ഒന്നിന് സാധ്യമായിരുന്നു. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 578 ഹരിതവിദ്യാലയങ്ങളും (52.83 ശതമാനം) 31 ഹരിത കലാലയങ്ങളും (35 ശതമാനം) 2,413 ഹരിത ഓഫീസുകളും (45.39 ശതമാനം) മൂന്നു ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങളും 4,029 (14.86 ശതമാനം) ഹരിത അയൽക്കൂട്ടങ്ങളും സാധ്യമാക്കി.

ഒരു തദ്ദേശസ്ഥാപനത്തിൽ ഒന്ന് എന്ന നിലയിൽ 74 ടൗണുകളുടെ സൗന്ദര്യവത്കരണവും നടപ്പാക്കി. 49 ഇടങ്ങളിൽ പൊതുസ്ഥല ശുചീകരണവും സാധ്യമാക്കി.

ഡിസംബർ 31-ന് കാമ്പയിന്റെ രണ്ടാംഘട്ടം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. മുഴുവൻ വിദ്യാലയങ്ങളും (1,092 എണ്ണം) കലാലയങ്ങളും (106) ഇതിന്റെ ഭാഗമായി ഹരിതമായി പ്രഖ്യാപിക്കും. 25 ശതമാനം (എട്ടെണ്ണം) വിനോദസഞ്ചാരകേന്ദ്രങ്ങളും അയൽക്കൂട്ടങ്ങളും (6,779 എണ്ണം) ഹരിതമാക്കും.

ജനുവരി 26-ന് മൂന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഹരിതസ്ഥാപനങ്ങളും (5,316) മാർച്ച് എട്ടിന് നാലാംഘട്ടം പൂർത്തിയാകുമ്പോൾ ഹരിതഅയൽക്കൂട്ടങ്ങളും (16,630) മാർച്ച് 30-ന് അഞ്ചാംഘട്ടം പൂർത്തിയാകുമ്പോൾ ഹരിതവിനോദസഞ്ചാരകേന്ദ്രങ്ങളും (30 എണ്ണം) 100 ശതമാനം എന്ന ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# സൈബർ തട്ടിപ്പ്: വാട്സ് ആപ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തു

ന്യൂഡൽഹി: സൈബർ തട്ടിപ്പുകൾക്കെതിരെയുള്ള നടപടികളുടെ ഭാഗമായി കേന്ദ്ര സർക്കാർ 17,000 വാട്സ് ആപ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തു. കേന്ദ്ര വാർത്താവിതരണ വകുപ്പും ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററും ചേർന്നാണ് സൈബർ ക്രിമിനലുകളുടെ വാട്സ് ആപ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തത്.

ബ്ലോക്ക് ചെയ്യപ്പെട്ട അക്കൗണ്ടുകളിൽ മിക്കതും കംബോഡിയ, മ്യാൻമർ, തായ്‌ലൻഡ് തുടങ്ങിയ തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളതാണ്. സൈബർ തട്ടിപ്പുകൾക്കിരയായവരുടെ പരാതിപ്രകാരമാണ് തട്ടിപ്പ് നടത്തിയ അക്കൗണ്ടുകൾക്ക് കേന്ദ്രസർക്കാർ തടയിട്ടത്.

KERALA EXPRESS പ്രവാസി താളുകൾ

# സഫേൺ സെ. മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ന്യൂയോർക്ക്: ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ ഒരു പ്രതിനിധി സംഘം നവംബർ 17-ന് ഞായറാഴ്ച സെ. മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.

വികാരി റവ.ഡോ. രാജു വർഗീസ് വർഷങ്ങളായി ഫാമിലി യൂത്ത് കോ



ൺഫറൻസിലൂടെ ലഭ്യമായ ആനുകൂല്യങ്ങളെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസ് ടീമിനെ സംസാരിക്കാൻ ക്ഷണിക്കുകയും ചെയ്തു. കോൺഫറൻസ് തീം, വേദി, രജിസ്ട്രേഷൻ എന്നിവയുടെ വിശദാംശങ്ങളെക്കുറിച്ച് കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് സംസാരിച്ചു. യൂത്ത്, സൺഡേസ്കൂൾ, ഫോക്കസ് ഗ്രൂപ്പുകൾക്കുള്ള പ്രത്യേക സെഷനുകളെക്കുറിച്ച് അദ്ദേഹം പരാമർശിക്കുകയും പ്രസംഗകരെപ്പറ്റി ഒരു ലഘുവിവരണം നല്കുകയും ചെയ്തു. ഫിനാൻസ് കോ-ഓർഡിനേറ്റർ ഫിലിപ്പ് തങ്കച്ചൻ സ്പോൺസർഷിപ് വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ചു. ഫാമിലി കോൺഫറൻസ് പോലുള്ള പരിപാടികളിൽ യുവാക്കൾ ഇടപഴകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഫിനാൻസ് കമ്മിറ്റി അംഗം ബിന്ദു റിനു കോൺഫറൻസിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് സംസാരിച്ചു. വ്യക്തിഗത, ബിസിനസ് പരസ്യങ്ങളുടെ വിശദാംശങ്ങളും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ എല്ലാ വീടുകളിലും സുവനീർ എത്തിച്ചേരുന്നതും ബിന്ദു റിനു ഓർമ്മിപ്പിച്ചു. രജിസ്ട്രേഷൻ കമ്മിറ്റിയുടെ ഭാഗമായ അജു ഏബ്രഹാം കോൺഫറൻസിലെ അനുഭവങ്ങൾ സംസാരിച്ചു. എന്റർടൈൻമെന്റ് സെഷന്റെ വിശദാംശങ്ങളും അദ്ദേഹം നല്കി.

ഇടവകയിലെ രജിസ്ട്രേഷന് ഫാ. ഡോ. രാജു വർഗീസ് തന്നെ തുടക്കമിട്ടു. ഇതിനെത്തുടർന്ന് നിരവധി സ്പോൺസർഷിപ്പുകളും രജിസ്ട്രേഷനുകളും ലഭിച്ചു. ഗോൾഡ് സ്പോൺസർമാരായി സജി എം. പോത്തൻ (മുൻ ഭദ്രാസന കൗൺസിൽ അംഗം), ഏബ്രഹാം പോത്തൻ (ഇടവക ട്രസ്റ്റി ആൻഡ് ഘോഷയാത്ര കമ്മിറ്റി അംഗം), ഫിലിപ്പോസ് ഫിലിപ്പ് (മലങ്കരസഭ മുൻ മാനേജിങ് കമ്മിറ്റി അംഗം), ജീമോൻ വർഗീസ് (മുൻ കോൺഫറൻസ് ട്രഷറർ ആൻഡ് ഫിനാൻസ് കമ്മിറ്റി അംഗം) എന്നിവർ പിന്തുണ അറിയിച്ചു. ഗ്രാൻഡ് സ്പോൺസർമാരായി സാജു ജോർജ്, ജോൺ ജേക്കബ് (സൺഡേ സ്കൂൾ ഭദ്രാസന ട്രഷറർ) എന്നിവരും പിന്തുണ വാഗ്ദാനം നല്കി.

മുൻ കോൺഫറൻസ് സെക്രട്ടറി കൂടിയായ സൂസൻ വർഗീസ് (കൊച്ചമ്മ) യുവാക്കൾക്കിടയിൽ നേതൃത്വത്തെ വളർത്തുന്നതിൽ കോൺഫറൻസ് വഹിച്ച സുപ്രധാന പങ്കിനെക്കുറിച്ച് പരാമർശിച്ചു. ജെറമിയ ജെയിംസ് (ഇടവക സെക്രട്ടറി), സാജു വർഗീസ് (ഇടവക ജോയിന്റ് സെക്രട്ടറി), അജിത് ഏബ്രഹാം (ഇടവക ജോയിന്റ് ട്രസ്റ്റി), ജോൺ വർഗീസ് (കോൺഫറൻസ് ഘോഷയാത്രാ കമ്മിറ്റി അംഗം), ബെന്നി കുര്യൻ (മുൻ സുവനീർ എഡിറ്റർ), ലിസി ഫിലിപ്പ് (ഭദ്രാസന എംഎംവിഎസ് ഓഡിറ്റർ) എന്നിവരും വേദിയിൽ ഉണ്ടായിരുന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി), റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), റവ. ഡീക്കൺ ജോൺ (ജോഷ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ.ഡീക്കൺ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസം

**ഉമ്മൻ കാപ്പിൽ**

ഗകർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pligrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ) -914 806 4595, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917 533 3566 എന്നിവരുമായി ബന്ധപ്പെടുക.

# സർക്കാർ അപേക്ഷകളിൽ ലിംഗ നിഷ്പക്ഷത

തിരുവനന്തപുരം: സർക്കാർ അപേക്ഷാ ഫോമുകളിൽ അടിയന്തരമായി ലിംഗ നിഷ്പക്ഷത സ്വീകരിക്കാൻ ഉദ്യോഗസ്ഥ, ഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ. ഇതനുസരിച്ച് ഭാര്യ/ഭർത്താവ് എന്നതിനു പകരം ജീവിതപങ്കാളി എന്നു പ്രയോഗിക്കണമെന്നു സർക്കാർ നിർദ്ദേശിച്ചു. വ്യക്തികളുടെ പരിമിതികൾ പ്രകടമാക്കുന്ന പേരുകളും ഒഴിവാക്കും. ആദ്യപടിയായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷന്റെ (കേരള സ്റ്റേറ്റ് ഹാൻഡികേപ്ഡ് പഴ്സൻസ് വെൽഫെയർ കോർപറേഷൻ) പേരാണ് മാറുക. പകരം കേരള സ്റ്റേറ്റ് ഡിഫറന്റ്‌ലി ഏബിൾഡ് വെൽഫെയർ കോർപറേഷൻ എന്നാക്കാൻ നിർദേശിച്ചു. ബൈലോ ഭേദഗതി ചെയ്ത് പുതിയ പേരു സ്വീകരിക്കുമെന്ന് ചെയർപേഴ്സൺ ജയ ഡാളി അറിയിച്ചു. വിവേചനം നിലനില്ക്കുന്ന മറ്റു പേരുകളുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് നിർദേശിക്കാമെന്ന് ഭാഷാവകുപ്പ് അറിയിച്ചു. സർക്കാർ അപേക്ഷകളിൽ വ്യക്തിക്ക് ഒന്നിലധികം രക്ഷാകർത്താക്കളുണ്ടെങ്കിൽ എല്ലാവരുടെയും പേരുകൾ രേഖപ്പെടുത്താൻ അവസരം നല്കണം. അപേക്ഷകൾക്ക് ഒടുവിൽ 'താഴ്മയായി അപേക്ഷിക്കുന്നു' എന്ന പ്രയോഗവും വേണ്ട. പകരം 'അഭ്യർത്ഥിക്കുന്നു' അല്ലെങ്കിൽ 'അപേക്ഷിക്കുന്നു' എന്നു മതിയാകും. പിന്നാക്ക വിഭാഗങ്ങളെ സൂചിപ്പിക്കുന്നതിനായി പ്രയോഗിക്കുന്ന 'കീഴാളർ' എന്ന പ്രയോഗം ഒഴിവാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

# വയനാട്: ഹർത്താലിനെ വിമർശിച്ച് ഹൈക്കോടതി

കൊച്ചി: കേന്ദ്രസഹായം നിഷേധിച്ചതിന്റെ പേരിൽ വയനാട്ടിൽ മിന്നൽ ഹർത്താൽ നടത്തിയതിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. ഭരണ-പ്രതിപക്ഷങ്ങൾ സംയുക്തമായി മിന്നൽ ഹർത്താൽ നടത്തിയത് എത്ര ഉത്തരവാദിത്വമില്ലാത്ത പെരുമാറ്റമായിരുന്നു? എന്തു ഗുണമാണ് ഹർത്താൽ കൊണ്ടുണ്ടായത്? ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ ദൈവത്തിന്റെ സ്വന്തം നാടെന്നാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ, ദൈവത്തിനുപോലും അറിയില്ല, ഇവിടെ എന്താണ് നടക്കുന്നതെന്ന്-കോടതി പ്രതികരിച്ചു.

ചൂരൽമല-മുണ്ടക്കൈ ദുരന്തത്തെത്തുടർന്നുള്ള പുനർനിർമാണവുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കവേയാണ് ജസ്റ്റിസ് എ.ജെ. ജയശങ്കരൻ നമ്പ്യാരും ജസ്റ്റിസ് കെ.വി. ജയകുമാറും അടങ്ങിയ ഡിവിഷൻ ബെഞ്ച് ഹർത്താലിനെ വിമർശിച്ചത്.

വയനാടിന് കേന്ദ്രസഹായം നിഷേധിച്ചതിനോടുള്ള പ്രതിഷേധമായിരുന്നു ഹർത്താലെന്ന് സർക്കാർ അഭിഭാഷകൻ വിശദീകരിച്ചപ്പോൾ അതിന്റെ പേരിൽ എങ്ങനെ ഹർത്താലിനെ ന്യായീകരിക്കാൻ കഴിയുമെന്നായിരുന്നു കോടതിയുടെ പ്രതികരണം.

മിന്നൽ ഹർത്താൽ നടത്തരുതെന്ന് ഉത്തരവുള്ളതാണ്. മഹാത്മാ ഗാന്ധി സമരം നടത്തിയത് വിദേശശക്തികൾക്കെതിരേയായിരുന്നു.

എന്നാൽ, ഇപ്പോൾ ഹർത്താൽ നടത്തുന്നതിനെ ന്യായീകരിക്കാനാകില്ല. പ്രകൃതി ദുരന്തമാണോ ഹർത്താലാണോ വലിയ ദുരന്തം? വയനാട്ടിലെ തെരഞ്ഞെടുപ്പിനു മുമ്പ് ഹർത്താൽ നടത്തിയില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഹർത്താൽ പ്രഖ്യാപിച്ചു. ഇത് ജനങ്ങളോടുള്ള ദ്രോഹമാണ്.

ഇക്കാര്യത്തിലൊക്കെ കുറച്ച് വിവേചനം വേണമെന്ന് ഭരണകക്ഷിയോടും പറ്റുമെങ്കിൽ പ്രതിപക്ഷത്തോടും പറയണമെന്നും അഡ്വക്കറ്റ് ജനറലിനെ അറിയിക്കാൻ കോടതി പറഞ്ഞു.

# കുറ്റപത്രം; അന്വേഷണം ആവശ്യപ്പെട്ട് ഹർജി

ന്യൂഡൽഹി: ശതകോടീശ്വരനും വ്യവസായ പ്രമുഖനുമായ ഗൗതം അദാനിക്കെതിരെ അമേരിക്കയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ അന്വേഷണം ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ ഹർജി.

അമേരിക്ക ആരോപിക്കുന്ന കുറ്റകൃത്യങ്ങൾ നടന്നത് ഇന്ത്യയിലായതിനാൽ വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് അഭിഭാഷകനായ വിശാൽ തിവാരിയാണ് ഹർജി സമർപ്പിച്ചത്. അമേരിക്കയിലെ കോടതിയിൽ അമേരിക്കൻ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ (എസ്ഇസി) സമർപ്പിച്ച കുറ്റപത്രത്തിൽ ഇന്ത്യൻ ഏജൻസികൾ അന്വേഷണം നടത്തണമെന്നാണ് ഹർജിയിലെ ആവശ്യം.

അദാനി ഗ്രൂപ്പിനെതിരെ ഹിൻഡൻബർഗ് നടത്തിയ ആരോപണങ്ങളിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് കഴിഞ്ഞ വർഷം നല്കിയ ഹർജിയോടൊപ്പമാണ് നിലവിലെ ഹർജിയും ഫയൽ ചെയ്തിരിക്കുന്നത്. ഹിൻഡൻബർഗ് ആരോപണങ്ങൾക്കെതിരെ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) നടത്തുന്ന അന്വേഷണങ്ങളിലെ അപാകതയും പുതിയ ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

ഈ വർഷം ഏപ്രിലിൽ അന്വേഷണം പൂർത്തിയാക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടും അന്വേഷണ റിപ്പോർട്ട് സെബി സമർപ്പിച്ചിട്ടില്ലെന്ന് ഹർജിയിൽ വ്യക്തമാക്കുന്നു. ഈ സാഹചര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിയാണ് ഇന്ത്യൻ ഏജൻസികൾ അന്വേഷണം നടത്തണമെന്നു ഹർജിയിൽ ആവശ്യപ്പെടുന്നത്.

# അദാനിക്കെതിരെ യുഎസിൽ കുറ്റപത്രം

ന്യൂഡൽഹി: ഇന്ത്യയിൽ വിവിധ സംസ്ഥാന സർക്കാരുകളിലെ ഉന്നതരുമായി 2,092 കോടി രൂപയുടെ കൈക്കൂലി ഇടപാട് നടത്തിയെന്നാരോപിച്ച് വ്യവസായി ഗൗതം അദാനിയടക്കം എട്ടു പേർക്കെതിരെ യുഎസ് കോടതിയിൽ കുറ്റപത്രം. ഗൗതം അദാനിക്കും സഹോദരപുത്രൻ സാഗർ അദാനിക്കുമെതിരെ കോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചതായി വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

അദാനി ഗ്രീൻ എനർജി കമ്പനി ഉല്പാദിപ്പിച്ച സൗരോർജ്ജം ഉയർന്ന വിലയ്ക്കു സംസ്ഥാനങ്ങൾ വാങ്ങാനായി കൈക്കൂലി നല്കിയെന്നാണ് കേസ്. ആന്ധ്രപ്രദേശ്, ഒഡീഷ, ജമ്മു കശ്മീർ, തമിഴ്നാട്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാന സർക്കാരുകളിലെ ഉന്നതരാണ് ഇതിൽ ഉൾപ്പെട്ടത്. കൈക്കൂലിക്കാര്യം മറച്ചുവെച്ച് യുഎസിൽ നിന്ന് അദാനി ഗ്രൂപ്പ് നിക്ഷേപസമാഹ



രണം നടത്തി. ഇത് യുഎസിലെ അഴിമതിവിരുദ്ധ നിയമത്തിനെതിരാണ്. ബോണ്ട് തട്ടിപ്പ് അടക്കം അഞ്ച് കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. യുഎസ് അഴിമതിവിരുദ്ധ നിയമപ്രകാരം കമ്പനികൾ ബിസിനസ് നേട്ടങ്ങൾക്കായി വിദേശ സർക്കാർ പ്രതിനിധികൾക്ക് കൈക്കൂലി നല്കുന്നത് നിയമവിരുദ്ധമാണ്. ഇതു മറച്ചുവെച്ച് നിക്ഷേപം സമാഹരിക്കാനും പാടില്ല.

ആരോപണങ്ങൾ അദാനി ഗ്രൂപ്പ് തള്ളി. വിവാദങ്ങളുടെ പശ്ചാത്തലത്തിൽ അദാനി ഗ്രീൻ എനർജിയുടെ ബോണ്ട് വില്പന നിർത്തിവെക്കുന്നതായും കമ്പനി അറിയിച്ചു. വാർത്ത പുറത്തുവന്നതോടെ അദാനി ഗ്രൂപ്പിൽ ഉൾപ്പെട്ട ഓഹരികൾക്ക് 20 ശതമാനം വരെ വിലയിടിവ് നേരിട്ടു. ഗ്രൂപ്പ് ഓഹരികളുടെ ആകെ വിപണിമൂല്യത്തിൽ ഒറ്റദിവസംകൊണ്ട് സംഭവിച്ച നഷ്ടം 2,00,000 കോടി രൂപയുടേതാണ്.

# സാമ്പത്തികപ്രതിസന്ധി സർക്കാർ ഓഫീസുകൾ ചെലവു ചുരുക്കുന്നു

തിരുവനന്തപുരം: കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമായതോടെ കോവിഡിനുശേഷം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഒരു വർഷം കൂടി തുടരാൻ ധനവകുപ്പ് ഉത്തരവ്. ഈ ഒരുവർഷത്തേക്ക് സർക്കാരിനു കീഴിലുള്ള ഒരു വകുപ്പും ഫർണീച്ചറുകളോ വാഹനങ്ങളോ വാങ്ങാൻ പാടില്ല. സർക്കാർ കെട്ടിടങ്ങൾ മോടി പിടിപ്പിക്കുന്നതിനുള്ള വിലക്കും തുടരും. ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാൻ സർക്കാർ പെടാപ്പാട് പെടുന്നതിനിടെയാണ് കഴിഞ്ഞ എട്ടാംതീയതി മുതൽ ഒരു വർഷത്തേക്കു സാമ്പത്തിക നിയന്ത്രണം നീട്ടി ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ. ജയതിലക് ഉത്തരവിറക്കിയത്. കോവിഡ് പശ്ചാത്തലത്തിൽ 2020-ൽ സർക്കാർ പ്രഖ്യാപിച്ച നിയന്ത്രണമാണ് ഇപ്പോഴും തുടരുന്നത്. അന്ന് ഒരുവർഷത്തേക്കു കൊണ്ടുവന്ന നിയന്ത്രണം പ്രതിസന്ധിക്ക് അയവില്ലാത്ത സാഹചര്യത്തിൽ തുടർന്ന് ഓരോ വർഷവും നീട്ടുകയായിരുന്നു. ഇക്കുറി വാർഷിക പദ്ധതി അടങ്കൽ പകുതിയോളം വെട്ടിക്കുറയ്ക്കുന്നതുവരെ എത്തി കാര്യങ്ങൾ. മുൻവർഷങ്ങളിൽ ചെലവുകൾ മാറ്റിവെക്കുകയോ 25 മുതൽ 30 ശതമാനം വരെ അടങ്കൽ കുറയ്ക്കുകയോ ആണ് ചെയ്തിരുന്നത്. അധിക നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാരിന്റെ സാംസ്കാരിക പരിപാടിയായ 'കേരളീയം' ഇത്തവണ വേണ്ടെന്നു വെക്കാനാണ് തീരുമാനമെന്നറിയുന്നു. പ്രതിസന്ധി ഇത്ര രൂക്ഷമാണെന്ന് ധനവകുപ്പുതന്നെ തുറന്നു സമ്മതിക്കുമ്പോഴും ധൂർത്തിനൊട്ട് കുറവില്ല. അടുത്തിടെ മന്ത്രിമന്ദിരങ്ങളുടെ മുഖം മിനുക്കാൻ ലക്ഷങ്ങളാണ് അനുവദിച്ചത്. പെൻഷൻ കൊടുക്കുന്നതുൾപ്പെടെയുള്ള ഓണച്ചെലവിനായി 753 കോടി രൂപ കേരളം കടമെടുത്തിരുന്നു. ഇതോടെ ഡിസംബർവരെ കേന്ദ്രസർക്കാർ എടുക്കാൻ അനുവദിച്ച 21,253 കോടി രൂപയുടെ വായ്പ മുഴുവൻ എടുത്തുതീർന്നു. ഇനിയും കടമെടുക്കാനാകില്ല. എന്നാൽ, പബ്ലിക് അക്കൗണ്ടിൽ എജിയുടെ അന്തിമ കണക്കനുസരിച്ച് നാലായിരം കോടി രൂപയ്ക്കുകൂടി അർഹതയുണ്ടെന്നാണു ധനവകുപ്പ് പറയുന്നത്. ഇതിനുള്ള അപേക്ഷയും സമർപ്പിച്ചുള്ള കാത്തിരിപ്പിലാണ് കേരളം.

## ട്രംപ് ഡാൻസും...

(23-ാം പേജിൽനിന്നും)

അമേരിക്കൻ ജനത പെറുക്കി എടുക്കുകയാണ്. ഇതു കാണുമ്പോൾ എതിരാളി വിറളിപൂണ്ട് തലങ്ങും വിലങ്ങും ഓടുകയാണ്. പ്രതീക്ഷയുടെയും പ്രവൃത്തിയുടെയും ദിനങ്ങളാണ് മുമ്പിലുള്ളത്.

നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ അവസാനത്തോളം അതിനെ തികയ്ക്കും എന്ന് ദൈവം അരുളിച്ചെയ്തെങ്കിൽ അമേരിക്കയുടെ നല്ല ദിനങ്ങൾ ഇതാ വാതുക്കൽ നിൽക്കുന്നു.

ദാവീദ് നൃത്തമോ ട്രംപ് നൃത്തമോ ആയിക്കൊള്ളട്ടെ നമുക്കതിനെ സന്തോഷത്തോടെ വരവേല്ക്കാം. കൈപ്പത്തിപോലെ ഒരു മേഘം നമ്മുടെ കണ്ണുകളിൽ തെളിയട്ടെ. മഞ്ഞും മഴയും ദേശത്ത് ദൈവമയക്കട്ടെ. ആകാശം ചെമ്പായും ഭൂമി ഇരുമ്പായും മാറാതിരിക്കട്ടെ. ദേശം പുകഴ്ചയ്ക്കും കീർത്തിക്കും മാനത്തിനും ഒരു മുഖാന്തരമായി തീരട്ടെ!

## സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതം

(23-ാം പേജിൽനിന്നും)

നിശ്ചയമായും നാം കൃതജ്ഞതയുള്ളവരാകേണം. ചില മനുഷ്യർ നന്ദിക്കു പകരം നിന്ദിക്കുന്നവരാണ്. പലപ്പോഴും റൈഡ് കൊടുക്കുകയും അത്യാവശ്യ സമയത്ത് സഹായിക്കുകയും ചെയ്തിട്ടുള്ളവർ പോലും അകാരണമായി വേദനിപ്പിക്കുമ്പോൾ, പ്രശ്നങ്ങൾ ഉണ്ടാക്കുമ്പോൾ ഞാൻ വേദനിച്ചിട്ടുണ്ട്. കരഞ്ഞിട്ടുണ്ട്. ഒരു വാക്കുപോലും മറുപടി പറഞ്ഞിട്ടില്ല. അസൂയയാണ് ഇതിനു പിന്നിലെന്ന് എനിക്കറിയാം. പക്ഷേ, കേൾക്കാനും കാണാനും ഒരു ദൈവമുണ്ടെന്നത് ആശ്വാസമാണ്. പ്രവൃത്തി കൂടാത്ത നന്ദിപ്രകടനം വ്യർത്ഥമാണ്. ഏഴ് ഭൂതങ്ങൾ ബാധിച്ച മഗ്ദലന മറിയയെ യേശുതമ്പുരാൻ സൗഖ്യമാക്കി. വിലയേറിയ സുഗന്ധതൈലം വാങ്ങി യേശുവിന്റെ കാലിൽ പൂശി, തലമുടികൊണ്ട് യേശുവിന്റെ കാൽ തുടച്ചു. മുന്നൂറു വെള്ളിക്കാശ് വിലപിടിപ്പുള്ള സുഗന്ധതൈലമാണവൾ പൂശിയത്. മുന്നൂറു ദിവസത്തെ പണിക്കൂലിയാണതെന്നോർക്കണം.

ദൈവം നമ്മെ സ്നേഹിക്കുന്നു, കരുതുന്നു. ദൈവത്തിനു നാമെന്തു ചെയ്യുന്നു. നന്ദിയോടെ ദൈവത്തെ സ്തുതിക്കുക. കീർത്തനങ്ങൾ ആലപിച്ചു മഹത്വപ്പെടുത്തുക. ഈ എളിയവരിൽ ഒരുവനോട് ചെയ്യുന്നത് എന്നോടാണെന്നു പറഞ്ഞ ദൈവം എളിയവരെ സ്നേഹിക്കുന്നു. നാം എളിയവരെ ആദരിക്കേണം. അവർക്ക് നന്മ ചെയ്യേണം. അനാഥരെയും വിധവകളെയും പരിപാലിക്കണം. നന്മ ചെയ്യാൻ പ്രാപ്തിയുള്ളപ്പോൾ അതിന് അർഹരായിരിക്കുന്നവർക്ക് ചെയ്തുകൊടുക്കണം. ഈ താങ്ക്സ് ഗിവിംഗ് ഡേ എന്തുകൊണ്ടും അനുഗ്രഹമാക്കിത്തീർക്കുക. തിന്നുകുടിച്ചു മദിച്ചുല്ലസിപ്പാനല്ല നന്ദിയുള്ള ഹൃദയത്തോടെ ദൈവത്തിനും മനുഷ്യർക്കും യോഗ്യമായ വിധത്തിൽ നമ്മുടെ സമയങ്ങൾ ചെലവഴിക്കാൻ ശ്രദ്ധിക്കാം. മംഗളങ്ങൾ അർപ്പിക്കുന്നു.

## ഫൊറോന ഫെസ്റ്റ് വിജയകരമായി നടത്തപ്പെട്ടു

(13-ാം പേജിൽനിന്നും)

പ്രസംഗം (56+ വയസ്സ്): ഒന്നാം സമ്മാനം തോമസ് പൗവത്തിൽ (ലോസാഞ്ചലസ്), രണ്ടാം സമ്മാനം രാജു ചെമ്മാച്ചേരിൽ (സാൻഹൊസ), മൂന്നാം സമ്മാനം ബാബു ചെട്ടിയാത്ത് (ലോസാഞ്ചലസ്).

പാട്ട് (1-4 ഗ്രേഡ്): ഒന്നാം സമ്മാനം കേയ്റ്റിലിൻ ചാമക്കാല (ലോസാഞ്ചലസ്), രണ്ടാം സമ്മാനം എമ്മി വള്ളിപ്പടവിൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം അഥീന ചെറുകര (സാൻഹൊസെ).

പാട്ട് (5-8 ഗ്രേഡ്): ഒന്നാം സമ്മാനം എലീസ അപ്പോഴിയിൽ (ലോസാഞ്ചലസ്), രണ്ടാം സമ്മാനം എല്ല മണലേൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം ജറാഡ് കണ്ണാലയിൽ (സാൻഹൊസെ).

പാട്ട് (9-12 ഗ്രേഡ്): ഒന്നാം സമ്മാനം ജയിഡൻ ഇല്ലിക്കാട്ടിൽ (സാക്രമെന്റോ), രണ്ടാം സമ്മാനം ഇവാ മണലേൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം ലിസ അമ്മായിക്കുന്നേൽ (ലോസാഞ്ചലസ്).

പാട്ട് (19-35 വയസ്സ്): ഒന്നാം സമ്മാനം റ്റാനിയ കുടിലിൽ (സാൻഹൊസെ), രണ്ടാം സമ്മാനം ജിക്സ പുതുപ്പറമ്പിൽ (സാൻഹൊസെ), മൂന്നാം സമ്മാനം ട്രീസാ കൊക്കരവാലേൽ (സാക്രമെന്റോ).

പാട്ട് (36-55 വയസ്സ്): ഒന്നാം സമ്മാനം റ്റീനാ മാനുങ്കൽ (ലോസാഞ്ചലസ്), രണ്ടാം സമ്മാനം മാത്യുക്കുട്ടി അമ്മായിക്കുന്നേൽ (ലോസാഞ്ചലസ്), മൂന്നാം സമ്മാനം സ്റ്റീഫൻ മരുതനാടിയിൽ (സാൻഹൊസെ).

പാട്ട് (56+ വയസ്സ്): ഒന്നാം സമ്മാനം ബാബു ചെട്ടിയാത്ത് (ലോസാഞ്ചലസ്), ഫിലിപ്പ് ചെമ്മരപ്പള്ളിൽ (സാൻഹൊസെ), രണ്ടാം സമ്മാനം സ്റ്റീഫൻ കുടിലിൽ (സാൻഹൊസെ), ബെന്നി ഇല്ലിക്കാട്ടിൽ (സാക്രമെന്റോ), മൂന്നാം സമ്മാനം മേരിക്കുട്ടി ചാഴികാട്ട് (ലോസാഞ്ചലസ്).

## നന്ദിയുള്ളവരായിരിക്കുക

(22-ാം പേജിൽനിന്നും)

ഇന്ന് അമിതഭക്ഷണങ്ങളാലും ആചാരാനുഷ്ഠാനങ്ങളാലും ദൈവത്തെ കോപിപ്പിക്കുന്ന രീതിയിലുള്ള ചടങ്ങുകളാകുന്നു എന്നത് ദുഃഖത്തോടെ ഓർക്കുന്നു. നന്ദിദിനത്തിൽ ഒരുനേരം പോലും തൃപ്തിയായി ആഹാരം കഴിച്ചു വിശപ്പു മാറ്റാനാകാത്തവരെ ഓർക്കാറുണ്ടോ. അമിതമായി ലഹരിപദാർത്ഥങ്ങൾ കഴിച്ച് ബോധമില്ലാതെ വഴക്കടിച്ചും വാഹനങ്ങൾ ഓടിച്ചും അപകടമരണങ്ങൾക്കിടയാക്കുന്നതാണോ നന്ദിദിനാഘോഷം? അമേരിക്കയിൽ ഏറ്റവും കൂടുതൽ വാഹനാപകടങ്ങളുണ്ടാകുന്നത് നന്ദിദിനത്തിലാണ് എന്നത് ഏറെ ദുഃഖകരവും. കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും കൂടിവന്ന് സൗഹൃദം പങ്കുവെച്ച് സന്തോഷിച്ച് ദൈവത്തെ പാടിസ്തുതിച്ച് നന്ദി പറഞ്ഞിരുന്ന സ്ഥാനത്ത് വഴക്കും പിണക്കവും വേർപിരിയലുമൊക്കെ ആയാലോ? നന്ദിദിനത്തിന്റെ ആരംഭത്തെക്കുറിച്ചു ഇളംതലമുറകളുമായി പങ്കുവെച്ച് അവരെ ദൈവത്തോട് കൂടുതൽ നന്ദിയുള്ളവരായി ജീവിക്കേണ്ടതിനെക്കുറിച്ച് ബോധവത്കരിക്കാൻ മാതാപിതാക്കൾ മാതൃകകൾ കാണിച്ചുകൊടുക്കണം.

ഭവനങ്ങളിൽ മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് സല്ലപിക്കുകയും ഉള്ളുതുറന്നു സംസാരിച്ച് അന്യോന്യം ആശയവിനിമയം ചെയ്യുകയും ഭക്ഷിച്ചും പാനം ചെയ്തും പ്രാർത്ഥിച്ചും ആരാധിച്ചും ദൈവത്തിനു നന്ദിപറഞ്ഞ് ജീവിക്കുകയും ചെയ്യുന്ന രീതി ഭവനങ്ങളിലുണ്ടാകേണ്ടിയിരിക്കുന്നു. ഏതു രാജ്യമായാലും ഏതു മതമായാലും വിശ്വാസമായാലും ജാതിയായാലും നമ്മുടെയൊക്കെ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും മൂല്യങ്ങളും അടിസ്ഥാനോപദേശങ്ങളും നമ്മുടെ തലമുറകൾക്കു പങ്കുവെച്ച് വിവരിക്കേണ്ടതായ ചുമതല മാതാപിതാക്കൾക്കുണ്ട്.

എല്ലാറ്റിനുമുപരിയായി ഈശ്വരവിശ്വാസം, ഈശ്വരഭക്തി, പ്രാർത്ഥന, ആരാധന, നന്ദിനിറഞ്ഞ ഹൃദയം ഇവ കുഞ്ഞുങ്ങളെ ബാല്യകാലം മുതലേ അഭ്യസിപ്പിക്കുക. അവരത് ജീവിതകാലം മുഴുവൻ ആചരിച്ചോളും. അതാകുന്നു ഏറ്റവും വിലപ്പെട്ട സമ്പത്ത് എന്നോർത്ത് നമുക്ക് നന്ദിയുള്ളവരായി ജീവിക്കാം.

## യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

(18-ാം പേജിൽനിന്നും)

റവ. ഡീക്കൺ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pligrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ)-914 806 4595, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917 533 3566 എന്നിവരുമായി ബന്ധപ്പെടുക.


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque  Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX.  Exp. Date ______

CARD ACCOUNT NUMBER

SEC. CODE:


Please make the Cheque payable to

KERALA EXPRESS


3425 CLEVELAND ST, SKOKIE, ILLINOIS 60076


630 728 7956 FAX : 773 304 1917

Subscription fee non-refundable


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# Kerala's Best Senior Living options from Travancore Foundation

Since 2009, Travancore Foundation has been providing quality Senior Care in the state of Kerala.

We are proud to offer you choicest locations where the finest Quality Senior Living space with unmatched Senior care services in Kerala.

15 Years of Serving Seniors

## Experience the difference

SENIOR CARE AT ITS BEST




A Collaboration Between Travancore Foundation & Gramika Initiatives LLP

OTHER PROJECTS


Mission Valley, Karukachal, Kottayam


Rahel Homes, Kolencherry, Erakulam


Persidency Homes, Erakulam

TRAVANCORE FOUNDATION® Senior Care at its Best

Gramika Initiatives LLP

FOR DETAILS PLEASE CONTACT


Mr. Jiji Philip
CEO
+91 95447 17070


Mr. Joy Kuttiyani
Vice Chairman
954-708-6614

E-mail: info@travancorefoundation.com • www.travancorefoundation.com


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**